

എ.കെ. ബ്രോഹി

# മനുഷ്യാവകാശങ്ങൾ ഇസ്‌ലാമിൽ

# മനുഷ്യാവകാശങ്ങൾ ഇസ്‌ലാമിൽ

എ.കെ. ബ്രോഹി

വിവർത്തനം
എ.പി. കുഞ്ഞാമു

ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസ്
കോഴിക്കോട്, തിരുവനന്തപുരം, എറണാകുളം, തൃശൂർ

**MANUSHYAVAKASHANGAL ISLAMIL** *(Malayalam)*
(Ethics)
By A.K. BROHI
*Translator:* A.P. Kunhamu
Publishers:
**ISLAMIC PUBLISHING HOUSE,**
P.O. Merikkunnu, Kozhikode- 673 012
Kerala State, India
E-mail : iphdir@eth.net
First Published : June 1984
Fourth Edition : November 2004
Cover: Sameer Chennamangallur
Typesetting : I.P.H. DTP Centre
Printers: Malabar Offset, Calicut
Rights with the Publishers

**Distribution:**
**I.P.H, M.P. Road, Kozhikode - 673 001, E-mail : iphcalicut@eth.net**
**I.P.H, Islamic Centre, Market lane, Palayam, Thiruvananthapuram - 695 034**
**I.P.H, Madeena Masjid Complex, Padma Jn., Pullepady, Kochi- 682035**
**I.P.H, I.P.H. Tower, P.O. Road, Thrissur-1**

**Price Rs : 20.00**

MAI Sub 17, SN 169/10000 TC 19000 ISBN 81-8271-058-8

# ആമുഖം

ഇസ്‌ലാമിൽ മനുഷ്യാവകാശങ്ങൾ എങ്ങനെ അംഗീകരിക്കുകയും നടപ്പിലാക്കുകയും ചെയ്യാം എന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെ നേരിട്ട് ബാധിക്കുന്ന നിയമസങ്കല്പങ്ങളെക്കുറിച്ച പഠനം നടത്തുന്നതിനുവേണ്ടി, ഇസ്‌ലാമിക നിയമത്തിന്റെ സ്വഭാവം, പ്രവർത്തനങ്ങൾ, വ്യാപ്തി എന്നിവ അവതരിപ്പിക്കാനുള്ള ഒരു ശ്രമമാണ് ഇത്. മനുഷ്യാവകാശ സങ്കല്പങ്ങൾ വ്യക്തമാക്കുന്ന കാര്യത്തിൽ ഇസ്‌ലാമിക നിയമശാസ്ത്രം നല്കിയ സംഭാവനകളെ സംബന്ധിച്ചിടത്തോളം ഒരാൾ തീർച്ചയായും മനുഷ്യരാശിയുടെ സാർവലൗകിക മതമാണ് ഇസ്‌ലാം എന്ന അടിസ്ഥാനത്തിൽ ചിന്തിക്കേണ്ടതുണ്ട്. ഇസ്‌ലാം നവീനമോ വിപ്ലവാത്മകമോ ആയ ഒരു സിദ്ധാന്തമാണെന്ന് ഒരിക്കലും അവകാശപ്പെടുന്നില്ല; പകരം പണ്ടു മുതലേ നിലനിന്നുപോന്നിരുന്ന, മനുഷ്യരാശിയുടെ മതപാരമ്പര്യം വീണ്ടുമുറപ്പിക്കുക എന്ന നിലക്കുള്ള വ്യക്തമായ ഒരു നിലപാടാണ് അതെടുത്തിട്ടുള്ളത്. മനുഷ്യന് പ്രപഞ്ചവുമായുള്ള ബന്ധത്തെക്കുറിച്ചും മനുഷ്യസൃഷ്ടിയുടെ ഉദ്ദേശ്യത്തെക്കുറിച്ചും മനസ്സിലാക്കുവാനുള്ള ഏകാവലംബം ദൈവാസ്തിത്വമാണെന്ന നിലപാട് ഇസ്‌ലാം പുലർത്തുന്നു. ആ അർഥത്തിൽ ഇസ്‌ലാമിന്റെ പരിപ്രേക്ഷ്യം പൂർണമായും ദൈവത്തിൽ കേന്ദ്രീകൃതമാണ്.

ഈ പ്രബന്ധം മൂന്ന് പ്രധാന ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ആദ്യഭാഗം ഇസ്‌ലാമിക നിയമത്തിന്റെ സ്വഭാവത്തെക്കുറിച്ചും അതിന്റെ ഉറവിടങ്ങളെക്കുറിച്ചും പ്രതിപാദിക്കുകയും ക്രൈസ്തവ-യഹൂദ പാരമ്പര്യങ്ങളുടെ പശ്ചാത്തലത്തിൽ അതിന്റെ തത്ത്വങ്ങളെക്കുറിച്ചുള്ള ഒരു താരതമ്യപഠനം നടത്തുകയും ചെയ്യുന്നു. ഖുർആനും സുന്നത്തും ആധുനിക പാശ്ചാത്യപണ്ഡിതർ എങ്ങനെ നോക്കിക്കണ്ടു എന്നതിനെക്കുറിച്ച് രണ്ടാം ഭാഗം കുറേക്കൂടി വ്യക്തമായി പരാമർശിക്കുന്നു. ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങളായ, ഖുർആന്റെ ദൈവവചനമെന്ന നിലക്കുള്ള മൗലികതയെക്കുറിച്ചും ഹദീസിന്റെ വിശ്വാസ്യതയെക്കുറിച്ചും പാശ്ചാത്യ പണ്ഡിതർ അടിസ്ഥാനമൊന്നും കൂടാതെ തന്നെ പൂർണമായും നിഷേധാത്മകമല്ലെന്നാൽപോലും ദോഷൈക ദർശനത്തിലൂന്നി നിന്നുകൊണ്ടുള്ള ഒരു നിലപാടാണെടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കാനുള്ള ഒരു ശ്രമം ഇവിടെയുണ്ട്. മൂന്നാം ഭാഗത്തിൽ ഇസ്‌ലാമിലെ നീതി സങ്കല്പങ്ങളെക്കുറിച്ചും ഖുർആനും നബിചര്യയും അതിനു നൽകിയ മൂല്യത്തെക്കുറിച്ചും ഈ വിശാലമായ നീതിസങ്കല്പം മനുഷ്യാവകാശങ്ങളെക്കുറിച്ചുള്ള നിയമശാസ്ത്ര സിദ്ധാന്തങ്ങൾക്ക് എന്തെല്ലാം സംഭാവനകൾ നൽകി എന്നതിനെക്കുറിച്ചും അവയുടെ ഉള്ളടക്കം, അർഥം, വ്യാപ്തി, വിശ്വാസികളെ സംബന്ധിച്ചേടത്തോളം അവക്കുള്ള പവിത്രത എന്നിവയെക്കുറിച്ചും വിശദമായ ചർച്ചകൾ നടത്തുന്നു.

## എ.കെ. ബ്രോഹി (1915 – 1987)

ലോകപ്രശസ്ത അഭിഭാഷകനും നിയമവിദഗ്ധനുമായ എ.കെ. ബ്രോഹി പാകിസ്ഥാൻ ഗവൺമെന്റിൽ മന്ത്രിസ്ഥാനമടക്കം നിരവധി ഔദ്യോഗിക പദവികൾ വഹിച്ചിട്ടുണ്ട്. ജനറൽ സിയാവുൽ ഹഖിന്റെ ഭരണകാലത്ത് ഖുർആൻ-ശാസ്ത്ര സമന്വയത്തിനു വേണ്ടി നിലകൊണ്ട ഒരു പുതിയ ഭരണവർഗത്തിന്റെ പ്രധാന വക്താവായിരുന്നു അദ്ദേഹം. വിവിധ സെമിനാറുകളിലും സമ്മേളനങ്ങളിലും നടത്തിയ അദ്ദേഹത്തിന്റെ ഒട്ടേറെ മുഖ്യപ്രഭാഷണങ്ങൾ പുസ്തകങ്ങളാക്കപ്പെട്ടിട്ടുണ്ട്. ഇസ്ലാം ഇൻ മോഡേൺ വേൾഡ്, ഏ ഫെയ്ത്ത് ടു ലിവ് ബൈ, അഡ്വഞ്ചേർസ് ഇൻ സെൽഫ് എക്സ്പ്രഷൻ എന്നിവ അവയിൽ ചിലതാണ്.

# ഇസ്‌ലാമികനിയമത്തിന്റെ സ്വഭാവവും മനുഷ്യാവകാശ സങ്കല്പവും

എഴുത്തും വായനയും വശമില്ലാത്തവർ(ഉമ്മിയ്യ്)ക്കിടയിൽ നിന്ന് ഇസ്‌ലാമിന്റെ പ്രവാചകൻ ഉയിർത്തെഴുന്നേല്പിക്കപ്പെട്ടു എന്നാണ് ഖുർആൻ പറയുന്നത്. വിഗ്രഹാരാധകരായ മക്കക്കാരോട് ദൈവികസന്ദേശം പ്രബോധനം ചെയ്യാനുള്ള ആഹ്വാനം പ്രവാചകന് തന്റെ നാല്പതാമത്തെ വയസ്സിൽ ലഭിച്ചു. നഗരത്തിലെ ജനത മുഖ്യമായും ബിംബാരാധകരായ ബഹുദൈവവിശ്വാസികൾ ആയിരുന്നു. അവർക്ക് പുറമെ കുറച്ച് യഹൂദരും ക്രിസ്ത്യാനികളുമുണ്ടായിരുന്നു. എന്നാലും അറബികൾ ഏതാണ്ടെല്ലാവരും വിഗ്രഹാരാധകർ തന്നെയായിരുന്നു. തങ്ങളുടെ പ്രവാചകരിൽനിന്ന് ലഭിച്ചവ എന്ന് യഹൂദരും ക്രിസ്ത്യാനികളും അവകാശപ്പെട്ടിരുന്ന നിയമങ്ങൾ അന്ന് നിലവിലുണ്ടായിരുന്നു. പക്ഷേ, അവയെല്ലാം മറികടന്നുകൊണ്ട് അക്കാലത്തെ അറേബ്യയിൽ നിലനിന്നിരുന്ന വിഗ്രഹാരാധകരുടെ പ്രവർത്തന രീതികളിൽനിന്നുദ്ഭവിച്ച ഗോത്രനിയമങ്ങളായിരുന്നു വ്യക്തിജീവിതത്തിലും പൊതുജീവിതത്തിലും പ്രധാനം. അറേബ്യയിലെ ജനങ്ങൾ അക്കാലത്ത് മുഖ്യമായും രണ്ടു വിഭാഗത്തിൽപ്പെട്ടവരായിരുന്നു– മരുഭൂമിയിൽ കഴിയുന്നവരും നഗരവാസികളും. അവർ ഗോത്രങ്ങളും ഉപഗോത്രങ്ങളും വർഗങ്ങളും കുടുംബങ്ങളുമായിപ്പിരിഞ്ഞു. ആക്രമിക്കാനും പ്രതിരോധിക്കാനും വേണ്ടി അവർ പരസ്പരം ഏറ്റുമുട്ടിയിരുന്നു. പലപ്പോഴും പരസ്പരം കലഹിച്ചു. രക്തച്ചൊരിച്ചിലും കുടിപ്പകയും പ്രതികാരദാഹവും തിരിച്ചടികളുമെല്ലാം ആ കാലഘട്ടത്തിന്റെ പ്രത്യേകതകളായിരുന്നു. വ്യക്തിക്ക് യാതൊരുവിധ അവകാശങ്ങളുമുണ്ടായിരുന്നില്ല. താനുൾക്കൊള്ളുന്ന ഗോത്രത്തിൽനിന്ന് അയാൾ ശക്തി ഉൾക്കൊണ്ടു. ഈ ഗോത്രങ്ങളാകട്ടെ തങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കാൻ വേണ്ടി സുരക്ഷിതത്വ ഉടമ്പടികളിലേർപ്പെടുകയും ചെയ്തു.

മരുഭൂമിയിലെ അറബികൾ അറിയപ്പെട്ടത് ബദവികളെന്നാണ്. ഇവർ

ഭക്ഷണവും പാർപ്പിടവും തേടി ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്ക് തങ്ങളുടെ താവളം മാറ്റിക്കൊണ്ട് നിരന്തരമായി അലഞ്ഞുനടക്കുകയായിരുന്നു. തിരക്കേറിയ വ്യാപാരകേന്ദ്രങ്ങളായ മക്കയിലും മദീനയിലും മറ്റു പ്രമുഖ നഗരങ്ങളിലും താമസിച്ചിരുന്ന ആളുകൾ താരതമ്യേന അടങ്ങിയൊതുങ്ങിക്കഴിഞ്ഞവരായിരുന്നു. അവരിൽ ഭൂരിപക്ഷവും വിഗ്രഹാരാധകരും എല്ലാ വിധത്തിലുള്ള അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും അടിമകളുമായിരുന്നു. ഇസ്‌ലാമിന്റെ പാളയത്തിലേക്ക് പ്രവേശിക്കാൻ ഭാഗ്യമുണ്ടായ അറബികൾ തങ്ങളുടെ ജീവിതം ആകപ്പാടെ പരിവർത്തന വിധേയമായിക്കണ്ടു. ഇസ്‌ലാമിന്റെ ആഗമനത്തിനു മുമ്പുള്ള കാലഘട്ടത്തെ 'അന്ധകാരത്തിന്റെ ദിനങ്ങൾ' എന്നു വിളിക്കാൻ മാത്രം പ്രചോദകമായിരുന്നു അവരെ സംബന്ധിച്ചേടത്തോളം ഈ മാറ്റം.

ഇസ്‌ലാം അവകാശപ്പെടുന്നത് അത് മുൻകാല ദൈവിക വെളിപാടുകൾ വീണ്ടും പരിശോധിച്ചുനോക്കുന്നു എന്നാണ്. ഇബ്റാഹീം നബിയുടെ മതത്തിന്റെ പൂർത്തീകരണമായി ഇസ്‌ലാം സ്വയം കരുതി. മുൻകാലത്തെ ദിവ്യവെളിപാടുകളെ പരിശോധിക്കുന്ന ഒരു ഗ്രന്ഥമാണ് എന്ന് ഖുർആൻ സ്വയം വിശേഷിപ്പിക്കുകയും ക്രിസ്ത്യാനികളെയും യഹൂദന്മാരെയും 'വേദത്തിന്റെ ആളുകൾ' എന്ന് വിളിക്കുകയും ചെയ്തു. ഇസ്‌ലാമിക രാഷ്ട്രീയ സംവിധാനത്തിൽ അവർക്കൊരു പ്രത്യേകപദവി അനുവദിച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. അത്രത്തോളം ഖുർആൻ മുൻകാല ദൈവികനിയമങ്ങളെ തിരുത്തിക്കുറിക്കുകയോ ലംഘിക്കുകയോ ചെയ്തിട്ടില്ലെന്നു പറയാം. ഇസ്‌ലാം ചെയ്തത് എന്താണെന്നാൽ, കാലാന്തരത്തിൽ ശരിയായ വിശ്വാസം, ശരിയായ പെരുമാറ്റരീതികൾ എന്ന ആ പഴയ തത്ത്വമുണ്ടല്ലോ, അതിൽ വ്യത്യാസങ്ങൾ വരുത്തുകയായിരുന്നു. പക്ഷേ, അതേ അവസരത്തിൽത്തന്നെ ദൈവത്തോടുകൂടിയ ആ മതത്തെ വിട്ടുവീഴ്ചയില്ലാതെത്തന്നെ ഇസ്‌ലാമായും, ആ സാർവത്രിക മതത്തിന്റെ പ്രവാചകരെ മുഴുവനും മുസ്‌ലിംകളായും കരുതി. ഈ പ്രവാചകരിൽ ചിലരുടെ പേരുകൾ ഖുർആനിൽ സൂചിപ്പിച്ചിട്ടുണ്ട്. ചിലരുടേത് പറഞ്ഞിട്ടില്ല. എല്ലാ മതതത്ത്വങ്ങളുടെയും അന്തസ്സത്ത ഒന്നുതന്നെയാണെന്ന് മതങ്ങളുടെ ചരിത്രം വ്യക്തമാക്കുന്നു. അവ വ്യക്തമാക്കിത്തരുന്ന ശരീഅത്തും (നിയമം) മിൻഹാജും (മാർഗം) മാറിക്കൊണ്ടിരിക്കുന്ന സാഹചര്യങ്ങൾക്കനുസരിച്ച് വ്യത്യാസപ്പെട്ടുകൊണ്ടിരിക്കുമെങ്കിലും ചരിത്രത്തിലെ ഓരോ വ്യതിരിക്ത കാലഘട്ടത്തിനും വ്യത്യസ്തങ്ങളായ ഭാഗധേയങ്ങളാണല്ലോ ഉള്ളത്. (لكل أجل كتاب)

അബ്രഹാമിന്റെയും മോശെയുടെയും നിയമങ്ങളിലും ക്രിസ്തീയ വേദങ്ങളിലും ഇസ്‌ലാമിക നിയമങ്ങളിലും പല വിഷയങ്ങളെക്കുറിച്ചും സമാന്തരരേഖകൾ വരക്കാവുന്നതാണ്. ഉദാഹരണത്തിന് Exodus-ലെ പ്രശസ്തമായ 22-ാം അധ്യായം 23,24 വരികളിൽ ഉള്ള "ജീവനു ജീവൻ, കണ്ണിന് കണ്ണ്, പല്ലിനു പല്ല്, കൈക്ക് കൈ, കാലിന് കാല്" എന്ന ഭാഗം ഖുർആ

നിലെ 5-ാം അധ്യായം 45-ാം സൂക്തത്തിൽ ആവർത്തിക്കപ്പെട്ടിരിക്കുന്നു.* ക്രിമിനൽ കുറ്റങ്ങൾക്ക് മാപ്പ് നല്കാനുള്ള വകുപ്പ് കൂടി ഖുർആൻ കൂട്ടിച്ചേർത്തിട്ടുണ്ടെന്ന് ഇവിടെ നമുക്ക് കാണാൻ കഴിയും. ഞാൻ മനസ്സിലാക്കിയേടത്തോളം പഴയനിയമത്തിൽ പറഞ്ഞിട്ടുള്ള കുറ്റങ്ങളെക്കുറിച്ചുള്ള നിയമം മാപ്പു നൽകാനുള്ള ഈ നിയമപരമായ അംശത്തെ എവിടെയും അംഗീകരിച്ചിട്ടുള്ളതായി തോന്നുന്നില്ല. രക്തബന്ധം കാരണം വിവാഹം നിരോധിക്കപ്പെട്ടവരുടെ പട്ടിക വ്യക്തമാക്കിയതിലും ചില്ലറ വ്യത്യാസങ്ങളോടെ ഈ സമാനത ദർശിക്കാവുന്നതാണ്.

ഖുർആൻ അവതീർണമാവുന്നതിനു മുമ്പ് നിലനിന്നിരുന്ന നിയമങ്ങൾ പറഞ്ഞുറപ്പിക്കാനുള്ള ഈ ശ്രമം ഇസ്‌ലാമിന്റെ ആഗമനത്തിനു മുമ്പുണ്ടായിരുന്ന ജനങ്ങളുടെ പെരുമാറ്റങ്ങളെക്കുറിച്ചുള്ള പരമ്പരാഗത നിയമങ്ങളെ സംബന്ധിച്ചിടത്തോളവും ശരിയാണ്. ഇവിടെ നിഗമിക്കപ്പെടേണ്ടത് ഈ ആചാരരീതികൾ ഖുർആനിന്റെയും സുന്നത്തിന്റെയും വാക്കുകളുമായോ ചൈതന്യവുമായോ സംഘട്ടനത്തിലേർപ്പെടാത്തേടത്തോളം കാലം ഇസ്‌ലാമിനു മുമ്പുള്ള കാലഘട്ടത്തിലെ പെരുമാറ്റരീതികളിൽ പ്രതിഫലിക്കപ്പെടുന്ന നിയമവ്യവസ്ഥകൾ തന്നെ തുടരാം എന്നാണ്. ഇതേക്കുറിച്ച് പ്രതിപാദിക്കുന്ന ഖുർആൻ വചനത്തിൽ മഅ്റൂഫ്, മുൻകർ എന്നീ വാക്കുകൾ നന്മ, തിന്മ എന്നീ അർഥങ്ങളിലാണ് പ്രയോഗിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ, അക്ഷരാർഥത്തിൽ മഅ്റൂഫ് എന്നു പറഞ്ഞാൽ നന്നായി അറിയപ്പെട്ടത്, സാമാന്യമായി അംഗീകരിക്കപ്പെട്ടത് എന്നൊക്കെയാണ്. മുൻകർ അതിന് നേരെ വിപരീതവും. അതായത് അറിയപ്പെടാത്തത്, അംഗീകരിക്കപ്പെടാത്തത് എന്നെല്ലാം. നല്ലതായി അറിയപ്പെട്ടതൊക്കെ നടപ്പിൽ വരുത്തുകയും നല്ലതായി അത്രതന്നെ അംഗീകരിക്കപ്പെടാത്തത് ഉപേക്ഷിക്കുകയും ചെയ്യേണ്ടതുണ്ട്. ഈ വീക്ഷണത്തെ പിന്താങ്ങുന്ന മറ്റൊരു ഘടകം കൂടിയുണ്ട് ഇസ്‌ലാമിൽ. വിലക്കപ്പെട്ടിട്ടില്ലാത്തതെല്ലാം അനുവദനീയമാണെന്നതാണ് അത്. (الأصل الإباحة)

ആചാരമോ പരമ്പരാഗത സമ്പ്രദായമോ നിർണായകമാണെന്ന അഭിപ്രായവും ഇസ്‌ലാമിക പണ്ഡിതന്മാർക്കുണ്ട്. സാധുതയെക്കുറിച്ചുള്ള ഈ മാനദണ്ഡങ്ങളെല്ലാം വ്യക്തമാക്കുന്നത് എല്ലാറ്റിനെയും ആദ്യം തന്നെ കടപുഴക്കിയെറിയുകയും തദ്സ്ഥാനത്ത് പുതിയ പെരുമാറ്റച്ചട്ടങ്ങൾ കൊണ്ടുവരുകയും ചെയ്യുന്ന ഒരു വിപ്ലവാത്മക സിദ്ധാന്തമല്ല ഇസ്‌ലാം എന്നാണ്. സൈദ്ധാന്തികതലത്തിൽ ഇസ്‌ലാമിന്റെ പരമമായ സ്വഭാവംപോലും ക്രമാനുഗതമാണ്. ദിവ്യബോധനമെന്ന പ്രക്രിയ പ്രവാചകന്റെ ജീവിതത്തിൽ

* "ജീവനു ജീവൻ, കണ്ണിനു കണ്ണ്, മൂക്കിനു മൂക്ക്, ചെവിക്കു ചെവി, പല്ലിനു പല്ല്, പരിക്കുകൾക്കെല്ലാം തത്തുല്യമായ പ്രതിക്രിയ എന്നിങ്ങനെയുള്ള നിയമങ്ങൾ ജൂതൻമാരുടെ മേൽ തൗറാത്തിൽ നാം നിർബന്ധമാക്കിയിട്ടുണ്ട്. എന്നാൽ, വല്ലവനും പ്രതിക്രിയ മാപ്പു ചെയ്യുന്നപക്ഷം അതവന്നൊരു പ്രായശ്ചിത്തമാണ്. ആർ അല്ലാഹു അവതരിപ്പിച്ച നിയമത്തിനൊത്ത് വിധിക്കുന്നില്ലയോ അവരാണ് അക്രമികൾ." (ഖുർആൻ 5: 45)

നീണ്ട ഇരുപത്തിമൂന്ന് വർഷങ്ങളിലൂടെയാണ് സംഭവിച്ചിട്ടുള്ളത്. വ്യക്തി ജീവിതത്തിന്റെ ധാർമികവും ആത്മീയവുമായ പുനർനിർമാണത്തിലും സമൂഹത്തിന്റെ വളർച്ചയിലുമൂന്നിക്കൊണ്ടുള്ള പുരോഗമനക്ഷമമെങ്കിലും ക്രമാനുഗതമായ ഒരു പദ്ധതിയാണ് ഇസ്‌ലാം എന്ന് ഖുർആനിക വെളിപാടുകളുടെ ക്രമം സൂക്ഷ്മമായി പഠിക്കുന്നതിൽനിന്ന് വ്യക്തമാവും.

ഇസ്‌ലാമിക നിയമം പാവനമായ നിയമത്തിന്റെ പരമമായ ചിത്രീകരണമാണ്. അതിനാൽ, മതനിരപേക്ഷ സമൂഹത്തിലും ഭൗതിക തത്ത്വശാസ്ത്രങ്ങളിലും വളർത്തപ്പെട്ട ഒരു പാശ്ചാത്യപണ്ഡിതന് ഒരിക്കലും വിശ്വാസിയുടെ ജീവിതത്തിൽ അതിനുള്ള സ്ഥാനത്തെക്കുറിച്ച് മനസ്സിലാക്കുവാൻ സാധ്യമാവുകയില്ല. തുടക്കത്തിൽത്തന്നെ ഒന്ന് പറയേണ്ടിയിരിക്കുന്നു. ഇസ്‌ലാമിന്റെ വീക്ഷണത്തിൽ മനുഷ്യന്റെ പെരുമാറ്റത്തിന്റെ നിയമപരമായ അടിസ്ഥാനത്തിനും മതപരമായ അടിസ്ഥാനത്തിനും ഒരേ ഉറവിടമാണുള്ളത്. ഒരേ ലക്ഷ്യവും സമ്മതിയുമാണവക്ക്. അതായത്, മുനിസിപ്പൽ നിയമമോ പൊതുനിയമമോ അന്തർദേശീയ നിയമമോ വ്യാഖ്യാനിക്കുന്ന ഒരു മുസ്‌ലിം നിയമശാസ്ത്രജ്ഞനെ കാണുമ്പോൾ നിങ്ങൾ മനസ്സിലാക്കേണ്ടത് ആ സമയം അദ്ദേഹം ഒരു പ്രാപഞ്ചിക മതത്തിന്റെ സമഗ്രപദ്ധതിയുടെ ഭാഗമായി അതിനെ ഉൾക്കൊള്ളുന്നു എന്നാണ്. മുഹമ്മദ്നബി തദ്ദേശഭരണകൂടങ്ങൾക്കോ തന്റെ കാലത്തെ അറബികൾക്കോ വേണ്ടി മാത്രം പ്രചരിപ്പിച്ച ഒരു മതമല്ല ഇസ്‌ലാം. മനുഷ്യസമുദായത്തിന്നാകമാനം മാർഗനിർദേശം നല്കുവാനാണ് നബി ആ മഹത്തായ കർമത്തിലേർപ്പെട്ടത്. അദ്ദേഹത്തിന്റെ ജീവിതത്തിലെന്നപോലെ, ഒരു വിശ്വാസിയുടെ ജീവിതത്തിലും എല്ലാ കർമങ്ങളും ലോകനിയന്താവിന്റെ പ്രീതിയെ ലക്ഷ്യംവെച്ചുകൊണ്ടുള്ളതാണ്. ഖുർആനിൽ നബിയാൽ ഉച്ചരിക്കപ്പെട്ട വചനം ഓരോ വിശ്വാസിയും തന്റെ നമസ്കാരങ്ങളിൽ ആവർത്തിക്കാൻ ബാധ്യസ്ഥനായിരിക്കുന്നു.* ഇസ്‌ലാമിൽ ഭൗതികവും ആത്മീയവും തമ്മിലോ പവിത്രവും അശുദ്ധവും തമ്മിലോ യാതൊരു വ്യത്യാസവുമില്ല. എവിടെയും പരിശുദ്ധ ഭൂമിയാണ്. ഭൂമി മുഴുവനും വിശ്വാസിയുടെ നമസ്കാരപ്പായയാണ്. തനിക്കിഷ്ടപ്പെടുന്ന സ്ഥലത്തുവെച്ച് അവന് ദൈവത്തെ പ്രണമിക്കുകയും പ്രാർഥിക്കുകയും ചെയ്യാം. ആ അർഥത്തിൽ ഇസ്‌ലാംമതവും അതിന്റെ നിയമസംഹിതയും രണ്ടും രണ്ടല്ല. മറിച്ച്, വ്യക്തമായ ഒന്നിന്റെ രണ്ടു വശങ്ങളാണ്–ഒരു വശം അകത്തോട്ട് കുഴിഞ്ഞതും മറുവശം പുറത്തേക്ക് തള്ളിയതുമായ ഒരു പരിചപോലെ. രണ്ടാമതായി ദൈവത്തിന്റെ പരമാധികാരത്തിന്റെ അംഗീകാരം അവന്റെ സർവവ്യാപിയായ സാന്നിധ്യത്തിൽ വിശ്വസിക്കുന്നതിൽനിന്ന് ആരംഭിക്കുന്നു. ആത്മാർഥതയുള്ള ഒരു വിശ്വാസി എല്ലാ നേരത്തും സ്വയം കാണുന്നു.

* "പറയുക, നിശ്ചയമായും എന്റെ നമസ്കാരവും എന്റെ ആരാധനാകർമങ്ങളും എന്റെ ജീവിതവും എന്റെ മരണവുമെല്ലാം സർവലോക നാഥനായ അല്ലാഹുവിനു വേണ്ടിയാകുന്നു. അവന്ന് യാതൊരു പങ്കുകാരുമില്ല. അതത്രെ എന്നോട് ആജ്ഞാപിച്ചിരിക്കുന്നത്. ആജ്ഞാനുവർത്തികളിൽ ഒന്നാമനാണ് ഞാൻ." (ഖുർആൻ 6: 162, 163)

തന്റെ എല്ലാ കർമങ്ങളും എല്ലാം കാണുന്ന സ്രഷ്ടാവിന്റെ കീഴിലാണെന്ന വീക്ഷണം പുലർത്തുകയും ചെയ്യുന്നു. ആ സ്രഷ്ടാവിലേക്ക് തന്നെയാണ് അയാൾ അവസാനം തിരിച്ചുചെല്ലേണ്ടതും, തന്റെ നാഥനെ സേവിക്കാൻ ജീവിതം നല്കിയ അവസരങ്ങൾ എങ്ങനെ വിനിയോഗിച്ചു എന്നതിനെക്കുറിച്ചുള്ള കണക്കുകൾ സമർപ്പിക്കേണ്ടതും. ഖുർആനനുസരിച്ച്, മനുഷ്യപ്രകൃതി നിർണയിക്കപ്പെട്ടിട്ടുള്ളത് ദൈവികശാസനകൾ സ്വീകരിക്കാൻ പാകത്തിലാണ്. തീർച്ചയായും അങ്ങനെ ചെയ്യാനുള്ള ത്വര മനുഷ്യാസ്തിത്വത്തിന്റെ പ്രകൃതിയിൽത്തന്നെ ഉൾച്ചേർന്നിരിക്കുന്നു. മനുഷ്യനെ ബാധിക്കുന്ന നിയമങ്ങൾ നിർമിക്കാനുള്ള പരമാധികാരം ദൈവത്തിന്നാണ്. കാരണം, സ്രഷ്ടാവെന്ന നിലക്ക് മനുഷ്യന്റെ കർമത്തിലും അകർമണ്യതയിലുമുള്ള താൽപര്യങ്ങളെക്കുറിച്ച് അവന് മാത്രമേ അറിഞ്ഞുകൂടൂ. ദൈവത്താൽ നിർദേശിക്കപ്പെട്ടതും പ്രവാചകരുടെ അരുളപ്പാടുകളിലൂടെ മനുഷ്യരിലെത്തിച്ചേർന്നതുമല്ലാത്ത എല്ലാ മനുഷ്യനിർമിത നിയമങ്ങളും' ഒരമേരിക്കൻ ന്യായാധിപൻ മറ്റൊരു സന്ദർഭത്തിൽ പറഞ്ഞപോലെ 'ഒരു ദിവസത്തെ യാത്രക്ക് മാത്രമുപകരിക്കുന്ന റെയിൽവേ ടിക്കറ്റ് പോലെ' യാണ്. ദൈവികനിയമം ഈ വൈകല്യത്തിൽനിന്ന് തീർത്തും മുക്തമാണ്. യാഥാസ്ഥിതികത്വത്തിന്റെയും ചലനത്തിന്റെയും ശക്തികൾ തമ്മിൽ മനുഷ്യജീവിതം ഭദ്രമായി ബന്ധിക്കപ്പെട്ടിരിക്കയാൽ മനുഷ്യന് പരിമിതമായ തോതിൽ വിവേചന ബുദ്ധി നല്കപ്പെട്ടിരിക്കുന്നു. ഇതിനുള്ളിൽ നിന്നുകൊണ്ട് അവന് നിയമനിർമാണങ്ങൾ നടത്താം. ഇസ്‌ലാമിനു മുമ്പ്, പല പ്രവാചക വെളിപാടുകളിലൂടെയും അവതീർണമായ നിയമങ്ങൾ മാറ്റിമറിക്കപ്പെട്ടിട്ടുണ്ടെന്നും ഈ നിയമങ്ങളുടെ അടിസ്ഥാനം, അഥവാ പരമമായ നിയമംപോലും മതനിയമങ്ങളുടെ സൂക്ഷിപ്പുകാരെന്നറിയപ്പെടുന്നവരാൽ തിരുത്തപ്പെട്ടിട്ടുണ്ടെന്നുമാണ് ഖുർആനിന്റെ നിഗമനം. രേഖകൾ അവക്രമാക്കി എന്നും വെളിപാടുകൾ ഇനിയൊന്ന് ആവശ്യമില്ലാത്ത വിധത്തിൽ പൂർണമാക്കി എന്നും ഇസ്‌ലാം അവകാശപ്പെടുന്നു. മൂന്നാമതായി, ഇസ്‌ലാമിലെ ഏക നിയമനിർമാതാവ് അല്ലാഹുവാണ്. ഖലീഫത്തുൽ അർദ് എന്ന നിലക്ക് അവൻ മനുഷ്യന്, ചില പരിമിതികൾക്കുള്ളിലൊതുങ്ങി നിന്നുകൊണ്ടുള്ള നിയമനിർമാണത്തിന് അധികാരം നൽകിയിരിക്കയാണ്. ഈ പരിമിതികൾക്കുള്ളിലൊതുങ്ങിനിന്നുകൊണ്ട് അനുയോജ്യരായ ആളുകളാലാണ് ഈ നിയമനിർമാണങ്ങൾ നടത്തുന്നതെങ്കിൽ അവക്ക് ദൈവികനിയമങ്ങളുടെ സ്ഥാനം ലഭിക്കും. അത് ആ നിലയിൽ അനുസരിക്കേണ്ടതുമുണ്ട്. നിയനിർമാണങ്ങളുടെ ഉറവിടത്തെ സാങ്കേതികാർഥത്തിൽ വിളിക്കുന്നത് 'ഇജ്മാഅ്' എന്നാണ്. പക്ഷേ, നമ്മുടെ കാലഘട്ടത്തിൽ ഈ അധികാരം ഡോ. അല്ലാമാ ഇഖ്ബാലിന്റെ അഭിപ്രായപ്രകാരം ഒരു കൂട്ടായ ഇജ്തിഹാദിന്റെ ഭാഗമെന്നോണം ഒരാധുനിക നിയമനിർമാണ സഭക്ക് ഉപയോഗപ്പെടുത്താവുന്നതാണ്. ഈ നിയമത്തിന്റെ ഭരണഘടനാപരമായ സ്ഥാനത്തെക്കുറിച്ച് അബ്ദുർറഹീം തന്റെ പ്രശസ്ത

മായ 'Muhammadan Jurisprudence' എന്ന ഗ്രന്ഥത്തിൽ ഇങ്ങനെ പറയുന്നു:

"ഇങ്ങനെ നിർണയിക്കപ്പെട്ട നിയമങ്ങൾ ദൈവം ഉദ്ദേശിച്ചവ തന്നെയാണെന്ന് നിഗമിക്കപ്പെട്ടിരിക്കുന്നു. ആയതിനാൽ അവ ദൈവത്തിൽനിന്നുള്ള സന്ദേശം എന്ന നിയമത്തിന്റെ നിർവചനത്തിൽ ഉൾപ്പെടുകയും ചെയ്തിരിക്കുന്നു. നിയമങ്ങളുടെ ഈ സ്രോതസ്സിനെ ഇജ്മാഅ് അഥവാ അഭിപ്രായങ്ങളുടെ ഏകീഭാവം എന്ന് വിളിക്കുന്നു. എന്നാൽ, തത്ത്വങ്ങളുടെ കർശനമായ അടിസ്ഥാനത്തിൽ ഒരു സഭയിൽ വർത്തിക്കുന്ന നിയമപണ്ഡിതന്മാർ നിയമങ്ങളെ വിശദീകരിക്കുക മാത്രമേ ചെയ്യുന്നുള്ളൂവെങ്കിലും അങ്ങനെ അവർ നിർണയിക്കുന്ന നിയമങ്ങൾക്ക് ഒട്ടുമുക്കാലും നിയമനിർമാണപരമായ അധിനിയമത്തിന്റെ സ്വഭാവങ്ങളുണ്ട്. അവയുടെ സാധുത ചോദ്യം ചെയ്യാവുന്നതല്ല. അതിനെ പിന്തുണക്കുന്ന കാരണങ്ങൾ അവയെ ഒരിക്കലും ബാധിക്കുന്നുമില്ല. പ്രസ്തുത നിയമങ്ങൾ ഖുർആന്റെയും ഹദീസിന്റെയും തത്ത്വങ്ങൾക്കനുസൃതമാണ് എന്നുള്ള നിഗമനം നിർണായകമാണ്. അതിനാൽ, ഒരിക്കലും അവയെ അവതീർണ നിയമങ്ങൾക്ക് വിരുദ്ധം എന്ന കാരണം പറഞ്ഞ് അസാധുവാക്കാനും സാധ്യമല്ല. മുജ്തഹിദുകൾ അംഗീകരിച്ച ഒരു നിയമത്തെ ഇത്തരമൊരു സഭയുടെ നിർദേശപ്രകാരം പിൽക്കാലത്ത് മാറ്റാവുന്നതാണ്. അതായത്, മുസ്‌ലിം നിയമശാസ്ത്രം ഇത്തരമൊരു സഭയിൽ വർത്തിക്കുന്ന നിയമപണ്ഡിതന്മാർക്കുള്ള നിയമനിർമാണാധികാരത്തെ വകവെച്ചു കൊടുക്കുന്നു എന്ന് പറയുന്നത് ശരിയായിരിക്കും. അത്തരമൊരധികാരം, ദൈവിക നിർമാതാവിൽ നിന്ന് ലഭിച്ചതാണെങ്കിൽപ്പോലും പ്രായോഗിക തലത്തിൽ അതിരില്ലാത്തതാണ്. ഇസ്‌ലാംമതം നബിയുടെ വിയോഗശേഷം വീണ്ടും ദിവ്യവെളിപാടുകൾക്കുള്ള സാധ്യതകളെ അംഗീകരിക്കാത്തതിനാൽ മുസ്‌ലിം സമ്പ്രദായത്തിൽ നിയമനിർമാണത്തിന് ഇത്തരം ഇജ്മാഇന് മാത്രമാണ് ഇപ്പോൾ അധികാരമുള്ളത്.

അങ്ങനെ ഇസ്‌ലാം ഒരു ഖുർആനിക ചട്ടക്കൂട് അനുവദിച്ചുതരുന്നു. ഈ ചട്ടക്കൂട്ടിനുള്ളിൽ സ്ഥിരമായ ഇസ്‌ലാമിക നിയമത്തിന് മനുഷ്യനിർമിത നിയമങ്ങളുമായി സഹവർത്തിത്വം സാധ്യമാണ്; ദൈവിക നിയമനിർമാതാവ് നിർണയിച്ച സമ്പ്രദായങ്ങളുമായും അതിർവരമ്പുകളുമായും അവ യോജിച്ചുപോകണമെന്നു മാത്രം. സമൂഹം സ്ഥിരവും ചലനാത്മകവുമായ പെരുമാറ്റ രീതികളാൽ രൂപപ്പെടുന്നതാകയാൽ ഇസ്‌ലാമും മാറിക്കൊണ്ടിരിക്കുന്ന സാമൂഹിക പരിതഃസ്ഥിതികൾക്കും ഖുർആനിലും പ്രവാചകചര്യയിലും ചൂണ്ടിക്കാണിച്ചിട്ടുള്ള മാറ്റമില്ലാത്ത തത്ത്വങ്ങൾക്കും അതിന്റെ ജീവിതരീതിയിൽ സ്ഥാനം കല്പിച്ചിട്ടുണ്ട്.

ഇസ്‌ലാമിക നിയമം ജീവിതത്തോളം വിശാലമാണ്. ജീവിതമെന്ന പദം കൊണ്ട് വിവക്ഷിക്കുന്നത് നാം കാണുന്നതോ അനുഭവിക്കുന്നതോ ആയ വെറും ഇന്നത്തെ ജീവിതമല്ല. ഇസ്‌ലാമിന്റെ അധ്യാപനങ്ങളനുസരിച്ച് നമുക്കുവേണ്ടി ദൈവത്താൽ നിർണയിക്കപ്പെട്ട ചുമതലകൾ നിറവേറ്റുക വഴി

നിയമമനുസരിക്കുമ്പോൾ മാത്രമേ മരണാനന്തര ജീവിതം നമ്മുടേതാകുന്നുള്ളൂ. ഈ ജീവിതം ഖുർആൻ വിവരിക്കുന്നതുപോലെത്തന്നെ നാം അറിയുന്ന ജീവിതത്തെക്കാൾ ഉത്തമവും ശാശ്വതവുമാണ്. ഈ തരത്തിലുള്ള ജീവിതത്തെക്കൂടി ജീവിതമെന്ന പദം ഉൾക്കൊള്ളുന്നു.

ഇസ്‌ലാം വിവിധ മാറ്റങ്ങളുള്ള ഒരു മതമാണ്. അത് നിയമമാണ്, സംസ്കാരമാണ്, അതൊരു അഭൗമിക സിദ്ധാന്തം കൂടിയാണ്. ഈ സിദ്ധാന്തം മനുഷ്യന് വേണ്ടി ഒരു പരിപ്രേക്ഷ്യം സൃഷ്ടിക്കുന്നു. ഈ കാഴ്ചപ്പാടനുസരിച്ചാണ് അവൻ അവസാനംവരെ തന്റെ സൃഷ്ടി പ്രതിഫലിപ്പിക്കുന്ന ദൈവികോദ്ദേശ്യം നിറവേറ്റപ്പെടുവാൻ വേണ്ടി തന്റെ കർമങ്ങൾ അനുഷ്ഠിക്കേണ്ടത്.

ഇസ്‌ലാം സംശയാതീതമായും വിശ്വാസത്തിന്റെ അടിത്തറയിലാണ് കെട്ടിപ്പൊക്കിയിട്ടുള്ളത്. പക്ഷേ, അതിന്റെ എടുപ്പ് നിയമത്തിന്റെ ശക്തി കൂടി ചേർത്തുറപ്പിച്ചതാണ്. തീർച്ചയായും ഇസ്‌ലാം ദൈവികോദ്ദേശ്യത്തിനുള്ള കീഴ്പ്പെടലായി വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. അതുതന്നെയാണ് ദൈവികനിയമവും. നിയമം പഠിക്കേണ്ടത് അതിനാൽ വിശ്വാസിയുടെ പ്രാഥമിക ചുമതലയാണ്. കാരണം, ഇസ്‌ലാമിക നിയമം യാന്ത്രികമായി അനുസരിക്കേണ്ട ഒന്നല്ല, മറിച്ച് അർഥപൂർണമായി, അതായത് ബോധപൂർവം അനുസരിക്കേണ്ട ഒന്നാണ്. ഇസ്‌ലാമിൽ കർമം ചെയ്യുന്ന ആളുടെ മനസ്സാക്ഷിയുടെ ബോധപൂർവമായ തീരുമാനമോ ഉദ്ദേശ്യമോ ഇല്ലാതെ ഒരു കർമവും മതകാഴ്ചപ്പാടിൽ സ്വീകാര്യമല്ല. എല്ലാ പ്രവർത്തനങ്ങളും ഉദ്ദേശ്യത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കപ്പെടുന്നുണ്ട്.

നിയമമനുസരിക്കാനോ ദൈവേഛക്ക് വഴങ്ങാനോ ഉള്ള ബാധ്യത ഖുർആനിൽ വിവരിച്ചിട്ടുള്ള ഒരു പുരാതനമായ കരാറിൽനിന്ന് ആരംഭിക്കുന്നു. (അതായത്, മനുഷ്യനെ സൃഷ്ടിക്കുന്നതിനും കളിമണ്ണിൽ അവന്ന് ജീവനൂതുന്നതിനും മുമ്പ് ദൈവം ചോദിച്ചു: "ഞാൻ നിന്റെ നാഥനല്ലയോ?" അപ്പോൾ ആത്മാവ് മറുപടി പറഞ്ഞു: "തീർച്ചയായും അതെ." പോരാത്തതിന് മനുഷ്യപ്രകൃതി ഖുർആൻ അനുസരിച്ച് ദൈവിക സമ്പ്രദായത്തിൽ അധിഷ്ഠിതവുമാണ്.)* മനുഷ്യപ്രകൃതിയുടെ കഴിവുകൾ, ഭൂമിയിലെ ജീവിതം പ്രാപഞ്ചിക മതത്തിന്റെ പ്രവാചകന്മാരുടെ വെളിപാടുകളിൽനിന്ന് ലഭിച്ച ദൈവികാനുശാസനകൾക്കനുസരിച്ച് ക്രമപ്പെടുത്തിയാൽ മാത്രമേ പൂർണമായും സഫലമാവുകയുള്ളൂ. ഇസ്‌ലാമിക നിയമത്തിന്റെ പ്രധാന ഉറവിടം, അവതീർണമായ ദൈവിക വചനമാണെന്ന വസ്തുത പരിഗണിക്കുമ്പോൾ തങ്ങളുടെ നിയമത്തിന്റെ കാര്യത്തിൽ മുസ്‌ലിംകൾ ഉയർത്തി

* "അതുകൊണ്ട് യാതൊരു വക്രതയുമില്ലാതെ ശുദ്ധമനസ്കനായി മതത്തിലേക്ക് നിന്റെ മുഖത്തെ (ശ്രദ്ധയെ) തിരിച്ചുനിർത്തുക. മനുഷ്യരെ ഏതു പ്രകൃതിയോടുകൂടി അല്ലാഹു സൃഷ്ടിച്ചിട്ടുണ്ടോ ആ പ്രകൃതിയെ അനുസരിച്ചുകൊണ്ട് ജീവിക്കുക. അല്ലാഹുവിന്റെ സൃഷ്ടികർമത്തിന് (അവൻ നിശ്ചയിച്ച പ്രകൃതിക്ക്) യാതൊരു മാറ്റവുമില്ല. അതത്രെ വക്രതയില്ലാത്ത മതം. പക്ഷേ, മനുഷ്യരിൽ അധികമാളുകളും യാഥാർഥ്യം ഗ്രഹിക്കാത്തവരാകുന്നു." (ഖുർആൻ 30: 30)

പ്പിടിക്കുന്ന അന്തസ്സ് ചരിത്രത്തിൽ തുല്യതയില്ലാത്തതാണ് എന്നതിൽ അദ്ഭുതമൊന്നുമില്ല. മുസ്‌ലിംകൾ നിയമത്തിന് നൽകുന്ന ബഹുമാനം മറ്റൊരു ജനസമൂഹവും നൽകുന്നില്ല. നേരിട്ടുള്ള ദൈവിക മാർഗദർശനങ്ങൾക്ക് കീഴിൽ ജീവിക്കുന്നു എന്നവകാശപ്പെടുന്ന ജനങ്ങൾക്ക് ആ നിയമങ്ങളോട് അനുസരണ കാണിക്കുക വഴിയല്ലാതെ സുരക്ഷിതത്വമോ അഭയമോ ഇല്ല. ചുരുക്കത്തിൽ ഇസ്‌ലാംമതത്തിന്റെ യഥാർഥസത്ത സ്ഥിതിചെയ്യുന്നത് പ്രവാചകനാൽ നിർണയിക്കപ്പെട്ട നിയമങ്ങൾ അനുസരിക്കുന്നതിലാണ്. വിശ്വാസികളുടെ ആത്മാർഥത, സ്ത്രീയായാലും പുരുഷനായാലും, വാക്കിലും അർഥത്തിലും അവസാനത്തെ അവലംബമെന്ന നിലയിൽ ദൈവികനിയമം അനുസരിക്കാൻ അവർ എത്രമാത്രം സന്നദ്ധമായിരിക്കുന്നു എന്നതിൽ സ്ഥിതിചെയ്യുന്നു.

അവസാനത്തെ അവലംബമെന്ന നിലക്ക് ഇസ്‌ലാം തന്നെ ഒരു നിയമമാണെങ്കിൽ അതിന്റെ ഏറ്റവും വലിയ ലക്ഷ്യം അച്ചടക്കമുള്ള ഒരു സമൂഹം സൃഷ്ടിക്കുക എന്നതാണ്. നീതിയുടെ തത്ത്വങ്ങളിലൂന്നിനിന്നാണ് ഈ ലക്ഷ്യം നേടാൻ ഇസ്‌ലാം പരിശ്രമിക്കുന്നത്. വിസ്തരിക്കാൻ പ്രയാസമുള്ള ഒട്ടനവധി മാർഗങ്ങളിലൂടെ നീതിയുടെ ഈ ലക്ഷ്യം സഫലമാക്കാനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കാൻ അത് ശ്രമിക്കുന്നു. അവശനെയും താഴ്ന്നവനെയും ആശ്വസിപ്പിക്കുക എന്നതിലാണ് മറ്റു മതങ്ങളിലെ ഊന്നൽ. എന്നാൽ, ഇസ്‌ലാമിലാകട്ടെ മനുഷ്യർക്കിടയിൽ നീതി നടപ്പാക്കുന്നതിലാണ് എപ്പോഴും ഊന്നൽ. വിശ്വാസികളോട് നീതിചെയ്യാനുള്ള താക്കീതുകളാൽ നിർഭരമാണ് ഖുർആൻ. നാലാം അധ്യായം 58-ാം സൂക്തത്തിൽ നാം ഇത് കാണുന്നു.** ഇതേ അർഥത്തിൽ പ്രവാചകനും താക്കീത് നൽകിയതായി കാണാം.

ദൈവിക വചനങ്ങൾക്ക് പുറമേ നബി പറഞ്ഞതോ ചെയ്തതോ ആയ കാര്യങ്ങളെ സംബന്ധിച്ച് ഹദീസുകളുമുണ്ട്. ഒരു പ്രത്യേക വിഷയത്തെക്കുറിച്ച് നബിയുടെ ചര്യ എന്തായിരുന്നു എന്ന് മനസ്സിലാക്കാൻ ഇത് വിശ്വാസിയെ സഹായിക്കുന്നു. ഈ സ്രോതസ്സുകൾ ഖുർആന് പൂരകമാണ്. ഇവ രണ്ടുംകൂടി ഒന്നിച്ചുചേർത്ത് കണക്കിലെടുക്കുമ്പോൾ വിശ്വാസിക്ക്, വിശ്വാസികളുടെ വ്യക്തിപരവും സാമൂഹികവുമായ പെരുമാറ്റച്ചട്ടങ്ങൾ ക്രമപ്പെടുത്തേണ്ടത് എങ്ങനെ എന്ന അടിസ്ഥാനപരമായ വസ്തുതകൾ വിലക്കുകളുടെ രൂപത്തിൽ ലഭിക്കുന്നു.

എ.ഡി. 632-ൽ പ്രവാചകൻ നിര്യാതനായതോടെ ദൈവിക വെളിപാടുകളും അവസാനിച്ചു. താൻ ഖുർആനും സുന്നത്തും വിശ്വാസികൾക്കു വേണ്ടി ബാക്കിവെച്ചിരിക്കയാണെന്നും അത് മുറുകെപ്പിടിച്ചാൽ അവരുടെ

** "അമാനത്തുകൾ അവയുടെ അർഹന്മാർക്ക് ഏല്പിച്ചുകൊടുക്കണമെന്നും ജനങ്ങൾക്കിടയിൽ വിധികല്പിക്കുമ്പോൾ നീതിപൂർവം വിധികല്പിക്കണമെന്നും അല്ലാഹു നിങ്ങളോടാജ്ഞാപിക്കുന്നു. എത്രയോ നല്ല ഉപദേശമാണ് അല്ലാഹു നിങ്ങൾക്ക് നൽകുന്നത്. തീർച്ചയായും എല്ലാം കേൾക്കുന്നവനും കാണുന്നവനുമാണ് അല്ലാഹു."

വഴിയിൽ അപകടങ്ങളൊന്നുമുണ്ടാവുകയില്ലെന്നുമുള്ള നബിയുടെ വിയോഗത്തിനു തൊട്ടുമുമ്പുള്ള താക്കീതുകൾ കണക്കിലെടുത്താൽ എല്ലാ നബിവചനങ്ങളും ശേഖരിച്ചു വെക്കുവാനും അവ വരും തലമുറകൾക്കുകൂടി പകർന്നുകൊടുക്കുവാനുമുള്ള വിശ്വാസികളുടെ ആകാംക്ഷ തീർച്ചയായും മനസ്സിലാക്കാവുന്നതേയുള്ളൂ. ഖുർആൻ വചനങ്ങൾ തീർച്ചയായും ആധികാരികമാണ്; വിധിയുടെ അവസാനനാളുകൾ വരെ അവ മാറ്റിമറിക്കപ്പെടാതെ സൂക്ഷിക്കുമെന്ന ഉറപ്പ് ഖുർആൻ തന്നെ നൽകിയിരിക്കുന്ന അർഥത്തിൽ. ഇതേ അർഥത്തിൽ ചിന്തിച്ചാൽ ഹദീസ് സാഹിത്യം അത്ര ആധികാരികമല്ല; പ്രവാചകവചനങ്ങൾ സമാഹരിക്കുന്ന വ്യക്തി മനുഷ്യന്റെ ഓർമശക്തിയെ ആശ്രയിക്കുന്നു എന്നതിനാലും അവയുടെ മൗലികത തെളിയിക്കാൻ വേണ്ടി അവ പറഞ്ഞുവന്നവരുടെ ശൃംഖല പലപ്പോഴും നൂറിൽപ്പരം വരുന്നു എന്നതിനാലുമെല്ലാം. പക്ഷേ, ഒരിക്കൽ ഒരു നബിവചനം ആധികാരികമാണെന്ന് തെളിയിക്കപ്പെട്ടു കഴിഞ്ഞാൽ ദൈവികവചനത്തിന് തുല്യമായ സ്ഥാനം ഖുർആൻ അതിനു നല്കുന്നുണ്ട്. (ഖുർആൻ 33:21; 53:3,4; 24:63; 4:152 എന്നിവ നോക്കുക). പ്രവാചകന്റെ നിര്യാണത്തിനുശേഷം വളരെ കാലത്തിനു ശേഷമാണ് നബിവചനങ്ങൾ സമാഹരിക്കപ്പെട്ടത് എന്ന അടുത്തകാലംവരെ പ്രാബല്യത്തിലുണ്ടായിരുന്ന ധാരണകൾക്ക് വിരുദ്ധമായി നബിയുടെ ജീവിതകാലത്തു തന്നെ അദ്ദേഹത്തിന്റെ സഹചാരികൾ നബിവചനങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട് എന്ന് അടുത്ത കാലത്ത് നടന്ന ഗവേഷണങ്ങൾ തെളിയിച്ചിട്ടുണ്ട്. ഹദീസ് വിദ്യാർഥികൾ ഇതുവരേയും വിശ്വസിച്ചിരുന്നത് നബിവചനങ്ങളുടെ സമാഹരണവും ലിഖിതരൂപത്തിലുള്ള രേഖപ്പെടുത്തലും നബിക്ക് ശേഷം നൂറ്റി അൻപത് വർഷങ്ങൾ കഴിഞ്ഞിട്ടാണ് നടന്നത് എന്നത്രെ. എന്നാൽ, അൽഖത്താനി, ശിബ്‌ലി, സയ്യിദ് സുലൈമാൻ നദ്‌വി, ഉസ്മാനിയാ യൂനിവേഴ്സിറ്റിയിലെ മനാസിൽ അഹ്സാൻ തുടങ്ങിയ സമകാലിക മുസ്‌ലിം പണ്ഡിതന്മാർ ഈ ആരോപണത്തിന്റെ അർഥശൂന്യത തികച്ചും വ്യക്തമാക്കിയിട്ടുണ്ട്. (ഹമീദുല്ലായുടെ 'Muslim Contact of the State' പേജ് 23 നോക്കുക.)

സമൂഹജീവിതം തങ്ങളെങ്ങനെ രൂപപ്പെടുത്തി എന്നതിനും ഭരണകൂടത്തിന്റെ കാര്യങ്ങൾ എങ്ങനെ നടപ്പിൽവരുത്തി എന്നതിനും തർക്കവിഷയമായ നിയമപ്രശ്നങ്ങൾക്ക് തീരുമാനമെടുക്കുന്ന കാര്യത്തിൽ നബിചര്യയെ തങ്ങൾ എങ്ങനെ ഉപയോഗപ്പെടുത്തി എന്നതിനും ഖലീഫമാരുടെ രീതികൾ തെളിവാണ്.

ഇസ്‌ലാമിക നിയമങ്ങളുടെ ഉദ്ഭവത്തിന്റെ ഈ രണ്ട് സ്രോതസ്സുകൾക്കു പുറമെ നാം മൂന്ന് ഉപസ്രോതസ്സുകളെക്കൂടി മറക്കാൻ പാടുള്ളതല്ല. ഇജ്മാഅ്, ഖിയാസ്, ഇജ്തിഹാദ് എന്നിവയാണവ. ഇവ മൂന്നും ഇസ്‌ലാമിലെ പഴയ നിയമപണ്ഡിതർ ഖുർആന്റെയും സുന്നത്തിന്റെയും വെളിച്ചത്തിൽ എങ്ങനെ നിയമപ്രശ്നങ്ങൾ കൈകാര്യം ചെയ്തു എന്ന് നമുക്ക് കാണിച്ചുതരുന്നു.

ഇവയിൽ പ്രഥമമായത് ഇജ്മാഅ് (സമുദായത്തിന്റെ അഭിപ്രായപരമായ ഏകത) ആണ്. 'എന്റെ ജനത ഒരിക്കലും തെറ്റിൽ ഏകാഭിപ്രായക്കാരായിരിക്കുകയില്ല' എന്നും 'സംയുക്തതക്കുമേൽ ദൈവത്തിന്റെ കരങ്ങളുണ്ട്, അതിൽ നിന്ന് വിട്ടുമാറുന്നവൻ നരകത്തിലാണ്' എന്നും 'അവസാനം മുസ്‌ലിംകൾക്ക് നല്ലതായിത്തോന്നുന്നത് ദൈവദൃഷ്ടിയിലും നന്മയാണ്' എന്നുമുള്ള പ്രവാചകവചനങ്ങളിലാണ്, ഇത് നിയമത്തിന്റെ നിർമാണാത്മക സ്രോതസ്സായി സ്വീകരിക്കുന്നതിനുള്ള അടിസ്ഥാനം കണ്ടെത്തുന്നത്. ഏതെങ്കിലുമൊരു നിയമപ്രശ്നത്തിൽ ഒരു കാലഘട്ടത്തിലെ മുസ്‌ലിം നിയമശാസ്ത്രജ്ഞന്മാർ ഏകാഭിപ്രായം പുലർത്തുകയാണെങ്കിൽ അവരുടെ അഭിപ്രായേകത ആ അഭിപ്രായത്തിൽ പ്രാമാണികതയുടെ മുദ്ര പതിപ്പിക്കുകയും നിയമത്തിന്റെ സ്രോതസ്സ് എന്ന നിലയ്ക്ക് അത് ഒരു ഖുർആനിക വചനത്തിനോ നബിയുടെ തെളിയിക്കപ്പെട്ട ചര്യക്കോ ഏതാണ്ട് തുല്യമായിരിക്കുകയും ചെയ്യുന്നു എന്നതിലും ഇസ്‌ലാമിലെ നിയമശാസ്ത്രജ്ഞന്മാർ യോജിക്കുന്നു. നിയമത്തിന്റെ സ്രോതസ്സ് എന്ന നിലക്ക് ഇജ്മാഇന് പ്രാധാന്യമുണ്ട് എന്നിരിക്കിലും, ദുഃഖാകുലമായ ആത്മാർഥതയോടു കൂടിത്തന്നെ പറയട്ടെ, യുഗങ്ങളായി, സമുദായത്തിലെ നിയമശാസ്ത്രജ്ഞന്മാരുടെ അഭിപ്രായൈക്യം ലഭിക്കുവാനുള്ള ഒരു സംവിധാനവും നിയമശാസ്ത്രജ്ഞന്മാരുടെ ഇടയിൽ സ്ഥാപിച്ചത് സംബന്ധിച്ച് ഒരു തെളിവും നമുക്കില്ല.

ഒരു നിയമശാസ്ത്രജ്ഞന്റെ വ്യക്തിപരമായ അഭിപ്രായമാണ് ഖിയാസ്. ഒരു പ്രത്യേക അഭിപ്രായം രൂപീകരിക്കുന്നതിൽ മതനിയമ വിശാരദർ പുലർത്തിയ നീതിബോധവും നിഷ്പക്ഷതയും താരതമ്യ ചിന്തയും അടിസ്ഥാനമാക്കിയെടുക്കുന്നതത്രെ ഇത്.

അവസാനമായി നമുക്ക് ഇജ്തിഹാദ് ഉണ്ട്. ഒരു പ്രശ്നത്തിന് പരിഹാരം കണ്ടെത്തുന്നതിൽ ഖുർആനികസൂക്തമോ പ്രവാചക വചനമോ വ്യക്തമായും സഹായിക്കാതെ വരുമ്പോൾ സ്വതന്ത്രചിന്തയെ ആശ്രയിക്കുന്ന പ്രക്രിയയെയാണ് ഇജ്തിഹാദ് എന്നു പറയുക. നബിയുടെ ജീവിതത്തിൽനിന്നുള്ള പരക്കെ അറിയപ്പെട്ട ഒരു സംഭവത്തിൽ ഇതിനുള്ള നീതീകരണം പ്രതിഫലിക്കപ്പെട്ടിരിക്കുന്നു. മുആദുബ്നു ജബലിനെ യമനിലേക്ക് ഗവർണറായി അയക്കുന്നതിന് മുമ്പ് നബി അദ്ദേഹത്തോട് തന്റെ മുമ്പാകെ വരുന്ന പ്രശ്നങ്ങളിൽ എങ്ങനെ വിധിനിർണയം നടത്തുമെന്ന് ചോദിച്ചു. "ദൈവത്തിന്റെ ഗ്രന്ഥമനുസരിച്ച്"– അദ്ദേഹം മറുപടി പറഞ്ഞു. "ഒരു പ്രശ്നത്തിൽ തീരുമാനമെടുക്കുന്നതിൽ ദൈവഗ്രന്ഥത്തിൽനിന്ന് താങ്കൾക്ക് മാർഗദർശനമൊന്നും ലഭിച്ചില്ലെങ്കിലോ?"– നബി ചോദിച്ചു. "പ്രവാചകചര്യയനുസരിച്ച്"– അദ്ദേഹം പറഞ്ഞു. "അതിൽ നിന്നും മാർഗദർശനമൊന്നും ലഭിച്ചില്ലെങ്കിൽ?"– നബി ചോദിച്ചു. "പ്രശ്ന പരിഹാരത്തിനു വേണ്ടി ഒരഭിപ്രായത്തിലെത്താനുള്ള എന്റെ സ്വതന്ത്രമായ ശ്രമങ്ങൾക്കനുസരിച്ച്." നബി ഈ ഉത്തരംകേട്ട് സംതൃപ്തനായെന്നും മുആദുബ്നു

ജബലിനെപ്പോലെയുള്ള അനുയായികളെ തന്റെ അനുചരന്മാരിലുൾപ്പെടുത്തിയതിൽ അല്ലാഹുവിനെ സ്തുതിച്ചുവെന്നുമാണ് പറയപ്പെടുന്നത്. ഇസ്ലാമിന്റെ പ്രവാചകന് മുആദുബ്നു ജബൽ നല്കിയ ഉത്തരങ്ങളിൽ ഒരു മുജ്തഹിദിന്റെ പങ്കാണ് സമഗ്രമായി നിർവചിക്കപ്പെട്ടിരിക്കുന്നത്. ആ പങ്കിനെക്കുറിച്ച് നമുക്ക് ഈ കഥയിൽനിന്ന് മനസ്സിലാകുന്നു.

മുജ്തഹിദിന്റെ ഭാഷാർഥം അധ്വാനിക്കുന്ന ആൾ എന്നാണ്. ഒരു നിയമശാസ്ത്ര സംജ്ഞ എന്ന നിലയിൽ ഫിഖ്ഹിന്റെ ഉസൂലുകൾ അഥവാ നിയമജ്ഞന്റെ യുക്തിവിചാരാവയവങ്ങൾ നിയമത്തിന്റെ അടിസ്ഥാന സ്രോതസ്സുകളായ ഖുർആന്റെയും സുന്നത്തിന്റെയും അടിസ്ഥാനത്തിൽ ഉപയോഗപ്പെടുത്തുക എന്നതാണ്. അവയുടെ വാചകങ്ങളിൽ ഇക്കാര്യം പറഞ്ഞിട്ടില്ലെന്നാൽപ്പോലും, കൈയിലുള്ള പ്രശ്നത്തിനൊരു തീർപ്പു കൽപിക്കുന്നതിൽ മിക്കവാറും അത് ഖുർആനിന്നും സുന്നത്തിനും അനുയോജ്യമായിത്തീരുക തന്നെ ചെയ്യും. ഇജ്തിഹാദിനെ നിയമനിർമാണത്തിനുള്ള സൃഷ്ടിപരമായ ഒരു സ്രോതസ്സായി കണക്കാക്കുന്നതിനു മുമ്പ് ചില യോഗ്യതകൾ പൂർത്തീകരിക്കപ്പെടേണ്ടതുണ്ട് എന്ന് ഫിഖ്ഹിന്റെ പല ചിന്താസരണികളും നിഷ്കർഷിക്കുന്നു. മുജ്തഹിദ് നിയമത്തിൽ മാത്രം പാണ്ഡിത്യം നേടിയാൽ പോരാ, ഉചിതമായ നിയമപരമായ തീരുമാനങ്ങളെടുക്കാൻ കഴിവുള്ളവൻ കൂടിയായിരിക്കണം അയാൾ. അറിയപ്പെട്ട ഒരു ഭക്തനായിരിക്കണം. നിയമശാസ്ത്രജ്ഞന്മാരുടെ സമൂഹത്തിന്റെ ഒരു സംയുക്താഭിപ്രായമാണ് ഇജ്മാഅ് എങ്കിൽ, ചില പ്രത്യേക സാഹചര്യങ്ങളിൽ ഒരു നിയമപ്രശ്നം പരിഹരിക്കാൻ സ്വതന്ത്രചിന്ത ഉപയോഗിക്കുകയാണ് ഇജ്തിഹാദ്. അതനുസരിച്ച് നമ്മുടെ കാലഘട്ടത്തിൽ ഇജ്തിഹാദിന്റെ പ്രതിരോധം താഴെപ്പറയുന്ന ആശയങ്ങൾ ഉൾക്കൊള്ളുന്ന യുക്തിചിന്തയുടെ കൂട്ടത്തിലാണ് പടുത്തുയർത്തേണ്ടത്. ഇസ്ലാം ആവശ്യപ്പെടുന്നത് ദൈവത്തോടുള്ള കൂറാണ്; സിംഹാസനങ്ങളോടുള്ളതല്ല. ജീവിതത്തിന്റെ പരമമായ ആത്മീയാടിസ്ഥാനം ദൈവമാകയാൽ ദൈവത്തിനോടുള്ള കൂറ് എന്നു പറഞ്ഞാൽ മനുഷ്യന് മനുഷ്യന്റെ മാതൃകാപരമായ പ്രകൃതിയോടുള്ള കൂറ് തന്നെയാണ്. ഇസ്ലാം ഉൾക്കൊണ്ടിട്ടുള്ള ജീവിതത്തിന്റെ പരമമായ അടിസ്ഥാനം ശാശ്വതമാണെങ്കിലും അതൊരിക്കലും കാലത്തിൽ വൈവിധ്യവും പരിവർത്തനവും എന്ന തലത്തിൽ, അതായത് സമഗ്രമായി ചരിത്രത്തിൽ, സംഭവങ്ങൾക്കുള്ള അർഥം എന്ന നിലക്ക് പ്രകടിപ്പിക്കുന്നില്ല. അവസാനിക്കാത്ത പരിവർത്തനം പ്രകടിപ്പിക്കുന്ന ഒരു ലോകത്തിൽ ഒരു പിടിത്തം കിട്ടുവാനുള്ള ചവിട്ടുപടി ലഭിക്കാനുള്ളവ മാത്രമാണ് ശാശ്വത തത്ത്വങ്ങൾ. ദൈവത്തിന്റെ ഖുർആനിക പ്രതിബിംബം അവന്റെ റൂഹ് മനുഷ്യനിലേക്ക് പകർന്നു എന്നു സൂചിപ്പിക്കുക വഴി മനുഷ്യനിൽ ഒരു ശാശ്വതികത്വത്തിന്റെ ഭാഗമുണ്ട് എന്ന അർഥത്തിൽ മനുഷ്യൻ ചരിത്രത്തെ അതീന്ദ്രവൽക്കരിക്കുന്നു. ചരിത്രത്തിന്റെ മാർക്സിസ്റ്റ് വ്യാഖ്യാനം പറയുന്നതുപോലെ മനുഷ്യൻ ചരിത്രത്തിന്റെ

ഉൽപന്നമല്ല. അതുകൊണ്ടുതന്നെ നിയമത്തിന് മനുഷ്യപ്രകൃതിയിലെ മാറിക്കൊണ്ടിരിക്കുന്നതും സ്ഥിരമായി നിൽക്കുന്നതുമായ എല്ലാ ഘടകങ്ങളെയും കൈകാര്യം ചെയ്യേണ്ടിയിരിക്കുന്നു. മൗലിക കാര്യങ്ങളിൽ ഊന്നുന്നതിനിടയിൽ മുസ്‌ലിംകൾ മാറിക്കൊണ്ടിരിക്കുന്ന സാഹചര്യങ്ങൾ മറന്നുപോകരുത്. ഇസ്‌ലാമിക നിയമം അങ്ങനെ ഇലാസ്തികവും ചലനാത്മകവും പുരോഗമനക്ഷമവുമാണ്.

ഇസ്‌ലാമിക നിയമങ്ങളുടെ ഉറവിടങ്ങളെക്കുറിച്ചുള്ള സൂചന, ഇസ്‌ലാമിൽ നിയമനിർമാണത്തിൽ യുക്തിചിന്തയുടെ സ്ഥാനം സമൃദ്ധവും പ്രാധാന്യമേറിയതുമാണെന്നുള്ള ഏക ഉദ്ദേശ്യം വ്യക്തമാക്കാൻവേണ്ടിയുള്ളതാണ്. പരിശുദ്ധ ഖുർആനിലെ 6236* സൂക്തങ്ങളിൽ അഞ്ഞൂറിൽപ്പരം സൂക്തങ്ങൾക്ക്, അതായത് പന്ത്രണ്ടിലൊരു ഭാഗത്തിൽ കുറവായവക്ക് മാത്രമേ നിയമപരമായ സ്വഭാവമുള്ളൂ. ഇമാം അബൂഹനീഫയുടെ അഭിപ്രായമനുസരിച്ച് പ്രവാചകന്റെ ആധികാരിക വചനങ്ങൾ പതിമൂന്നായിരത്തിൽപ്പരം മാത്രമാണ്. മറ്റു ചിലർക്കാകട്ടെ, ഇവ ശരാശരി രണ്ടായിരത്തിൽപ്പരം വരും. ഈ വസ്തുത പരിഗണിക്കുമ്പോൾ നിയമശാസ്ത്രപരമായ തത്ത്വങ്ങൾ, ഏകാഭിപ്രായം, വ്യക്തിപരമായ ശ്രമങ്ങൾ എന്നിവ തങ്ങളുടെ മുൻപാകെയുള്ള പ്രശ്നങ്ങളിൽ തീർപ്പുകൽപ്പിക്കുന്നതിന് സഹായകമായ നിയമങ്ങൾ കണ്ടെത്തുന്നതിനുപയോഗിച്ചുകൊണ്ട് നേരിട്ടുള്ള വചനങ്ങളോട് കൂട്ടിച്ചേർക്കുന്നതിൽ ഫുഖഹാക്കൾ, അഥവാ നിയമശാസ്ത്രജ്ഞന്മാർ വഹിച്ച പങ്ക് ഇല്ലായിരുന്നുവെങ്കിൽ പ്രായോഗികമായി ഇസ്‌ലാമിക നിയമത്തിന്റെ ക്രമാനുഗതമായ വളർച്ച കണ്ടെത്തുക അസാധ്യമായിരുന്നേനെ.

ഇസ്‌ലാമിക നിയമം അതായത് ശരീഅത്ത്, ഫിഖ്ഹിന്റെ ഉസൂലുകൾ അതായത് മതപരമായ നിയമശാസ്ത്രം എന്നിവ ഒന്നിച്ച് കണക്കിലെടുക്കുമ്പോൾ വിശ്വാസിയുടെ വ്യക്തിജീവിതം ക്രമപ്പെടുത്തുന്ന സർവവ്യാപിയായ ചില നിയമക്രമങ്ങളെ അവ പവിത്രീകരിക്കുന്നുണ്ട്. സുന്നീഫിഖ്ഹിന്റെ സ്വതന്ത്രമായ നാല് ചിന്താസരണികൾ ഒരു നൂറ്റാണ്ടിനുള്ളിൽത്തന്നെ നിലവിൽവന്നു എന്ന വസ്തുത ഇസ്‌ലാമിക നിയമത്തിന്റെ ചലനാത്മകസ്വഭാവം വിളിച്ചോതുന്നു. നമുക്ക് ഹനഫീഫിഖ്ഹുണ്ട്. 767-ൽ ദിവംഗതനായ ഇമാം അബൂ ഹനീഫ ഇജ്തിഹാദിന്റെയും ഇസ്തിഹ്സാന്റെ(നിയമപരമായ നിഷ്പക്ഷത)യും തത്ത്വങ്ങൾ ആവിഷ്കരിച്ചു. ഈ കാലഘട്ടത്തിൽ നിയമശാസ്ത്രജ്ഞന്മാർ രണ്ട് വിഭാഗങ്ങളായി തിരിഞ്ഞു-ഹദീസിനെ ഉയർത്തിപ്പിടിച്ചവരും സ്വകാര്യാഭിപ്രായങ്ങളെ ഉയർത്തിപ്പിടിച്ചവരും. പിന്നീട് നമ്മുടെ മുൻപിലുള്ളത് 819-ൽ നിര്യാതനായ, ശാഫിഈ ഫിഖ്ഹിന്റെ ഉപജ്ഞാതാവാണ്. പരസ്പരം പോരടിച്ചുനിന്ന ഈ രണ്ടു നിലപാടുകൾക്കുമിടക്ക് അദ്ദേഹം സമതുലിതാവസ്ഥ നിലനിർത്തി. നബിവചനങ്ങൾക്കുനേരെ ശ്രദ്ധാർഹമായ ചായ്‌വ് അദ്ദേഹ

* ഖുർആൻ സൂക്തങ്ങളുടെ എണ്ണത്തിൽ പണ്ഡിതൻമാർക്കിടയിൽ അഭിപ്രായാന്തരമുണ്ട്.

ത്തിന്റെ ഭാഗത്തുണ്ടായിരുന്നുവെങ്കിലും, ആ വചനങ്ങൾ അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ആധികാരികമായി ഉറപ്പിക്കപ്പെടണമായിരുന്നു. 795–ൽ നിര്യാതനായ ഇമാം മാലിക്കിന്റെ ചിന്താസരണി മദീനയിൽ നില വിലുള്ള ആചാരങ്ങളിൽ ഊന്നിനിന്നു. അദ്ദേഹം ഇജ്മാഇന്റെ പ്രാബല്യം ഉറപ്പിച്ചു. അവസാനമായി ഇമാം ഇബ്നു ഹംബലി(നിര്യാണം 855)ന്റെ ചിന്താസരണിയിലാകട്ടെ, ഹദീസുകളുടെ ഭാഷാപരമായ വ്യാഖ്യാന ങ്ങൾക്കുവേണ്ടി നിലനിന്ന ഒരു ചിന്താമാർഗം ഉരുത്തിരിഞ്ഞുവരുന്നത് നാം കാണുന്നു. ഇജ്മാഇനും ഖിയാസിനും അദ്ദേഹം നാമമാത്രമായ പങ്കേ അനുവദിച്ചുള്ളൂ. ആ ചിന്താധാരയെ സംബന്ധിച്ചിടത്തോളം ഖുർആനും സുന്നത്തും തന്നെ ഇസ്‌ലാമിക നിയമത്തിന്റെ മതിയായ ഉറവിടങ്ങളായി രുന്നു.

ശരീഅത്ത് അതായത് ശരിയായ നിയമം, സ്വഹീഹ് അഥവാ നിയമ വിധേയമായത്, ബാത്വിൽ അഥവാ വിലക്കപ്പെട്ടത് എന്നിവ തമ്മിൽ വേർതി രിക്കുന്നു. ചില കർമങ്ങൾ നിർബന്ധമായ നിലയിൽ നിർദേശിക്കപ്പെട്ടിരി ക്കുന്നു. ദൈവത്തിന്റെ അവകാശങ്ങളോട് (ഹുഖൂഖുല്ലാഹ്) ബഹുമാനം പ്രകടിപ്പിക്കാൻ മറ്റു ചിലത് മനുഷ്യരുടെ ചുമതലകളായി (ഹുഖൂഖുൽ അബ്ദ്) ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. ദൈവത്തിന്റെ അവകാശങ്ങൾ വിശ്വാസം അഥവാ ഈമാൻ, അഞ്ച് വ്യത്യസ്ത സമയങ്ങളിലെ പ്രാർഥ നകൾ, റമദാൻ വ്രതം, ദാനം അഥവാ സകാത്ത്, തീർഥയാത്ര, ഖുംസ് അഥവാ യുദ്ധത്തിൽ ശത്രുവിൽനിന്ന് നേടിയ മുതലിൽനിന്നോ ഖനിക ളിൽനിന്ന് നേടിയ മുതലിൽനിന്നോ അഞ്ചിലൊന്ന് നല്കൽ, വധത്തി ൽനിന്ന് ഒഴിഞ്ഞുനിൽക്കൽ, മദ്യപാനത്തിൽനിന്നും മറ്റു മയക്കുമരുന്നുക ളുടെ ഉപയോഗത്തിൽനിന്നും ഒഴിഞ്ഞുനില്ക്കൽ, പരസ്ത്രീഗമനം, ചൂതാട്ടം തുടങ്ങിയവ ഒഴിവാക്കൽ എന്നിവയാണ്. ഇവ പൂർണാവകാശങ്ങളായി അറി യപ്പെടുന്നു. ഭാഗികാവകാശങ്ങളായറിയപ്പെടുന്ന മറ്റു ചിലതുണ്ട്. അവ വ്യക്തികൾ തമ്മിൽ ബന്ധപ്പെട്ടുകിടക്കുന്നുവെങ്കിലും മോഷണം തുടങ്ങി യവപോലെ സ്റ്റേറ്റിന്റെ മേൽനോട്ടത്തിൻകീഴിലുള്ളവയാണ്. വ്യക്തികളുടെ അവകാശങ്ങളിൽ നിയമശാസ്ത്രജ്ഞന്മാർ കണ്ടെത്തുന്നത് മനുഷ്യന്റെ സുരക്ഷിതത്വം, അന്തസ്സിന്റെ ഭദ്രത, ഉടമസ്ഥാവകാശത്തിന്റെ സുരക്ഷ, വൈവാഹിക ജീവിതത്തിന്റെ സുരക്ഷിതത്വം, രക്ഷാകർത്തൃത്വത്തിന്റെ ഉറപ്പ്, പിന്തുടർച്ചാവകാശത്തിന്റെ സുരക്ഷ, എല്ലാ നിയമ വിധേയ കർമ ങ്ങൾക്കുമുള്ള സ്വാതന്ത്ര്യത്തിന്റെ സുരക്ഷിതത്വം എന്നിവയാണ്. വ്യക്തി യുടെയും ഭരണകൂടത്തിന്റെയും ഭാഗികാവകാശങ്ങൾ മറ്റുള്ളവരുടെ അന്ത സ്സിന്മേലുള്ള ആക്രമണങ്ങളെ പ്രതിരോധിക്കുന്നതുമായും മറ്റൊരാളുടെ ചാരിത്ര്യത്തെ കൈയേറ്റം ചെയ്യുന്നവരോടുള്ള പെരുമാറ്റവുമായും ബന്ധ പ്പെട്ടുനിൽക്കുന്നു. അവക്കുപുറമേ ഈ കർമങ്ങൾ സംസാരിക്കുക, കാണു ക, സ്പർശിക്കുക, പുഞ്ചിരിക്കുക, കൈകളോ മറ്റവയവങ്ങളോ ഉപയോഗി ക്കുക തുടങ്ങിയ ശരീരത്തിന്റെ കർമങ്ങളെ മാത്രമല്ല ഉൾക്കൊള്ളുന്നത്.

മറിച്ച് ചിന്തിക്കുക, വിശ്വസിക്കുക, ആഗ്രഹിക്കുക തുടങ്ങിയ ഖൽബി(മാനസിക)യായ വ്യാപാരങ്ങളെയും ഉൾക്കൊള്ളുന്നു. തീർച്ചയായും ശരീഅത്ത് ബാഹ്യകർമങ്ങളെ മാത്രമേ ബാധിക്കുന്നുള്ളൂ.

കർമങ്ങളുടെ സദാചാരനിയമപരമായ സ്വഭാവം വിശാലമായ ഒരു സ്പെക്ട്രത്തിൽ (വർണരാജിയിൽ) പരത്തിയിരിക്കുന്നു. അവ താഴെപ്പറയുന്നവയാണ്.

(എ) നിയമാനുശാസിത കർമങ്ങൾ: പ്രാർഥന, വ്രതം മുതലായ പ്രാഥമിക തലത്തിൽത്തന്നെ നിർബന്ധമായ കർമങ്ങൾ. ശാഫിഈ മദ്ഹബ് അനുസരിച്ച് ഫർദ്കിഫായ എന്ന ഒന്നുണ്ട്. അവ പ്രാഥമികതലത്തിൽത്തന്നെ നിർബന്ധമാണ്. പക്ഷേ, ആരെങ്കിലും അവ നിർവഹിച്ചാൽ മറ്റുള്ളവർ അത് ചെയ്യേണ്ട ആവശ്യം പരിഹരിക്കപ്പെടുന്നു. മൃതദേഹം മറവുചെയ്യുക, ശത്രുവിനോട് പൊരുതുക തുടങ്ങിയവ ഉദാഹരണങ്ങളാണ്.

(ബി) വാജിബുകൾ: തന്റെ ഭാര്യയെയും കുട്ടികളെയും പുലർത്തുക എന്നതുപോലെ രണ്ടാമത്തെ ഘട്ടത്തിൽ നിർബന്ധമായ കാര്യങ്ങളാണവ.

(സി) സുന്നത്ത്: നബി ചെയ്യുകയോ അംഗീകരിക്കുകയോ ചെയ്ത കർമങ്ങൾ. മുസ്തഹബ്ബ്, അഥവാ ദാനം പോലെ എടുത്തുപറയപ്പെട്ട കാര്യങ്ങൾ.

(ഡി) മുബാഹ്: ചെയ്തോ ചെയ്തില്ലേ എന്നതിന് പ്രസക്തിയില്ലാത്തത്ര ചെറുതായ പൊറുക്കപ്പെടാവുന്ന കാര്യങ്ങൾ.

നിയമവിരുദ്ധ കർമങ്ങൾ, ഇതേപോലെ ഫസാദ് അഥവാ ക്രൂരകൃത്യങ്ങൾ, ഹറാം അഥവാ വിലക്കപ്പെട്ടവ, മക്റൂഹ് അഥവാ അനഭിലഷണീയമായവ ഈ ചെയ്തികൾ ചെയ്യുന്നതിൽ നിന്ന് വ്യക്തിയെ തടയാൻ നിയമത്തിന് അധികാരമില്ലെങ്കിലും തൽസമയം അവയിൽ നിന്നൊഴിഞ്ഞു നിൽക്കുന്നത് അഭികാമ്യമായി കരുതപ്പെടുന്നു.

വിശ്വാസങ്ങൾ, സദാചാരം, ആരാധന, വിവാഹം മുതലായ പൗരജീവിതത്തിലെ കൊള്ളക്കൊടുക്കകൾ, മനുഷ്യശരീരത്തിനും സ്വത്തിനും അന്തസ്സിനും ബോധപൂർവം അപകടം വരുത്തുക, പൊതുസമാധാനത്തിനു ഭംഗം വരുത്തുന്ന ലഹള, പെരുവഴി പിടിച്ചുപറി എന്നിവക്കുള്ള ശിക്ഷകൾ, സകാത്ത് നല്കാതിരിക്കുന്നതുപോലെ മതത്തിനെതിരായ പ്രവർത്തനം, പരസ്ത്രീഗമനം, ലഹരി പദാർഥങ്ങളുടെ ഉപയോഗം, ചൂതാട്ടം മുതലായവപോലെ മനുഷ്യന്റെ അന്തസ്സിന്നെതിരായ സമരം, വ്യവസ്ഥാപിത ഗവൺമെന്റുകൾക്കെതിരായി സമരങ്ങൾ സംഘടിപ്പിക്കുക തുടങ്ങിയ യത്നങ്ങൾ എന്നിവയെല്ലാം ഇസ്‌ലാമികനിയമം കൈകാര്യം ചെയ്യുന്നു. ദൈവത്തിന്നെതിരായ നാലുതരം കുറ്റങ്ങൾ(ഹുദൂദുകൾ)ക്ക് ഖുർആനിൽ ശിക്ഷ വ്യക്തമാക്കിയിട്ടുണ്ട്. മോഷണം (സരിഖത്ത്), കൊലപാതകം (ഖിതാൽ), വ്യഭിചാരം (സിനാ), ലഹരിപാനീയങ്ങളുടെ ഉപയോഗം എന്നിവയാണവ.

ഉപരിസൂചിതവും വിശാലമായ പശ്ചാത്തലം ഉൾക്കൊള്ളുന്നതുമായ ഇസ്ലാമിന്റെ നിയമശാസ്ത്രത്തിനു പുറമേ മുസ്ലിം എഴുത്തുകാർ ഫിഖ്ഹ് എന്നോ ഉസൂലുദ്ദീൻ അഥവാ വിശ്വാസത്തിന്റെ വേരുകൾ എന്നോ വിളിക്കുന്ന ഒന്നുണ്ട്. ശാഖോപശാഖകളായിപ്പിരിയുന്ന വേരുകൾ (തത്ത്വങ്ങൾ) ആണവ. ഒരു നിയമശാസ്ത്രമെന്ന നിലയിൽ ഫിഖ്ഹ് തത്ത്വങ്ങൾ കൈകാര്യം ചെയ്യുന്നു. പൗരാണിക നിയമ ശാസ്ത്രജ്ഞന്മാർ ഉസ്വൂലുൽഫിഖ്ഹിൽ കഴിഞ്ഞ ആയിരത്തിനാനൂറ് വർഷങ്ങളായി വളരെയധികം ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്. പ്രത്യേകിച്ചും ആദ്യഘട്ടങ്ങളിൽ അന്തർദേശീയ നിയമത്തിന്റെ മേഖലകളിൽ. (പ്രൊഫ. ഹമീദുല്ലായുടെ 'Muslim Contact of the State', p.47). മുസ്ലിം രാഷ്ട്രത്തിന്റെ വികാസത്തോടെ പ്രതീക്ഷിച്ചപോലെത്തന്നെ, (മുൻകാലത്ത് റോമൻ നിയമങ്ങൾ പ്രാബല്യത്തിലുണ്ടായിരുന്ന പ്രദേശങ്ങളിൽ വിശേഷിച്ചും) റോമൻ നിയമതത്ത്വങ്ങളും ഇസ്ലാമിക നിയമത്തിന്റെ ആദ്യകാല പ്രയോക്താക്കൾ ഖുർആനും സുന്നത്തും വ്യാഖ്യാനിച്ചുണ്ടാക്കിയ നിയമങ്ങളും തമ്മിൽ പരസ്പരബന്ധം വന്നുപെട്ടു. ഇസ്ലാമിക നിയമം അതിന്റെ വളർച്ചയിൽ നിർണായകമാം വിധത്തിൽ റോമൻ നിയമങ്ങളാൽ സ്വാധീനിക്കപ്പെട്ടു എന്ന പ്രശ്നം വളരെയൊന്നും ഉദിക്കുന്നില്ല. ചിലർ പറയുന്നതുപോലെ പ്രവാചകന്റെ മദീനാ ജീവിതത്തിന്റെ അവസാന ഘട്ടങ്ങളിലാണ് ഇസ്ലാം ഒരു നിയമവ്യവസ്ഥയായി വളർന്നുവന്നത് എന്നതും ശരിയല്ല. ഇസ്ലാംമത പ്രവാചകന്റെ മക്കാ ജീവിതകാലം നമുക്ക് കാണിച്ചുതന്നത് വെറും സദാചാരപരമോ പ്രബോധനപരമോ ആയ ഒരു പ്രക്രിയയാണ്. ആ പ്രക്രിയയിൽ ഇസ്ലാമിക പ്രചാരണം മുഖ്യമായും ആദ്യഘട്ടത്തിൽ അദ്ദേഹത്തിന്റെ ബന്ധുക്കളിലും പിൽക്കാലത്ത് സുഹൃത്തുക്കളുടെയും കുടുംബക്കാരുടെയും അടുത്ത വൃത്തങ്ങളിലും ഒതുങ്ങിനിന്നു എന്നത് ശരിയാണ്. എന്നാൽ, ആദ്യകാല മക്കീ വചനങ്ങളിൽ വിശ്വാസികൾ അനാഥകളെ തീറ്റിപ്പോറ്റണമെന്നും അർഹരായവരെയും വഴിയാത്രക്കാരെയും പരിരക്ഷിക്കണമെന്നും മറ്റും പറഞ്ഞത്, വിശ്വാസികൾക്കുള്ള, നിയമമെന്ന അടിസ്ഥാനത്തിൽ പ്രായോഗികമാക്കാൻ കരുത്തും സാധ്യതയുമുള്ള ആജ്ഞതന്നെയാണ്. പിൽക്കാലത്ത് പ്രവാചകൻ ഹിജ്റ എന്നറിയപ്പെടുന്ന മഹത്തായ പ്രയാണത്തിന് മക്കയിൽനിന്ന് തിരിക്കാൻ നിർബന്ധിതനായപ്പോൾ ഇസ്ലാമിന്റെ രണ്ടാം ഖലീഫയായ ഹദ്റത്ത് ഉമറിന് ഇസ്ലാമിക കലണ്ടറിന്റെ തുടക്കം കുറിക്കാൻ ലഭിച്ച നിർദേശങ്ങളിൽ പോലും നിയമപ്രശ്നങ്ങളുണ്ടായിരുന്നു. അക്കാലത്തുതന്നെ ആദ്യത്തെ ഇസ്ലാമിക രാഷ്ട്രം കെട്ടിപ്പടുക്കപ്പെട്ടിരുന്നു എന്നതുകൊണ്ടാണ് ഇതാവശ്യമായി വന്നത്. പ്രവാചകനാൽ മദീനയിലെ ഭരണകാര്യങ്ങൾ തീരുമാനിക്കപ്പെട്ടിരുന്ന ഉടമ്പടിയുടെ തത്ത്വങ്ങളിലും ഇത് പ്രതിഫലിച്ചു കാണാം. താഴെപ്പറയുന്ന മദീനാസൂറഃകൾ ധാരാളക്കണക്കിൽ ഇസ്ലാമിക നിയമങ്ങൾ ഉൾക്കൊള്ളുന്നു: അൽബഖറ, ആലുഇംറാൻ, അന്നിസാഅ്.

നിയമശാസ്ത്രജ്ഞന്മാർ നടത്തിയ അപഗ്രഥനങ്ങളെല്ലാം തന്നെ ഖുർആന്റെ വചനങ്ങളിലും പ്രവാചക വചനങ്ങളിലും സമൂഹത്തിന്റെ ഏകാഭിപ്രായങ്ങളിലും വ്യക്തിപരമായ നിയമശാസ്ത്രാഭിപ്രായങ്ങളിലും തെളിഞ്ഞുനിന്ന ആജ്ഞകൾ കണ്ടെത്തുന്നതിലും വ്യവസ്ഥാപിതമായി സമാഹരിക്കുന്നതിലും ഇസ്‌ലാമിക നിയമ ശാസ്ത്രജ്ഞന്മാർ പുലർത്തിയ നിരന്തര ശ്രദ്ധയും അക്ഷീണ പരിശ്രമവും പണ്ഡിതോചിതാധ്വാനവും ബഹുമാനപൂർവമായ നിലപാടും എത്രത്തോളമായിരുന്നു എന്ന് വിളിച്ചോതുന്നു. തീർച്ചയായും ഇസ്‌ലാമിലെ നിയമശാസ്ത്രം അവസാന വിശകലനത്തിൽ ഒരു വിശാലമായ സൗഹൃദത്തിന്റെ സന്തതിയാണ്. വ്യാഖ്യാനിക്കാനും വികസിപ്പിക്കാനും പ്രയോഗിക്കാനും ഒരു ഭരണകൂടത്തിൽ കുറഞ്ഞ ഒന്നിന്റെയും പരമാധികാരം ആവശ്യമില്ലാത്ത മതപണ്ഡിതന്മാരുടെ സൗഹൃദത്തിന്റെ സന്തതി. ഇസ്‌ലാമിൽ ഒരു കർമത്തിന്റെ നിയമപരത ആ കർമത്തിന്റെ നിർണായക സ്വഭാവം തന്നെയാണ്. അതിന്റെ നിർമാണാത്മകവും നിഷേധാത്മകവുമായ വശങ്ങളിൽ, ഒരു നിയമവ്യവസ്ഥയുടെ മൂശയിൽ വാർന്നുവീഴാത്ത ഒരു കർമവും ഇല്ലതന്നെ.

# ഇസ്‌ലാമിന്റെ സംഭാവന പാശ്ചാത്യ പണ്ഡിതന്മാരുടെ കാഴ്ചപ്പാടിൽ

ഇസ്‌ലാമിക നിയമത്തിന്റെ അടിസ്ഥാന തത്ത്വങ്ങളുടെ വിശകലനത്തിൽ നിന്ന്, അതായത് അതിന്റെ അടിസ്ഥാന സ്രോതസ്സുകളായ ഖുർആന്റെയും ഹദീസ് സാഹിത്യത്തിന്റെയും പഠനത്തിൽനിന്ന് ഒരു വസ്തുത നാം പരിഗണിക്കേണ്ടതായി വരുന്നു. മനുഷ്യസംസ്കാരത്തിന് പൊതുവായും ഇസ്‌ലാമിക നിയമത്തിന് പ്രത്യേകമായും ഇസ്‌ലാം നൽകിയ സംഭാവനകളെ പാശ്ചാത്യ പണ്ഡിതന്മാർ (ഓറിയന്റലിസ്റ്റുകളുടെയോ അറബിസ്റ്റുകളെന്ന് വിളിക്കപ്പെടുന്നവരുടെയോ രചനകളെയാണ് ഞാനിതുകൊണ്ട് അർഥമാക്കുന്നത്) എങ്ങനെ വിലയിരുത്തുന്നു എന്നതാണത്. ഇംഗ്ലീഷ്, ഫ്രഞ്ച്, ജർമൻ, റഷ്യൻ തുടങ്ങിയ പ്രമുഖ ഭാഷകളിലുള്ള ഈ രചനകൾ പൂർണമായും നിഷേധാത്മകമായ ഒരു സമീപനം സ്വീകരിക്കുന്നില്ലെങ്കിൽ പോലും, ലോക സാഹചര്യങ്ങളിൽ ഇസ്‌ലാമിനുള്ള സ്ഥാനത്തെക്കുറിച്ച്, വിമർശനാത്മകമായ നിലപാട് പുലർത്തുന്നവയാണ്. നിയമ സമ്പ്രദായത്തിന് ഇസ്‌ലാം നൽകിയ സംഭാവനകൾ എങ്ങനെ വിശകലനം ചെയ്യപ്പെട്ടു എന്നതിനും വിലയിടിച്ചു കാണിക്കപ്പെട്ടു എന്നതിനും ജോസഫ് ഷാഷ്റ്റിന്റെയോ (അദ്ദേഹത്തിന്റെ 'മുഹമ്മദൻ നിയമതത്ത്വശാസ്ത്രത്തിന്റെ ഉദ്ഭവം' എന്ന പുസ്തകം നോക്കുക) എസ്.സി. ഗോയിറ്റിന്റെയോ (ഇസ്‌ലാമിക ചരിത്രത്തെക്കുറിച്ചും സ്ഥാപനങ്ങളെക്കുറിച്ചുമുള്ള പഠനങ്ങൾ എന്ന പുസ്തകം നോക്കുക.) പ്രൊഫ. മോണ്ട് ഗോമറി വാറ്റിന്റെയോ പോലും പുസ്തകങ്ങൾ മതിയായ ഉദാഹരണങ്ങളാണ്. (പ്രൊഫ. മോണ്ട് ഗോമറി വാറ്റിന്റെ രണ്ടു ഭാഗങ്ങളിലായി രചിക്കപ്പെട്ടിട്ടുള്ള നബിയുടെ ജീവചരിത്രമോ– 'മുഹമ്മദ് മക്കയിൽ', 'മുഹമ്മദ് മദീനയിൽ'– 'ഇസ്‌ലാമിന്റെ രാഷ്ട്രീയ ചിന്ത'യോ നോക്കുക.) ഞാൻ ഏതാനും ആധുനിക പണ്ഡിതരുടെ പേരുകൾ പറഞ്ഞു എന്ന് മാത്രം. ഇങ്ങനെ എണ്ണിപ്പറയാൻ തുടങ്ങിയാൽ ധാരാളം പുസ്തകങ്ങളുണ്ട്. ഇവയിൽ ഏറ്റവും പ്രധാനം പാട്രീഷ്യ ക്രോൺ, മൈക്കൽ കുക്ക് എന്നിവർ ചേർന്നെഴുതിയ 'Hagarism the making

of Islamic World' എന്ന പുസ്തകമാണെന്നെനിക്കു തോന്നുന്നു. രചയിതാക്കൾ തന്നെ ഈ കൃതിയെപ്പറ്റി പറയുന്നത്, ഏതു മുസ്‌ലിം പരിപ്രേക്ഷ്യത്തിലൂടെ നോക്കിയാലും അവിശ്വാസികൾ അവിശ്വാസികൾക്കു വേണ്ടി അവിശ്വാസികളുടെ കേന്ദ്രങ്ങളിൽനിന്ന് പ്രവഹിച്ച വസ്തുതകൾക്ക് അമിതമായ പരിഗണന നല്കിക്കൊണ്ട് രചിച്ച ഒരു കൃതി എന്നാണ്. ഗ്രന്ഥകർത്താക്കൾ നിഷ്കപടമായും ഇങ്ങനെ പറയുന്നു: "ഞങ്ങളുടെ വിവരണങ്ങൾ ഒരു മുസ്‌ലിമിന് അസ്വീകാര്യമാവുക മാത്രമല്ല ചെയ്യുന്നത്, ഒരു കടുക് മണിയോളം വിശ്വാസമുള്ള ഒരു മുസ്‌ലിമിനുപോലും അവ നിഷേധിക്കുന്നതിൽ യാതൊരു വിഷമവുമനുഭവപ്പെടുകയില്ല." ഇസ്‌ലാമിക ലോകത്തിന്റെ നിർമിതിയെക്കുറിച്ച് അവരെത്തിച്ചേർന്ന സാമാന്യനിഗമനം താഴെ പ്പറയുന്ന വരികളിലുണ്ട്:

സത്യത്തിൽ ഇസ്‌ലാമിന്റെ ആദ്യകാല വികാസങ്ങളുടെ ചരിത്രങ്ങളത്രയും അതിനെ സ്വയംസിദ്ധമാക്കുന്നു. ഇസ്‌ലാമിക സ്രോതസ്സുകളിൽ നിന്ന് ഈ പ്രക്രിയയുടെ രൂപരേഖകളെങ്കിലും നമുക്ക് പുറത്തുകൊണ്ടുവരാവുന്നതാണ്. എന്തായാലും ഈ ഉറവിടങ്ങൾ പ്രകടമാംവിധത്തിൽ നേരത്തെയുള്ളവയല്ല എന്ന് പരക്കെ അറിയപ്പെട്ടിരിക്കുന്നു. ഏഴാം നൂറ്റാണ്ടിന്റെ അവസാന ദശകത്തിനു മുമ്പ് ഖുർആൻ ഏതെങ്കിലും രൂപത്തിൽ നിലനിന്നിരുന്നു എന്നതിന് വ്യക്തമായ തെളിവൊന്നുമില്ല. ഇതിനെ ചരിത്ര പശ്ചാത്തലത്തിൽ, ഇന്ദ്രിയ വിധേയമല്ലാത്ത ദിവ്യവെളിപാടായി ചിത്രീകരിച്ച ഹദീസുകളാകട്ടെ എട്ടാം നൂറ്റാണ്ടിന്റെ മധ്യത്തിനു മുമ്പ് സത്യമെന്നുറപ്പിക്കപ്പെട്ടിട്ടുമില്ല. അതിനാൽ, ഇസ്‌ലാമിക പാരമ്പര്യത്തിന്റെ ചരിത്രയാഥാർഥ്യം ഒരളവോളം സന്ദിഗ്ധമാണ്. അതിനെ നിഷേധിക്കാനുള്ള ബലവത്തായ ആന്തരിക കാരണങ്ങളൊന്നുമില്ലാത്തപ്പോൾ തന്നെ സ്വീകരിക്കാനുള്ള തുല്യമായ ബാഹ്യകാരണങ്ങളുമില്ല. ഇത്തരമൊരു സാഹചര്യത്തിൽ വിവേകപൂർവം എഡിറ്റ് ചെയ്യപ്പെട്ട ഹദീസുകളെ ചരിത്രസത്യമെന്ന നിലക്ക് അംഗീകരിച്ചുകൊണ്ട് മുൻപോട്ടു പോകുന്ന പതിവുവഴക്കം ഒരിക്കലും അയുക്തികമായിരിക്കുകയില്ല. എന്നാൽ, തുല്യമായ അർഥത്തിൽത്തന്നെ, ഹദീസിനെ നിർണിതമായ ചരിത്ര യാഥാർഥ്യമല്ലാതാക്കിക്കണക്കാക്കുന്നതിലും അവയെ എട്ടാം നൂറ്റാണ്ടുകളിലെ മതാശയങ്ങളാണ് എന്നുറപ്പിക്കുന്നതിലും അടിസ്ഥാനമുണ്ടെന്ന് പറയേണ്ടിവരും. ഇസ്‌ലാമികമായ സ്രോതസ്സുകൾ ഈ രണ്ട് വ്യത്യസ്ത കാഴ്ചപ്പാടുകളെയും പ്രാവർത്തികമാക്കുന്നതിന് ധാരാളം അവസരം നൽകുന്നു. പക്ഷേ, തമ്മിൽ മധ്യസ്ഥ സമീപനം കൈക്കൊണ്ട് വിധിനിർണയം നടത്തുന്നതിനുള്ള നിർണായക മാർഗത്തിൽ ഉപയോഗിക്കാവുന്ന ഒന്നും അത് വാഗ്ദാനം ചെയ്യുന്നില്ല. ഈ ധർമസങ്കടത്തിൽ ഏകമാർഗം ഇസ്‌ലാമിക പാരമ്പര്യത്തിൽനിന്ന് പുറത്തുകടക്കുകയും വീണ്ടും പഠനമാരംഭിക്കുകയുമാണ്.

തുടക്കത്തിൽതന്നെ ഒരു കാര്യം ശ്രദ്ധിക്കേണ്ടതുണ്ട്. ഖുർആൻ ലിഖിതരൂപത്തിലോ മനുഷ്യഹൃദയത്തിൽ ഓർമകളുടെ രൂപത്തിലോ ആധി

കാരികമായി സൂക്ഷിക്കപ്പെട്ടിട്ടില്ലായിരുന്നുവെങ്കിൽ-ഖുർആൻ പ്രവാചകന് അവതരിക്കപ്പെടുകയും അതദ്ദേഹം തന്റെ അനുയായികൾക്ക് പറഞ്ഞു കൊടുക്കുകയും ചെയ്ത അതേ നിമിഷത്തിൽതന്നെ ഏതെങ്കിലും രൂപത്തിൽ നിലനിർത്തിയെങ്കിൽ മാത്രമേ അങ്ങനെ സൂക്ഷിക്കുവാൻ കഴിയൂ-മതവിശ്വാസത്തിന്റെ അടിത്തറതന്നെ സൂക്ഷിക്കപ്പെട്ടിട്ടില്ലായിരുന്നുവെങ്കിൽ എങ്ങനെയാണ് ഖുർആൻ ഹദ്റത്ത് ഉസ്മാന്റെ കാലത്ത് സമാഹരിക്കാൻ കഴിയുക? ഏഴാം നൂറ്റാണ്ടിന്റെ അവസാനംവരെ ഖുർആൻ സമാഹരിക്കപ്പെട്ടിട്ടില്ലായിരുന്നു എന്ന നിഗമനത്തിലാണ് പടിഞ്ഞാറൻ പണ്ഡിതന്മാർ എത്തിച്ചേരുന്നത്. എങ്കിൽ അവർ നമുക്കൊരു കാര്യം പറഞ്ഞുതന്നേ മതിയാകൂ: എങ്കിൽപ്പിന്നെ എങ്ങനെ അത് സമാഹരിക്കപ്പെട്ടു? അതും ഇക്കഴിഞ്ഞ പതിമൂന്നു നൂറ്റാണ്ടുകളായി അതിന്റെ മൗലികതയെ ആരും ചോദ്യം ചെയ്യാതിരിക്കത്തക്കവണ്ണം അത്രക്കും ഏകകണ്ഠമായിത്തന്നെ. പ്രവാചകന്റെ ജീവിതകാലത്തിനുശേഷം ആരെങ്കിലും കെട്ടിച്ചമച്ചതാണ് ഖുർആൻ എന്നവരൊട്ട് ഉറപ്പിച്ചു പറയുന്നുമില്ല.

ഈ എഴുത്തുകാരെല്ലാം തന്നെ പ്രവാചകന്റെ ദിവ്യ വെളിപാടുകൾക്കുള്ള പങ്കിനെ ചെറുതാക്കിക്കാണാനുള്ള ബാലിശമായ ശ്രമം നടത്തുന്ന ഒരുതരം രോഗാതുരവീക്ഷണമാണ് പുലർത്തുന്നത്. ഇസ്‌ലാമിക നിയമത്തിന്റെ ഉദ്ഭവത്തെക്കുറിച്ച് അവർ പ്രതിപാദിക്കുന്നത് സാമൂഹ്യശാസ്ത്രപരമെന്ന് വിളിക്കപ്പെടുന്ന ഒരുതരം സമീപനത്തോടെയാണ്. അതായത്, ഇസ്‌ലാം സാമാന്യമായും അതിന്റെ നിയമങ്ങൾ പ്രത്യേകമായും ഖുർആനിലെ അവതീർണവചനങ്ങളുടെയും ചരിത്രത്തിൽ പ്രവാചകൻ നിലനിർത്തിയ വ്യക്തിത്വത്തിന്റെയും സ്വാധീനം ഉളവാക്കിയ ഫലങ്ങൾ എന്നതിനെക്കാളുമേറെ അക്കാലത്തെ സാമ്പത്തിക-രാഷ്ട്രീയ-സാമൂഹിക- സാംസ്കാരിക ഘടകങ്ങളുടെ പ്രവർത്തനഫലങ്ങളാണെന്ന സമീപനമാണത്. ഇസ്‌ലാമിക നിയമശാസ്ത്രം ഖുർആനിൽ നിന്നോ സുന്നത്തിൽനിന്നോ പ്രവാചകനിൽനിന്നോ നേരിട്ട് സ്വീകരിച്ചതിനെക്കാളധികം ഉമവീ സമ്പ്രദായങ്ങളിൽനിന്ന് ഉരുത്തിരിഞ്ഞു വന്നതാണ് എന്ന് സ്ഥാപിക്കാൻ പ്രൊഫ. ഷാഷ്റ്റ് പാടുപെട്ടിട്ടുണ്ട്. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ഖുർആനിൽനിന്നുള്ള മാനദണ്ഡങ്ങൾ ഇസ്‌ലാമിക നിയമത്തിൽ സ്വീകരിക്കാൻ തുടങ്ങിയത് രണ്ടാം ഘട്ടത്തിൽ മാത്രമാണ്. പ്രവാചകന്റെ സുന്നത്ത് എന്ന സങ്കല്പം ആദ്യമായി ഇസ്‌ലാമിൽ ആവിർഭവിച്ചത് മൂന്നാം ഖലീഫയായിരുന്ന ഉസ്മാൻ ഒരു രാഷ്ട്രീയ കിടമത്സരത്തിൽ വധിക്കപ്പെട്ടതുമായി ബന്ധപ്പെട്ടുകൊണ്ടാണെന്ന് അദ്ദേഹം കരുതുന്നു. പിന്നീട് അത് മനഃശാസ്ത്രപരമായ ഒരർഥം പ്രകടിപ്പിക്കുകയും അവസാനം ഒരു മുഴുവൻ നൂറ്റാണ്ടിനുശേഷം ഇറാഖി നിയമശാസ്ത്രജ്ഞന്മാരിലൂടെ ഇസ്‌ലാമിക നിയമത്തിൽ സ്ഥാനം നേടുകയും ചെയ്തുവത്രെ. അതിനുപുറമേ ഇസ്‌ലാമിന്റെ പ്രവാചകന്റെ സുന്നത്ത് ഇസ്‌ലാമിനു മുമ്പുണ്ടായിരുന്ന അറബികളുടെ സുന്നത്തിന്റെ മറ്റൊരു പേരാണെന്നു കൂടി അദ്ദേഹം അനുമാനിക്കുന്നുണ്ട്.

ആദ്യകാല മുസ്‌ലിംകളുടെ സജീവ സമ്പ്രദായങ്ങൾ പ്രവാചകനുമായി ബന്ധപ്പെടുത്തി എന്ന് സ്ഥാപിക്കാൻ അദ്ദേഹം ശ്രമിക്കുന്നു. അതുകൊണ്ടുതന്നെ ഹദീസ് മുഴുവനും അപ്രാമാണികമാണെന്ന വീക്ഷണമാണദ്ദേഹം ഉയർത്തിപ്പിടിക്കുന്നത്. പ്രവാചകനെക്കുറിച്ചും ആദ്യകാലത്തെ ആധികാരിക ഗ്രന്ഥങ്ങളെക്കുറിച്ചും ആരോപിക്കപ്പെട്ട നിയമാഭിപ്രായങ്ങളെ കേന്ദ്രീകരിച്ചു നിൽക്കുന്നു അദ്ദേഹത്തിന്റെ തിസീസ്. 'ഖിയാസ്' അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ജൂതമതത്തിൽനിന്ന് എടുത്തതാണ്. 'ഇജ്മാഅ്' റോമൻ നിയമത്തിൽനിന്ന് പഠിച്ചതും.

ഷാഷ്റ്റിന്റെ നിഗമനങ്ങളെ അഹ്മദ് ഹുസൈൻ എന്ന പാക്കിസ്ഥാനി പണ്ഡിതൻ വിശകലനം ചെയ്യുന്നുണ്ട്. ഷാഷ്റ്റിന്റെ വീക്ഷണങ്ങളുടെ അടിസ്ഥാനമില്ലായ്മ വ്യക്തമാക്കുവാനദ്ദേഹത്തിന് കഴിഞ്ഞിട്ടുമുണ്ട്. ഇസ്‌ലാമിക നിയമശാസ്ത്രത്തിന്റെ ഉള്ളടക്കമത്രയും തുടക്കം മുതൽക്കുതന്നെ ഖുർആനിനെയും പ്രവാചകന്റെ സുന്നത്തിനെയും അടിസ്ഥാനമാക്കിയതാണെന്ന നിഗമനത്തിൽ ഗ്രന്ഥകർത്താവ് എത്തിച്ചേരുന്നു. എന്നാൽ, ഇതിനുള്ള മെറ്റീരിയൽസ് പ്രധാനമായും സാർവത്രികമായ ഉമവീ സമ്പ്രദായങ്ങളും ഭരണകൂടവും സംഭാവന ചെയ്തതാണെന്ന വസ്തുത അദ്ദേഹം ഒഴിച്ചുനിർത്തുന്നില്ല. മൗലിക വസ്തുതകളുടെ അടിസ്ഥാനത്തിൽ അദ്ദേഹം ഇസ്‌ലാമിക നിയമശാസ്ത്രതത്ത്വങ്ങളായ ഖുർആൻ, സുന്നത്ത്, ഖിയാസ് തുടങ്ങിയവയുടെ ചരിത്രപരമായ പരിണാമം ചർച്ചചെയ്യുകയും ഇക്കാര്യത്തിൽ ഇമാം ശാഫിഇയുടെ സംഭാവനകൾ പ്രത്യേകം പരാമർശിക്കുകയും ചെയ്തിട്ടുണ്ട്.

മുകളിൽപറഞ്ഞ മറ്റെഴുത്തുകാരെപ്പറ്റിയും ഇതൊക്കെത്തന്നെയാണ് പരാമർശിക്കാനുള്ളത്. തീർച്ചയായും ദിവ്യവെളിപാടുകളുടെ പങ്കിനെ വിലയിടിച്ചു കാണുന്നതിൽ ചിലർ മറ്റുള്ള ചിലരെ അതിശയിക്കുന്നു. നിയമത്തിന് ഖുർആൻ നൽകിയ ഏത് പ്രധാന സംഭാവനയെയും പണ്ട് നിലനിന്നിരുന്ന അവിശ്വാസികളായ അറബികളുടെ സമ്പ്രദായങ്ങളുമായോ പിൽക്കാലത്തുണ്ടായതും ഖുർആൻ എടുക്കുന്ന നിലപാടിനോട് ബന്ധമൊന്നുമില്ലാത്തതുമായ ആകസ്മികാപയാനങ്ങളുമായോ ബന്ധപ്പെടുത്തുന്ന ഒരു സൂത്രവും അവർക്കുണ്ട്. ഞാൻ ഒരുദാഹരണം മാത്രം ചൂണ്ടിക്കാണിക്കുകയാണ്. ഈ വിമർശകരിലധികംപേരും പടിഞ്ഞാറൻ മാനദണ്ഡങ്ങൾ വെച്ചു നോക്കിയാൽ നേരത്തെ സൂചിപ്പിച്ച ഓറിയന്റലിസ്റ്റുകളെക്കാളും-ഞാൻ പേരു പറഞ്ഞിട്ടില്ലാത്ത പലരെക്കാളും പോലും-പാണ്ഡിത്യമുള്ളവരാണ്. അവർ ഇസ്‌ലാം എന്തിന് നിലനിൽക്കുന്നു എന്ന വസ്തുത വിവരിക്കുക മാത്രമല്ല ചെയ്യുന്നത്. ചരിത്രത്തിന്റെ ഗതി നിർണയിക്കുന്നതിൽ പ്രവാചകനുണ്ടായിരുന്ന പങ്കിന്റെ പ്രസക്തിയില്ലായ്മയെക്കുറിച്ച് വാദിക്കുന്നതിനുള്ള ഒരു പ്രത്യേകതരം തർക്കവിചാരം ഉപയോഗപ്പെടുത്താനും അത്തരത്തിലുള്ള ഒരുതരം യുക്തിചിന്ത പ്രദർശിപ്പിക്കാനും അവർ ശ്രമിക്കുന്നു. മനുഷ്യന്റെ നൈസർഗിക ശക്തികളുടെ പൂവണിയ

ലിന് ഇസ്‌ലാം യാതൊരു സംഭാവനയും നല്കുന്നില്ലത്രെ. താനുമായി ബന്ധപ്പെടുന്ന ഏതൊരാളെയും വഴിതെറ്റിക്കാനുള്ള തന്റെ വികലമായ ആശയങ്ങളെ ഒളിച്ചുവെക്കാനുള്ള പ്രവാചകന്റെ സൂത്രപ്പണികളാണ്പോലും ദിവ്യവെളിപാടുകൾ! ഇത്തരം പണ്ഡിതോചിതമായ പ്രസ്താവങ്ങൾ വായിക്കുന്ന ആരും തന്റെ പ്രചോദനത്തിന്റെയും മാർഗദർശനത്തിന്റെയും അടിസ്ഥാനപ്രമാണം മുറുകെപ്പിടിക്കാൻ ഒരു വിശ്വാസിക്ക് ഇസ്‌ലാമിന്റെ അധ്യാപനങ്ങളിൽ എന്തെങ്കിലുമുണ്ടോ എന്നോർത്ത് അന്തം വിട്ടുപോവുകതന്നെ ചെയ്യും.

ഇസ്‌ലാമിക ചരിത്രവും സ്ഥാപനങ്ങളും എന്ന ഗ്രന്ഥത്തിൽ 'ഇസ്‌ലാമിന്റെ നാലു മുഖങ്ങൾ' എന്ന പേരിൽ എസ്.സി. ഗോയ്റ്റിൻ ഉൾപ്പെടുത്തിയിട്ടുള്ള പ്രഥമ ലേഖനത്തിൽ താഴെപ്പറയുന്ന കാര്യങ്ങൾ പ്രതിപാദിച്ചിട്ടുണ്ട്. അതിൽ ഒന്നാമത്തേത് ഇതാണ്: മദീനയിൽ കുടിയേറിപ്പാർത്ത ശേഷം, മറ്റുള്ളവർക്കവതരിപ്പിക്കപ്പെട്ട ഒരു ദൈവിക ഗ്രന്ഥത്തിന്റെ അറബി ഭാഷാന്തരം നൽകുക മാത്രമാണ് താൻ എന്നാണ് മരുഭൂമിയിലെ വാണിജ്യകേന്ദ്രമായ മക്കാനഗരത്തിൽ നിന്നു വന്ന മുഹമ്മദെന്ന പ്രവാചകൻ തുടക്കത്തിൽ അവകാശപ്പെട്ടത്. മദീനയിലെത്തിയിട്ടും അദ്ദേഹം തന്റെ ജന്മനഗരത്തിലെ പ്രാകൃത മതത്തിന്റെ പരിശുദ്ധ ഗേഹമായ കഅ്ബയുമായുള്ള ബന്ധം വിച്ഛേദിച്ചില്ല; മറിച്ച് പ്രാകൃതമതത്തിന്റെ അനുഷ്ഠാന ക്രമങ്ങൾ തന്റെ പുതിയ മതത്തിൽ ഉൾക്കൊള്ളിക്കുകയാണ് ചെയ്തത്. അതുവഴി, തന്റെ ജന്മനഗരമുൾപ്പെടെയുള്ള പുണ്യസ്ഥലങ്ങൾ കീഴടക്കുന്നതുവരെ പടപൊരുതുക തന്റെ അനുയായികളുടെ ഒരു കടമയാക്കിത്തീർക്കുകയും ചെയ്തു അദ്ദേഹം. പുതിയ വിശ്വാസത്തിന്റെ സവിശേഷമായ അറബിസ്വഭാവത്തിൽ ശക്തമായൂന്നുക എന്ന ഫലമുളവാക്കാൻ വേണ്ടി, സംശയാതീതമായും ആത്മാർഥമായ മതവികാരങ്ങളെ രാഷ്ട്രീയമായ അവസരോചിത കാര്യസാധ്യതകളുമായി ബന്ധപ്പെടുത്തി. ഗ്രന്ഥം നൽകപ്പെട്ടവരുടെ മതസിദ്ധാന്തങ്ങളും ധാർമിക സങ്കല്പങ്ങളും ബൈബിളിന്റെ അടിസ്ഥാന പ്രമാണങ്ങളോടൊപ്പം ഖുർആനിൽ ഉൾക്കൊള്ളിക്കാൻ മക്കയിൽവെച്ച് അദ്ദേഹത്തെ പ്രേരിപ്പിച്ച അതേ കാരണങ്ങളാൽ തന്നെ മദീനയിൽവെച്ച് ജൂതാനുഷ്ഠാനങ്ങളും നിയമങ്ങളും അദ്ദേഹത്തെ സ്വാധീനിക്കുകയും ചെയ്തു. ഹിജ്റക്കുശേഷം മദീനയിൽ കഴിയുന്ന അവസരത്തിൽ മാത്രമാണ് പ്രവാചകൻ ഒരു നിയമോപദേശകനായി മാറിയത്. അക്കാലത്ത് തന്നെ ഏകദൈവ വിശ്വാസത്തിലധിഷ്ഠിതമായ എല്ലാ മതങ്ങളും അടിസ്ഥാനപരമായി ഒന്നാണെന്നും അവ ഒരു ദൈവിക ഗ്രന്ഥത്തിന്റെ വിഭിന്ന പതിപ്പുകളാണെന്നുമുള്ള മൗലികാശയം, പ്രവാചകൻ പ്രത്യേകമായ പ്രാദേശിക സ്വഭാവമുള്ള ഒരു പുതിയ പള്ളി പണിതതോടെ അവസാനിക്കുകയും ചെയ്തു. ഈ ഗ്രന്ഥകർത്താവ് ഇസ്‌ലാമിനെ നോക്കിക്കാണുന്നത് വാചാലതയിലും കവിതയിലും മറ്റു ജനവിഭാഗങ്ങളെ അതിശയിക്കുന്ന അറബികളുടെ, ഭാഷാപരവും സാഹിത്യപരവുമായ അദ്ഭുത

കരമായ വളർച്ചയുടെ പ്രത്യേക വെളിച്ചത്തിലാണ്. അറബിരാഷ്ട്രം നിലവിൽ വന്ന അദ്ഭുതാവഹമായ അതേ ഭാഷാപരമായ പ്രക്രിയയുടെ ഒരു ഭാഗമാണ് ഇസ്‌ലാം തന്നെയും എന്നദ്ദേഹം വിശ്വസിക്കുന്നു. ചുരുക്കത്തിൽ ഈ എഴുത്തുകാരനെ സംബന്ധിച്ചിടത്തോളം അറബി രാഷ്ട്രരൂപീകരണത്തിന്റെ സ്വയമുറപ്പിക്കലിന്റെയും സ്വന്തം മനസ്സിലാക്കലിന്റെയും ഒരു രൂപമല്ലാതെ മറ്റൊന്നുമല്ല ഇസ്‌ലാം!

നമ്മുടെ എഴുത്തുകാരനെ സംബന്ധിച്ചിടത്തോളം ഇസ്‌ലാമിന്റെ പ്രവാചകനാൽ ഊട്ടിയുറപ്പിക്കപ്പെട്ടതും പ്രഥമദൃഷ്ട്യാ അറബി ദേശീയതയുടെ സുവിശേഷം പ്രചരിപ്പിക്കുന്നതുമായ ഇസ്‌ലാമിന്റെ സാർവത്രിക സ്വഭാവത്തിനും കാഴ്ചപ്പാടിനുമുള്ള വിശദീകരണം വിവിധ ഇന്തോ യൂറോപ്യൻ ഭാഷകൾ സംസാരിക്കുന്ന ഇറാനികൾ, അഫ്ഗാൻകാർ, ഇന്ത്യയിലെയും പാക്കിസ്ഥാനിലെയും മുസ്‌ലിംകൾ, ഇന്തോനേഷ്യക്കാർ, മലേഷ്യക്കാർ, തുർക്കികൾ, വിവിധ വർഗങ്ങളിൽപെട്ട കറുത്ത ആഫ്രിക്കക്കാർ, ചീനക്കാർ എന്നിവരെയൊക്കെ ആകസ്മികമായ കീഴടക്കലിലൂടെ ഇസ്‌ലാമിലേക്ക് കൊണ്ടുവന്നു എന്നതാണ്. ഈ വികാസപ്രക്രിയ മുഖ്യമായും ഇസ്‌ലാമികാദർശങ്ങളാൽ സ്വാധീനിക്കപ്പെട്ട അനറബികളാൽ സംഭവിച്ചതാണ് എന്ന വ്യക്തമായ ചരിത്രസത്യം കാരണം ഗ്രന്ഥകാരൻ തന്റെ ഭാവനയെ ഇപ്രകാരം അലയാൻ വിടുന്നു. അദ്ദേഹം പറയുന്നു: മുഹമ്മദിന്റെ മരണത്തിന്റെ തൊട്ടുശേഷം അറബികൾ നടത്തിയ സൈനികസംരംഭങ്ങൾ വിജയകരമായില്ല എന്നും അവരെ എതിർത്തുനിൽക്കാനും അറേബ്യൻ ഉപഭൂഖണ്ഡത്തിൽതന്നെ ഒതുക്കിനിർത്താനും മാത്രം ശക്തരായിരുന്നു ബൈസാന്റിയൻ രാജാക്കന്മാരും സാസ്സനൈറ്റ് രാജാക്കന്മാരും എന്ന് നാം ഒരു നിമിഷം സങ്കല്പിക്കുക. അങ്ങനെയായിരുന്നെങ്കിൽ ഇസ്‌ലാം, സ്വഭാവത്തിൽ കേവലം ദേശീയവും പ്രാദേശികവും പ്രാകൃതവുമായ ഒരു പരുക്കൻ മതമായി നിലനിൽക്കുകയും മറ്റു ജനവിഭാഗങ്ങളുടെ മേൽ അതിന്റെ സ്വാധീനം പരിമിതമായിത്തീരുകയും ചെയ്തേനെ. ഖുർആനിൽ സാർവത്രികതയുടെ ധാര ദർശനീയമാണ് എന്നും അത് എടുത്തുകാണിക്കുന്ന വ്യക്തിയുടെ ഉത്തരവാദിത്വം എന്ന സങ്കല്പം മറ്റൊരു സാർവത്രികാശയമാണെന്നും ഗ്രന്ഥകർത്താവ് ഒരുവിധം സമ്മതിക്കുന്നു. എന്നാൽ ഗ്രന്ഥകാരനെ സംബന്ധിച്ചിടത്തോളം, മുഹമ്മദ് തന്റെ പ്രവാചക സപര്യയുടെ ആദ്യകാലഘട്ടത്തിൽ സ്വയം കരുതിയത് താൻ തന്റെ അടുത്ത കുടുംബക്കാർക്കും പിന്നീട് മക്കാനിവാസികൾക്കും മക്കക്ക് ചുറ്റുമുള്ളവർക്കും വേണ്ടി അയക്കപ്പെട്ട ഒരാളാണ് എന്നത്രെ. സാർവലൗകികതയിലുള്ള ഊന്നാകട്ടെ ജൂദായിസത്തിന്റെ സ്വാധീനം മാത്രമാണ്. മനുഷ്യന് മനുഷ്യനെന്ന നിലക്കുള്ള ഉത്തരവാദിത്വത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് മുഹമ്മദ് അനവരതം, അതിശയോക്തിപരമായി പറഞ്ഞതത്രയും അറിയപ്പെട്ട ഒരു ജൂതപ്രവാചകനായ എസെക്കിയേലിനെ ഓർമിപ്പിക്കുന്നുണ്ടത്രെ. എന്നിരുന്നാലും പ്രവാചകന്റെ വായിൽനിന്ന് നാം കേട്ട ആദ്യവചന

ത്തിൽനിന്നുതന്നെ അറബിപ്രശ്നം പരിഹരിക്കാൻവേണ്ടി അറബികൾക്ക് അവതരിച്ച പ്രവാചകനല്ല അദ്ദേഹമെന്നും പകരം മുൻകാലങ്ങളിൽ മനുഷ്യസമുദായത്തിന് മാർഗദർശനം ചെയ്യപ്പെട്ട അതേ രീതിയിൽ മനുഷ്യസമുദായത്തിന് മാർഗദർശനം നൽകാൻ അവതരിച്ച ആളാണദ്ദേഹമെന്നും സമ്മതിക്കാൻ ഗ്രന്ഥകർത്താവ് നിർബന്ധിതനായിത്തീരുന്നു. 'അതിനാൽ മുഹമ്മദിന്റെ സന്ദേശം അതിന്റെ ആവിർഭാവം മുതൽക്കുതന്നെ സാർവലൗകികമായിരുന്നു എന്നു പറയുന്നതു ശരിയായിരിക്കു'മെന്ന് അദ്ദേഹം പറയുന്നു. എന്നാൽ പ്രാകൃത അറേബ്യയിൽ ജനിച്ച ഒരറബിക്ക് തനിക്കുണ്ടായിരുന്ന കേവലമായ അറബ് ബന്ധം (Arab Affiliation) എങ്ങനെ മനുഷ്യരാശിയുടെ പ്രവചനമാക്കി മാറ്റാൻ കഴിഞ്ഞു എന്ന ചോദ്യം ഗ്രന്ഥകർത്താവ് ശ്രദ്ധിക്കുന്നേയില്ല. മറിച്ച് അദ്ദേഹം തുടരുന്നു: വിദൂര വ്യാപ്തമായ അന്തർദേശീയ വാണിജ്യ ബന്ധങ്ങളിലേർപ്പെട്ട ഒരു സാർഥവാഹക നഗരത്തിന്റെ പുത്രനെന്ന നിലക്ക് തീർച്ചയായും മുഹമ്മദിന് പല മതങ്ങളുടെയും നിലനിൽപ്പിനെക്കുറിച്ച് വിവരമുണ്ടായിരുന്നു; അവ തമ്മിലുള്ള വൈജാത്യങ്ങളെക്കുറിച്ച് അസ്പഷ്ടമായ ഒരാശയമേ ഉണ്ടായിരുന്നുള്ളൂവെങ്കിലും, ഈ വൈദേശിക സ്വാധീനങ്ങളിൽ ഒരു പ്രകാരത്തിൽ കണ്ടെത്താവുന്ന അദ്ദേഹത്തിന്റെ ദിവ്യവെളിപാടുകളുടെ തത്ത്വത്തിന്റെ ഉദ്ഭവം ഇങ്ങനെ വിശദമാക്കാവുന്നതാണ്. അദ്ദേഹത്തിന്റെ വാക്കുകളിൽ: "വിദേശികളായ മതപ്രബോധകരെ ശ്രദ്ധിക്കുന്നതിനിടയിൽ തന്റെ സമകാലികരായ ചില അറബികളെപ്പോലെ മുഹമ്മദിനും തോന്നി തന്റെ കുടുംബക്കാർക്ക് ദൈവവിധിയുടെ സന്ദേശമെത്തിക്കാൻ നിയുക്തനാണ് താനെന്ന്; മതപ്രഭാഷണങ്ങളിലെ മറ്റു സന്ദേശവാഹകർ മറ്റുള്ള ജനവിഭാഗങ്ങളിലേക്ക് അയക്കപ്പെട്ടപോലെത്തന്നെ." ഗ്രന്ഥകാരനെ സംബന്ധിച്ചിടത്തോളം അറബിഭാഷയുടെ അദ്ഭുതാവഹമായ കഴിവ് കാരണമാണ് തന്റെ ഉപദേഷ്ടാക്കളിൽനിന്ന് വിചിത്രമായ പദഘടനയിൽ കേട്ടറിഞ്ഞ കാര്യങ്ങളെല്ലാം സരളമായ അറബിയിൽ വിളംബരം ചെയ്യുന്ന കാര്യത്തിൽ വിജയിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞത്. അതാകട്ടെ ശരിക്കും കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കിത്തരാൻ കഴിയാത്ത ആ വിദേശികളല്ല. സാക്ഷാൽ ദൈവംതന്നെയാണ് തന്നിലൂടെ സംസാരിക്കുന്നത് എന്ന് മുഹമ്മദിനെ സ്വയം തോന്നിപ്പിക്കുകയും ചെയ്തു.

ഖുർആൻ ദൈവത്തിൽനിന്നുദ്ഭവിച്ചതാണ് എന്ന് തെളിയിക്കുന്ന പൂർണമായ ഒരദ്ഭുതമാണ്, മുസ്‌ലിം പണ്ഡിതൻമാരെ സംബന്ധിച്ചിടത്തോളം, ഖുർആന്റെ ഭാഷ. എന്നാൽ ഖുർആന്റെ അമാനുഷിക വശത്തെ ഗ്രന്ഥകർത്താവ് മറ്റൊരു രീതിയിലാണ് നോക്കിക്കാണുന്നത്. അദ്ദേഹം പറയുന്നു: ഈ സാക്ഷ്യപ്പെടുത്തലിന്റെ ഗുണങ്ങളെക്കുറിച്ച് നാമെന്ത് വിചാരിച്ചാൽതന്നെയും (ഈ ഘട്ടത്തിൽ ഗ്രന്ഥകർത്താവ് തിയഡോർ നോൾസോക് ചൂണ്ടിക്കാണിച്ച ഖുർആനിലെ ഭാഷാപരമായ ന്യൂനതകളുടെ ഒരു നീണ്ടപട്ടിക ഫുട്ട്നോട്ടായി എഴുതിച്ചേർത്തിട്ടുണ്ട്.) അത് ഭാഷാമന

സ്കമായ ഒരു സംസ്കാരത്തിന്റെ സമ്പ്രദായമാണ്. അത് തന്റെ കർമ ത്തെക്കുറിച്ചുള്ള മുഹമ്മദിന്റെ സങ്കല്പങ്ങളെക്കുറിച്ച് നന്നായി പ്രതിപാ ദിക്കുന്നു. തന്റെ നാട്ടുകാർക്ക് പുണ്യവചനങ്ങൾ വെളിപ്പെടുത്തുവാൻ നിയു ക്തനാണ് താൻ എന്ന് സ്വയം ധരിച്ചുവശായതിന് ശേഷം സ്വാഭാവിക മായും അതിന്റെ രചനക്ക് വേണ്ട കരുക്കൾ കണ്ടെത്തേണ്ടതായി വന്നു അദ്ദേഹത്തിന് എന്ന് ഗ്രന്ഥകാരൻ തുടർന്നു പറയുന്നു. ഇക്കാരണത്താൽ അദ്ദേഹം, "പണ്ഡിതന്മാരുമായും ഇസ്രായേലിന്റെ മക്കളുമായും കൂട്ടുചേരു കയും തന്റെ പദ്ധതിക്ക് ആവശ്യമായത് എന്തൊക്കെയാണോ അവയിൽനി ന്നെല്ലാം സ്വീകരിക്കുകയും ചെയ്തു. ക്രൈസ്തവ-ജൂത പാരമ്പര്യവുമായി മുഹമ്മദിനുണ്ടായിരുന്ന പരിചയം വലുതായിരുന്നു. ഖുർആന്റെ മതപര മായ പദഘടന ജൂത-ക്രൈസ്തവ സാഹിത്യത്തിൽ ഉപയോഗിച്ച വാക്കു കളുമായുള്ള അമ്പരപ്പിക്കുന്ന സാദൃശ്യം വിളിച്ചോതുന്നു. ഇസ്‌ലാമിനു മുമ്പുള്ള അറബികളിൽ മതപ്രബോധന പ്രവർത്തനങ്ങളിലൂടെ ചെലുത്ത പ്പെട്ട ഉന്നത സ്വാധീനവുമായുള്ള നീണ്ടതും അടുത്തതുമായ വ്യക്തിബ ന്ധത്തിൽനിന്നു മാത്രമേ ഇത്തരമൊന്നുണ്ടാവുകയുള്ളൂ. എന്തൊക്കെയാ യാലും നമുക്കിങ്ങനെയൊരു നിഗമനത്തിലെത്താം: തന്റെ ശത്രുക്കളാലോ അനുയായികളാലോ അല്ലെങ്കിൽ തന്റെ ചിന്തയിലോ ഒരു പ്രശ്നം ഒരി ക്കൽ ഉന്നയിക്കപ്പെട്ടാൽ പുതിയ വിവരങ്ങൾ ലഭിക്കാൻ മുഹമ്മദ് ശക്ത മായി ശ്രമിച്ചിട്ടുണ്ട്. പഴയ ഏകദൈവ വിശ്വാസാധിഷ്ഠിതമായ മതങ്ങളി ലുള്ള മുഹമ്മദിന്റെ ചിരവിസ്മൃതമായ വിജ്ഞാനത്തിലുള്ള ഊന്നൽ പടി പടിയായി നാം ഖുർആനിൽ കണ്ടെത്തുന്നു. ഈ പരിശ്രമങ്ങൾ സമൃദ്ധ മായ ഫലങ്ങളുൽപാദിപ്പിച്ചിട്ടുണ്ട്. അവ മുഹമ്മദിന്റെ അടിസ്ഥാനപരമായ സാർവലൗകികതയെ പൂർണമാക്കുകയും അദ്ദേഹത്തിന്റെ സൃഷ്ടിയായ ഇസ്‌ലാമിന് അതിന്റെ മൂത്ത സഹോദരിമാരുമായുള്ള വൈകാരികമായ അടുപ്പത്തെ പൂർത്തീകരിക്കുകയും ചെയ്യുന്നു. ഇതിന്റെ ഫലം ദൂരവ്യാപ കമായിരുന്നു."

ദൈവനിയുക്തനായ ഒരു പ്രവാചകനെന്ന നിലക്കുള്ള മുഹമ്മദിന്റെ പങ്കിനെ നിന്ദിക്കുകയും ഖുർആനിലെ മുഴുവൻ ദിവ്യസൂക്തങ്ങളെയും തന്റെ കാലത്ത് നിലവിലുണ്ടായിരുന്ന ധാർമികവും ബുദ്ധിപരവും സാമൂ ഹികവുമായ ശക്തികളുമായുള്ള മുഹമ്മദിന്റെ ആത്മനിഷ്ഠമായ പ്രതിക രണങ്ങളുമായി ബന്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ടെങ്കിൽപോലും തന്റെ വാദത്തിന്റെ അന്ത്യഘട്ടത്തിൽ ഒരു ഭാഗിക സത്യമെങ്കിലും ഗ്രന്ഥകർത്താ വ് സമ്മതിക്കേണ്ടിവരുന്നുണ്ട്. അദ്ദേഹം പറയുന്നു: "എന്നാൽപോലും അതൊരു അടിത്തറ കെട്ടിയുണ്ടാക്കിയിട്ടുണ്ട്. ഈ അടിത്തറമേലാണ് മുഹ മ്മദിന്റെ മരണത്തിനുശേഷം (632 എ.ഡി.) നൂറ്റാണ്ടുകൾ മതവിജ്ഞാന ത്തിന്റെയും നിയമത്തിന്റെയും ചിന്തയുടെയും മന്ദിരം പടുത്തുയർത്തിയത്. ഈ പദ്ധതി അതിന്റെ ആദ്യപാഠങ്ങൾ മുഹമ്മദിന് ഏതാണ്ട് ഇരുനൂറ് കൊല്ലങ്ങൾക്ക് ശേഷം പൂർത്തിയാക്കി. 1111-ൽ അന്തരിച്ച ഇസ്‌ലാമിക

പരിഷ്കർത്താവും ആധ്യാത്മികനും മതപണ്ഡിതനുമായ ഗസ്സാലിയുടെ കാലത്ത് അത് അതിന്റെ ഔന്നത്യത്തിലെത്തിച്ചേരുകയും ചെയ്തു. വിശ്വാസികളായ മുസ്‌ലിംകളുള്ളേടത്തോളം കാലം ഇസ്‌ലാം വളർച്ച പ്രാപിക്കുന്നു. അതിനാൽ, നമ്മുടെ കാലഘട്ടത്തിലും ഇസ്‌ലാമിന്റെ പുതിയ അവസ്ഥാന്തരങ്ങൾ ദർശനീയമാണ്. എങ്ങനെയായാലും വികസിതമായ ഇസ്‌ലാമിന് ആവശ്യമായ എല്ലാ സവിശേഷതകളും, അല്ലെങ്കിൽ ഒട്ടുമുക്കാലും സവിശേഷതകളും ഖുർആൻ ഉൾക്കൊള്ളുന്നുണ്ട് എന്ന് പറയുന്നത് ശരിയായിരിക്കും."

പടിഞ്ഞാറൻ ഓറിയന്റലിസ്റ്റുകളുടെ രചനകളിൽ ഒരാൾ വീണ്ടും വീണ്ടുമഭിമുഖീകരിക്കുന്ന വിചിന്തനത്തിന്റെ പ്രാതിനിധ്യ സ്വഭാവമുള്ള ഒരു മാതൃക ഗോയിറ്റിയന്റെ വാക്കുകളിൽനിന്നുതന്നെ നമുക്ക് ലഭിക്കുന്നു. ഏതൊരാൾക്കും എളുപ്പത്തിൽ അവഗണിക്കാനാവാത്ത ഒരടിസ്ഥാനത്തിൽനിന്നു ലഭിച്ച വിവരണങ്ങളെ, നിയമങ്ങളെ ആശ്രയിച്ചുനിൽക്കുന്ന ആധുനിക പാണ്ഡിത്യത്തിന്റെ മാനദണ്ഡങ്ങളുമായി സമീകരിക്കാനാണ് ഇതത്രയും പ്രഖ്യാപിതമായിത്തന്നെ ചെയ്തത്; അവയുടെ പ്രസക്തിയെക്കുറിച്ച് ഏറെയൊന്നും നമുക്ക് മനസ്സിലാവുന്നില്ലെങ്കിലും ഖുർആൻ ഒരു ദൈവിക ഗ്രന്ഥമല്ല എന്ന പ്രസ്താവം നമ്മുടെ മുമ്പിലുണ്ട്. ദൈവിക വചനമായി പ്രഖ്യാപിക്കപ്പെട്ട ഒന്ന് മുൻകാലങ്ങളിലുണ്ടായിരുന്ന മതസാഹചര്യങ്ങളിൽനിന്നുദ്ഭവിച്ച ചില നൂതനമായ ആശയബീജങ്ങളുടെ ഗർഭധാരണത്തിന്റെയോ അടയിരിപ്പിന്റെയോ ഫലമായുണ്ടായതാണ് എന്നും, ഈ പ്രക്രിയ പ്രത്യക്ഷത്തിൽ ഒരു സാധാരണ മനുഷ്യജീവിയിലൂടെയല്ല, മറിച്ച് മനുഷ്യവർഗത്തിലെ വിചിത്രമാതൃകയായ ഒരു ഉപബോധമനസ്സിൽ സംഭവിച്ചതാണെന്നുമാണ് ഈ പ്രസ്താവം പറയുന്നത്. ആ വാദം സ്വീകരിക്കുന്നതിനുമുമ്പ് ഒരാൾ നിശ്ചയമായും ഏത് നിലവാരത്തിന്റെ അടിസ്ഥാനത്തിൽ വിധിനിർണയം നടത്തിയാലും രചനയിലും പദഘടനയിലും ശൈലിയിലും അമാനുഷിക സ്വഭാവം പുലർത്തുന്ന ഒരു അവതീർണ ഗ്രന്ഥത്തെ തനിക്ക് പിൻപിൽ വിട്ടേച്ചുപോയ ഒരൊറ്റ മുഹമ്മദ് മാത്രമേ ചരിത്രത്തിലുണ്ടായിട്ടുള്ളൂ എന്ന് മനസ്സിലാക്കേണ്ടതുണ്ട്. അറബി സാഹിത്യത്തിലുണ്ടായ ആദ്യത്തെ ലിഖിതഗ്രന്ഥമാണ് ഖുർആൻ എന്നും ഇക്കഴിഞ്ഞ ആയിരത്തി നാനൂറ് വർഷങ്ങളായി അത് അറബി സാഹിത്യത്തിന്റെ വളർച്ചയുടെമേൽ ആധിപത്യം പുലർത്തുന്നു എന്നുമുള്ള കാര്യം മറക്കാവുന്നതല്ല. അറബി ഭാഷ സംസാരിക്കുന്ന ഒരു വ്യക്തി, അല്ലെങ്കിൽ ഒരു വെറും വിശ്വാസി പ്രസ്തുത ഗ്രന്ഥത്തിന്റെ സാഹിത്യ വൈശിഷ്ട്യത്തിന്റെയും ഗാംഭീര്യത്തിന്റെയും ഔന്നത്യത്തിന്റെയും മായിക സ്വാധീനത്തിൽ ആകൃഷ്ടനായിത്തന്നെ വർത്തിക്കുന്നു എന്നത് തീർച്ചയായും ഒരദ്ഭുതമല്ലേ?

ഖുർആൻ ദൈവിക ഗ്രന്ഥമാണ് എന്ന വ്യക്തമായ സത്യത്തെ നിഷേധിക്കാൻ ഡോ. ഗോയിറ്റിൻ പല കൃത്രിമമായ നിഗമനങ്ങളിലും എത്തി

ച്ചേരുന്നുണ്ട്. ഖുർആനിക വെളിപാടുകൾ ലഭിച്ചു എന്നവകാശപ്പെട്ട മനുഷ്യൻ, അമിതമായ വികാരവിക്ഷുബ്ധതയുള്ള ആളാണെന്ന് കരുതാനും അല്ലെങ്കിൽ, ഖുർആൻ, സൂത്രശാലിയും പണ്ഡിതനെന്ന നാട്യം പുലർത്തുന്നവനുമായ ഒരാളോ മതി വിഭ്രമത്തിന്റെ അടിമയോ തനിക്ക് നിയന്ത്രണമില്ലാത്ത ചില ശക്തികൾക്ക് വിധേയമായ മനസ്സിന്റെ ഉടമയായ ഒരാളോ മുന്നൊരുക്കം കൂടാതെ രചിച്ചതാണെന്ന് കരുതാനും, ഈ ഗ്രന്ഥം ദൈവത്തിൽനിന്ന് പ്രവാചകന് ലഭിച്ചതാണെന്ന കേവലസത്യം സമ്മതിക്കുന്നത് ഒഴിവാക്കാനും ഒരാൾക്ക് എല്ലാ സഭ്യമായ സത്യങ്ങളും ഉപേക്ഷിക്കേണ്ടി വരും. ഇത്തരം വാദങ്ങളെല്ലാം ഈ ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർധത്തിൽ നമുക്കുപയോഗിക്കാൻ വേണ്ടി പെറുക്കിയെറിഞ്ഞുതരുന്നത് പാണ്ഡിത്യത്തിന്റെയും വിജ്ഞാനത്തിന്റെയും ഉത്ബുദ്ധതയുടെയും പേരിലാണത്രെ!

മനുഷ്യരാശിയുടെ അവസാനത്തെ മതമായി ഇസ്‌ലാമിനെ സ്വീകരിക്കേണ്ടതുണ്ട് എന്ന ഇസ്‌ലാമിന്റെ അവകാശവാദം, ദൈവനിർണിതമായ ഒരു തത്ത്വശാസ്ത്രമാണ് ഖുർആൻ എന്നും, ഖുർആൻ ഉൾക്കൊള്ളുന്ന നിർദേശങ്ങൾ ദൈവത്തിൽനിന്നു ദൈവികമായി നിശ്ചയിച്ചതും വിശ്വാസി സ്വന്തം താൽപര്യത്താൽ അനുസരിക്കാൻ ബാധ്യസ്ഥവുമായ ദൈവിക നിയമങ്ങളാണെന്നുമുള്ള വസ്തുതകളെ വ്യക്തമായും അടിസ്ഥാനപ്പെടുത്തിയതാണ്. അവയെക്കാളെല്ലാം പ്രധാനം പ്രവാചകനായ മുഹമ്മദ് സ്വയം ഒരു മുസ്‌ലിം എന്നവകാശപ്പെട്ടിരുന്നു എന്നതാണ്. ഇസ്‌ലാമിക നിയമങ്ങൾക്ക് ഉപാധികളൊന്നുംകൂടാതെ അദ്ദേഹം വിധേയനാവുകയും തന്റെ മരണത്തിന് വളരെക്കൊല്ലങ്ങൾക്ക് ശേഷം മുഹമ്മദിന്റെ ജീവിതം എങ്ങനെയായിരുന്നു എന്ന ചോദ്യത്തിന് അത് കർമരൂപത്തിലുള്ള ഖുർആൻ ആയിരുന്നു എന്ന് തന്റെ ഭാര്യയായിരുന്ന ആഇശ(റ)യെ പറയാൻ പ്രേരിപ്പിക്കുമാറ് ദിവ്യഗ്രന്ഥത്തിന്റെ പാഠങ്ങളെ ഭാഷാർഥത്തിലും ചൈതന്യത്തിലും അദ്ദേഹം അനുസരിക്കുകയും ചെയ്തിരുന്നു. നമ്മുടെ ഗ്രന്ഥകാരൻ പറയുന്നതുപോലെയുള്ള ഒരു മനുഷ്യമനസ്സിന്റെ സന്തതിയായിരുന്നു ഖുർആൻ എങ്കിൽ അത് ഇക്കഴിഞ്ഞ ആയിരത്തി നാനൂറ് കൊല്ലങ്ങളായി ലക്ഷക്കണക്കിന് ആളുകളുടെ മനസ്സിൽ ചെലുത്തിവന്ന സ്വാധീനത്തെ വിശദീകരിക്കാൻ കഴിയുമായിരുന്നില്ല. അദ്ദേഹത്തിന്റെ വാക്കുകളിൽ മുഹമ്മദിന്റെ ചിന്തകൾക്ക് സംഭവിച്ചത് ഇതാണ്: "അനുഗ്രഹ ശാലിയായ ദൈവത്തിന് എങ്ങനെയാണ് എണ്ണത്തിൽ ഒരുപാടുള്ള അറബികൾക്ക് മാത്രം ദൈവവചനം എത്തിക്കാതിരിക്കുകയും അതുവഴി അവരെ അജ്ഞതയിലേക്കും സർവനാശത്തിലേക്കും തള്ളിവിടുകയും ചെയ്യാൻ സാധിക്കുക? ഈ പ്രശ്നത്തെക്കുറിച്ച് ധ്യാനിച്ച് ധ്യാനിച്ച് ദൈവസന്ദേശം ഒരു ദിവസം അറബി ഭാഷയിലും അവതരിപ്പിക്കപ്പെടണമെന്ന ദൃഢവിശ്വാസത്തിലദ്ദേഹം എത്തിച്ചേർന്നു. അതായിരിക്കട്ടെ തന്നിലൂടെതന്നെയായിരിക്കുകയും വേണം. ഈ 'ധ്യാനപ്രക്രിയ'യിലൂടെ മാത്രമാണ് ഖുർആൻ ഉണ്ടായതും

മുഹമ്മദ് അന്ത്യപ്രവാചകനായതും." എന്നാൽ നമ്മുടെ മുൻപിലുള്ള ഖുർആൻ, ഗ്രന്ഥകാരൻ ചൂണ്ടിക്കാണിക്കുന്ന പ്രാഥമികാശയത്തിന്റെ വൃത്ത പരിധിക്ക് പുറത്തുപോകുന്നു. അത് വിശ്വാസികളോട് എല്ലാ അവതീർണ മതഗ്രന്ഥങ്ങളെയും പ്രവാചകൻമാരെയും സ്വീകരിക്കണമെന്നാവശ്യപ്പെടുകയും ജൂതൻമാർക്കും ക്രിസ്ത്യാനികൾക്കുമുള്ള പാഠങ്ങളിൽ വരുത്തിവെച്ച ദുർവ്യാഖ്യാനങ്ങൾ ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നു.

വിശുദ്ധ വചനത്തെക്കുറിച്ച് ഇതേ രീതിയിലുള്ള വിമർശം എല്ലാ പടിഞ്ഞാറൻ ഓറിയന്റലിസ്റ്റുകളുടെയും മനോഭാവം വിളിച്ചോതുന്നു. ക്രൈസ്തവതയുടെ പേരിൽ ഇസ്‌ലാമിനോടേറ്റുമുട്ടിയ തങ്ങളുടെ പിൻഗാമികളുടെ കുരിശുയുദ്ധങ്ങൾ ബുദ്ധിപരമായ തലത്തിൽ തുടരുകയാണവർ എന്ന് തോന്നുന്നു. മറ്റനേകം മതങ്ങളെപ്പോലെ ക്രിസ്തുമതത്തെയും ജൂതമതത്തെയും മുസ്‌ലിംകൾ സ്വീകരിക്കുന്നു. അവർ അക്രമാസക്തരും മതങ്ങൾ തമ്മിൽ സമാധാനവും രമ്യതയും പുലർത്താനുള്ള ഇസ്‌ലാമിന്റെ പദ്ധതി സ്വീകരിക്കാതിരിക്കുന്നവരുമാകുമ്പോൾ മാത്രം അവർക്കെതിരെ ആയുധമെടുക്കാൻ നിർബന്ധിതരാവുന്നു. എന്നിട്ടുപോലും പടിഞ്ഞാറൻ ഓറിയന്റലിസ്റ്റുകൾ ഇങ്ങനെ ചെയ്യുന്നു എന്നതാണ് വിരോധാഭാസം. ഖുർആൻ മുസ്‌ലിംകളെ ഇങ്ങനെ പറയാൻ പഠിപ്പിച്ചു: "നിങ്ങളുടെ ദൈവവും ഞങ്ങളുടെ ദൈവവും ഒന്നു തന്നെയാണ്, നിങ്ങൾക്ക് നിങ്ങളുടെ കർമങ്ങളുണ്ട്, ഞങ്ങൾക്ക് ഞങ്ങളുടെ കർമങ്ങളും." ഇതൊന്നും തന്നെ ശത്രുത അവസാനിപ്പിക്കുന്നില്ലെങ്കിൽ ഇസ്‌ലാം പറഞ്ഞു: "നിങ്ങൾക്ക് നിങ്ങളുടെ മതം, ഞങ്ങൾക്ക് ഞങ്ങളുടെ മതം." ഇസ്‌ലാമിനോട് അവർക്കുള്ള ഏക എതിർപ്പ് അത് സർവ വ്യാപിയും എല്ലാം ഉൾക്കൊള്ളുന്നതുമായ ഒരു മതമാണ് എന്നതാണ്. അത് എല്ലാ മതചിന്തകളേയും എല്ലാ പ്രവാചകൻമാരേയും ഗ്രന്ഥങ്ങളേയും ആദരപൂർവം സ്വീകരിക്കുന്നു. എല്ലാറ്റിനുമുപരിയായി, മനുഷ്യരാശി ആരെ ആരാധിക്കാനും സേവിക്കാനുമാണോ സൃഷ്ടിക്കപ്പെട്ടത് ആ പരമസ്രഷ്ടാവായ യഥാർഥ ദൈവത്തെ സ്വീകരിക്കുന്നു. ഏതാനും ചില അപവാദങ്ങൾ ഒഴിച്ചുനിർത്തിയാൽ ഇസ്‌ലാമിനെക്കുറിച്ച് പാശ്ചാത്യ പണ്ഡിതൻമാർ നടത്തിയ വിമർശനങ്ങൾക്ക് കാരണമായിട്ടുള്ള, തികച്ചും നിഷേധാത്മകമല്ലെങ്കിൽപോലും ദോഷൈക ദൃഷ്ടിപൂർവമുള്ള ചിന്താരീതികളെക്കുറിച്ച് വിശദമായി പരിശോധിക്കുന്നതിനുള്ള അവസരമല്ല ഇത്.

ഇസ്‌ലാം വിശ്വാസികളെയും അവിശ്വാസികളെയും വേർതിരിച്ചു കാണിക്കുന്നു. വിശ്വാസിയുടെ മാത്രം ഹൃദയത്തെ ഉയർത്തുകയും ശ്രേഷ്ഠമാക്കുകയുമാണ് ഖുർആന്റെ ലക്ഷ്യം എന്നതിനാൽ ദൈവം മനുഷ്യവർഗത്തെ പഠിപ്പിക്കാൻ പ്രവാചകൻമാരെ പ്രചോദിപ്പിക്കുന്നു എന്ന് വിശ്വസിക്കാത്ത ഒരാൾക്ക് ഖുർആൻ പറയുന്നത് വലിയ കാര്യമായിത്തോന്നാനിടയില്ല. ഖുർആൻ(17: 82) പറയുന്നു: "വിശ്വാസികൾക്ക് ഒരു ശമന(ഔഷധ)വും കാരുണ്യവും ആയ ചിലത് ഖുർആനിൽ നാം ഇറക്കി

യിരിക്കുന്നു. അക്രമികൾക്ക് അത് നഷ്ടമല്ലാതെ വർധിപ്പിക്കുന്നുമില്ല."

ആപേക്ഷികമായി മദീനയിലെ അന്ത്യകാലഘട്ടങ്ങളിലാണ് മുഹമ്മദ് നബി നിയമകാര്യങ്ങൾ മതപരമായ പ്രസക്തിയുള്ളവയാണെന്നും ദൈവിക വെളിപാടുകളുടെ ഒഴിച്ചുകൂടാൻ പറ്റാത്ത ഭാഗങ്ങളാണെന്നും കരുതാൻ തുടങ്ങിയത് എന്ന അഭിപ്രായം ഞാനുദ്ധരിച്ച ഗ്രന്ഥകാരനായ ഡോ. ഗോയിറ്റിൻ തന്റെ 'മുസ്‌ലിം നിയമത്തിന്റെ ജന്മനിമിഷം' (The Birth hour of Muslim Law) എന്ന ഉപന്യാസത്തിൽ പുലർത്തുന്നു. ഇതിന് അദ്ദേഹം ആശ്രയിക്കുന്നത് സൂറതുൽ മാഇദയുടെ 42 മുതൽ 51 വരെയുള്ള സൂക്തങ്ങളാണ്. പരിശോധനയുടെ ആവശ്യത്തിനായി അവ താഴെ ഉദ്ധരിച്ചിട്ടുണ്ട്. സംവാദത്തിന് വേണ്ടി ഗ്രന്ഥകാരൻ ഉദ്ധരിച്ച സൂക്തങ്ങളുടെ പ്രത്യേക ഭാഗങ്ങൾ ഞാൻ അടിവരയിട്ടിട്ടുണ്ട്. വായനക്കാരന് ഉദ്ധരിക്കപ്പെട്ട ഭാഗങ്ങളുടെ സന്ദർഭങ്ങൾ ശരിക്കും മനസ്സിലാക്കാൻ വേണ്ടി ഞാൻ സൂക്തങ്ങൾ പൂർണമായും നൽകിയിരിക്കയാണ്.

സൂക്തം 42: "വ്യാജത്തെ (ശ്രദ്ധിച്ച്) കേൾക്കുന്നവർ, വിലക്കപ്പെട്ടത് (എന്തും) വിഴുങ്ങുന്നവർ! എന്നാൽ അവർ നിന്റെ അടുത്തുവന്നാൽ അവരുടെ ഇടയിൽ (തർക്കം കേട്ട്) വിധി കല്പിക്കുക, അല്ലെങ്കിൽ അവരിൽനിന്നു വിട്ടുമാറുക. അവരിൽനിന്നും നീ വിട്ടുമാറുമെങ്കിൽ അവർ നിന്നെ അല്പവും ദ്രോഹിക്കുകയില്ല. നീ വിധി പറഞ്ഞാൽ അവർക്കിടയിൽ നീ നീതിപൂർവം വിധി കല്പിക്കുക. തീർച്ചയായും നീതിമാൻമാരെ അല്ലാഹു സ്നേഹിക്കുന്നു."

സൂക്തം 43: "തങ്ങളുടെ പക്കൽ തൗറാത്ത് ഇരിക്കെ എങ്ങനെ അവർ നിന്നെ ഒരു വിധികർത്താവാക്കിക്കൊണ്ട് വരുന്നു? അതിൽ (തൗറാത്തിൽ) അല്ലാഹുവിന്റെ വിധിയും ഉണ്ട്. എന്നിട്ട് അതിനുശേഷവും അവർ പിന്തിരിഞ്ഞുപോകുന്നു. അവർ വിശ്വാസികൾ അല്ല."

സൂക്തം 44: "തീർച്ചയായും നാം തന്നെ തൗറാത്ത് ഇറക്കി; അതിൽ മാർഗദർശനവും വെളിച്ചവും ഉണ്ട്. (അല്ലാഹുവിന്) അനുസരണമർപ്പിച്ച പ്രവാചകൻമാർ അതുമൂലം യഹൂദൻമാർക്കു വേണ്ടി വിധി കൽപിച്ചു. (അവരെപ്പോലെ യഹൂദൻമാരുടെ) റബ്ബികളും നിയമപണ്ഡിതൻമാരും അല്ലാഹുവിന്റെ ഗ്രന്ഥത്തെ അവർ കാത്തുസൂക്ഷിക്കുവാൻ കല്പിക്കപ്പെട്ടിരുന്നതുകാരണം (വിധി കല്പിച്ചിരുന്നു.). അതിന്മേൽ അവർ സാക്ഷികളുമായിരുന്നു. അതുകൊണ്ട് ജനങ്ങളേ നിങ്ങൾ ഭയപ്പെടരുത്; എന്നെ ഭയപ്പെടുവിൻ! എന്റെ സന്ദേശങ്ങളെക്കൊണ്ട് ഒരു നിസ്സാരവില നിങ്ങൾ (പകരം) വാങ്ങുകയും അരുത്. അല്ലാഹു ഇറക്കിത്തന്നിട്ടുള്ളത് (ഗ്രന്ഥം) മൂലം ഏതൊരു ജനം വിധി കൽപിക്കുന്നതില്ലയോ, അവർതന്നെയത്രെ അവിശ്വാസികൾ."

സൂക്തം 45: "ജീവനു ജീവൻ, കണ്ണിനു കണ്ണ്, മൂക്കിനു മൂക്ക്, കാതിന് കാത്, പല്ലിന് പല്ല്, മുറിവുകൾക്ക് തത്തുല്യ ശിക്ഷയും എന്ന് അതിൽ അവർക്ക് നാം വിധിക്കുകയും ചെയ്തു. എന്നാൽ ആര് ഇത് ധർമ

മായി കൊടുക്കുന്നുവോ അപ്പോൾ അത് അവന് (പാപങ്ങൾക്ക്) ഒരു പ്രായശ്ചിത്തമായിരിക്കും. അല്ലാഹു ഇറക്കിത്തന്നിട്ടുള്ളത് (ഗ്രന്ഥം) മൂലം ആര് വിധി കല്പിക്കുന്നില്ലയോ, അപ്പോൾ അവർ തന്നെയത്രെ തെറ്റുകാർ."

സൂക്തം 46: "തൗറാത്തിൽനിന്നും തന്റെ മുമ്പിലുള്ളതിനെ ശരിവെക്കുന്നതായി മറിയമിന്റെ മകൻ ഈസായെ നാം അവരുടെ കാലടികളിൽ പിന്തുടർന്ന് അയച്ചു. അവന് നാം ഇൻജീൽ (വേദത്തെ) കൊടുത്തു. അതിൽ മാർഗദർശനവും വെളിച്ചവും ഉണ്ട്. തൗറാത്തിൽനിന്നും അതിന്റെ മുമ്പിലുള്ളതിനെ ശരിവെക്കുന്നതായി, (ദോഷബാധയെ) സൂക്ഷിക്കുന്നവർക്ക് ഒരു മാർഗദർശനവും തത്ത്വോപദേശവുമായി."

സൂക്തം 47: "ഇൻജീൽ (വേദ)ക്കാർ, അല്ലാഹു അതിൽ വെളിപ്പെടുത്തിയതനുസരിച്ച് വിധി കല്പിക്കട്ടെ! അല്ലാഹു ഇറക്കിയിട്ടുള്ളത് മൂലം ആര് വിധി കല്പിക്കുന്നില്ലയോ അപ്പോൾ അവരത്രെ നിയമലംഘകർ."

സൂക്തം 48: "(പ്രവാചകരേ) നിനക്ക് നാം സത്യത്തോടുകൂടി ഗ്രന്ഥത്തെ ഇറക്കിത്തന്നു, ഗ്രന്ഥത്തിൽനിന്നും അതിന്റെ മുമ്പിലുള്ളതിനെ ശരിവെക്കുന്നതായും അതിനെ കാത്തുസൂക്ഷിക്കുന്നതായും (ഖന്നാണ് ഈ ഖുർആൻ), അതുകൊണ്ട് അല്ലാഹു ഇറക്കിത്തന്നത് അനുസരിച്ച് അവരുടെ ഇടയിൽ നീ വിധി കൽപിക്കുക. സത്യത്തിൽപ്പെട്ടത് നിനക്ക് വന്നു (കിട്ടിയി)ട്ടുള്ളതിൽ നിന്നു(മാറി) അവരുടെ സ്വേച്ഛകളെ നീ പിന്തുടരുകയും അരുത്. നിങ്ങളിൽപ്പെട്ട ഓരോരുത്തർക്കും നിയമസംഹിതയും തെളിഞ്ഞ പാതയും നാം വെച്ചു. അല്ലാഹു നിശ്ചയിച്ചിരുന്നുവെങ്കിൽ, നിങ്ങളെ തീർച്ചയായും ഒരൊറ്റ ജനതയാക്കാമായിരുന്നു. എന്നാൽ നിങ്ങൾക്ക് അവൻ നൽകിയിട്ടുള്ളതിൽ നിങ്ങളെ അവൻ പരീക്ഷിക്കുന്നതിനുവേണ്ടി (യത്രേ ഇത്). അതുകൊണ്ട് നല്ല പ്രവൃത്തികളിൽ (സത്വരം) മുന്നേറുവിൻ! അല്ലാഹുവിലേക്കത്രെ നിങ്ങളുടെ എല്ലാവരുടെയും മടക്കം. അപ്പോൾ നിങ്ങൾ (അന്യോന്യം) ഭിന്നിച്ചിരുന്നതിനെക്കുറിച്ച് അവൻ നിങ്ങളെ അറിയിക്കുന്നതാണ്."

സൂക്തം 49: "(അല്ലാഹുവിന്റെ കൽപനയെന്തെന്നാൽ) അല്ലാഹു ഇറക്കിയിട്ടുള്ളതുമൂലം അവരുടെ ഇടയിൽ (പ്രവാചകരേ) നീ വിധികല്പിക്കുക. അവരുടെ സ്വേച്ഛകളെ നീ പിന്തുടരുകയും അരുത്. അല്ലാഹു നിന്നിലേക്ക് ഇറക്കിത്തന്നതിന്റെ (ഏതെങ്കിലും) ഒരു ഭാഗത്തിൽനിന്നും അവർ നിന്നെ തെറ്റിച്ചു മാറ്റാതിരിക്കുന്നതിന് അവരെ നീ (കരുതലോടെ) സൂക്ഷിച്ചിരിക്കുക. എന്നാൽ അവർ (ഈ സന്ദേശത്തെ സ്വീകരിക്കാതെ) പിന്തിരിഞ്ഞുപോകുന്നുവെങ്കിൽ, അവരുടെ പാപങ്ങളിൽ ചിലതുകാരണം അവരെ ശിക്ഷിക്കണമെന്ന് അല്ലാഹു ഉദ്ദേശിക്കുക മാത്രമാണെന്ന് അറിയുക. തീർച്ചയായും മനുഷ്യരിൽ അധികവും (ദൈവനിയമത്തെ) അതിലംഘിക്കുന്നവർ തന്നെയാണ്."

സൂക്തം 50: "എന്നാൽ ജാഹിലിയ്യത്തിന്റെ വിധിയാണോ അവർ തേടു

ന്നത്? ദൃഢവിശ്വാസമുള്ള ഒരു ജനതക്കുവേണ്ടി വിധി കൽപിക്കാൻ അല്ലാഹുവിനെക്കാൾ അധികം നല്ലത് ആരാണ്?"

സൂക്തം 51: "അല്ലയോ വിശ്വാസികളേ! യഹൂദൻമാരെയും ക്രിസ്ത്യാനികളെയും നിങ്ങൾ മിത്രങ്ങളായും രക്ഷാധികാരികളായും എടുക്കരുത്. അവർ പരസ്പരം മിത്രങ്ങളത്രെ. നിങ്ങളിൽപ്പെട്ട ആര് അവരെ മിത്രങ്ങളായി എടുക്കുന്നുവോ അപ്പോൾ തീർച്ചയായും അവൻ അവരിൽപ്പെട്ടവനാണ്. അക്രമികളായ ജനതയെ അല്ലാഹു നേർവഴിയിലാക്കുകയില്ല."

സൂക്തം 52: "എന്നാൽ തങ്ങളുടെ ഹൃദയങ്ങളിൽ രോഗമുള്ളവർ, അവരിൽ ബദ്ധപ്പെട്ടോടിച്ചെല്ലുന്നതായി നീ അവരെ കാണും. അവർ പറയുന്നു: 'ഒരു ഭാഗ്യത്തിരിച്ചിൽ (ആപത്ത്) ഞങ്ങളെ ബാധിക്കുമെന്ന് ഞങ്ങൾ ഭയപ്പെടുന്നു.' എന്നാൽ ഒരു പക്ഷേ, അല്ലാഹു വിജയത്തെയോ അല്ലെങ്കിൽ അവങ്കൽനിന്നും (മറ്റു വല്ല) നടപടിയോ കൊണ്ടുവന്നേക്കാം. അപ്പോൾ അവരുടെ അന്തരംഗങ്ങളിൽ അവർ ഒളിച്ചുവെച്ചിരുന്നതിന്മേൽ അവർ മനസ്താപക്കാരായിത്തീരും."

ഡോ: ഗോയിറ്റിൻ ഉദ്ധരിച്ചിട്ടില്ലാത്ത താഴെപ്പറയുന്ന നാലു സൂക്തങ്ങൾ അതേ ഖണ്ഡികയുടെ ഭാഗങ്ങളാണ്. അവ ഈ വാദത്തെ സംബന്ധിച്ചേടത്തോളം പ്രസക്തമാണ്. അവ താഴെ കൊടുക്കുന്നു:

സൂക്തം 53: "വിശ്വാസികൾ പറയും: 'തീർച്ചയായും അവർ നിങ്ങളുടെ കൂടെത്തന്നെയാണെന്ന്. തങ്ങളുടെ ഏറ്റവും ദൃഢമായ പ്രതിജ്ഞകളാൽ അല്ലാഹുവിനെക്കൊണ്ട് ആണയിട്ടവർ ഇവരാണോ? അവരുടെ പ്രവൃത്തികൾ പാഴായിപ്പോയി. അതുകൊണ്ട് അവർ നഷ്ടക്കാരായിത്തീർന്നു."

സൂക്തം 54: "അല്ലയോ വിശ്വാസികളേ! നിങ്ങളിൽപെട്ട ആര് തന്റെ മതത്തെ വിട്ട് (ഇതര മതത്തിലേക്ക്) തിരിഞ്ഞുപോകുന്നുവോ അപ്പോൾ അല്ലാഹു (വേറെ) ഒരു ജനതയെ കൊണ്ടുവരും. അവരെ അവൻ സ്നേഹിക്കുകയും അവർ അവനെ സ്നേഹിക്കുകയും (ചെയ്യും). വിശ്വാസികളുടെ നേരെ എളിമയുള്ളവരായി, അവിശ്വാസികൾക്കെതിരെ അതിശക്തന്മാരായി, അല്ലാഹുവിന്റെ മാർഗത്തിൽ പോരാടിക്കൊണ്ട്, ആക്ഷേപകന്റെ അധിക്ഷേപത്തെ ഭയപ്പെടുത്താതെയും (ഉള്ളവർ). അതത്രേ അല്ലാഹുവിന്റെ ഔദാര്യം. അവൻ നിശ്ചയിക്കുന്നവർക്ക്, അതവൻ നൽകുന്നു. അല്ലാഹു വിശാലമായ (ഔദാര്യമുള്ള)വനും അറിവുറ്റവനുമാകുന്നു."

സൂക്തം 55: "തീർച്ചയായും നിങ്ങളുടെ മിത്രം അല്ലാഹുവും അവന്റെ റസൂലും സത്യവിശ്വാസികളും മാത്രമാണ്. (ആ സത്യവിശ്വാസികളാകട്ടെ) നമസ്കാരം (കൃത്യമായി) നിലനിർത്തുകയും സകാത്ത് കൊടുക്കുകയും ചെയ്യുന്നവരത്രെ. അവർ (അല്ലാഹുവിനെ) നമിക്കുന്നവരുമത്രെ."

സൂക്തം 56: "അല്ലാഹുവിനെയും അവന്റെ ദൂതനെയും വിശ്വാസികളെയും ആര് മിത്രങ്ങളായെടുക്കുന്നുവോ, എന്നാൽ തീർച്ചയായും അല്ലാഹുവിന്റെ കക്ഷിയത്രെ വിജയിക്കുന്നവർ."

താഴെ പറയുന്ന കാര്യങ്ങൾക്കുള്ള ഒരു പ്രമാണപത്രമായാണ് ഉപരി സൂചിത വചനങ്ങളുടെ ഭാഗങ്ങൾ ഗോയിറ്റിൻ ഉദ്ധരിക്കുന്നത്. 'ഈ വരികളുടെ പൊരുൾ വളരെ വ്യക്തമാണ്. ജൂതസമുദായത്തിലെ ചില അംഗങ്ങൾ മുഹമ്മദിന്റെ കോടതിയിൽ ആവലാതികളുന്നയിച്ചു. പക്ഷേ, അവിടെ പ്രശ്നങ്ങളുണ്ടായി. ഒരുപക്ഷേ, ഒരു കക്ഷി അദ്ദേഹത്തിന്റെ തീരുമാനങ്ങൾ സ്വീകരിക്കാൻ വിസമ്മതിച്ചിരിക്കാം. ഈ അധ്യായത്തിന്റെ അവസാനത്തിൽനിന്നും ഖുർആനിലെ മറ്റു വചനങ്ങളിൽനിന്നും പ്രത്യേകമായും എട്ടാം സൂറയിൽനിന്നും ഹദീസിൽ പ്രസ്താവിച്ചിട്ടുള്ള നിരവധി കഥകളിൽനിന്നും മനസ്സിലാക്കാൻ കഴിയുന്നതുപോലെ മുസ്‌ലിംകളുടെ ഇടയിൽപോലും ചിലർ ദേഹേച്ഛക്ക് അടിപ്പെട്ടിരുന്നു. അവർ നബിയുടെ വിധിയെഴുത്തുകളോട് വിമർശനാത്മകമായ ഒരു നിലപാടെടുത്തു. ആത്മീയ നേതൃത്വവും ഒരു വിധികർത്താവെന്ന നിലക്കുള്ള ചുമതലകളും തമ്മിലുള്ള അടുത്ത ബന്ധം കാരണം അത്തരമൊരു നിലപാട് അപകടകരമായിരുന്നു. ഈ ഘട്ടംവരെ നമ്മുടെ സിദ്ധാന്തമനുസരിച്ച്, മുഹമ്മദ് തന്റെ തീരുമാനമെടുക്കുക എന്ന പ്രവർത്തനത്തെ പ്രവാചകപദവിയുടെ ഭാഗമായിക്കണ്ടിരുന്നില്ല, അത് മാറ്റേണ്ടിവന്നു. ആ സമയം മുതൽ 'ഹുക്മുൽ ജാഹിലിയ്യാ' അഥവാ അന്ധകാരകാലത്തെ വിധിനിർണയ രീതി ഉപേക്ഷിക്കേണ്ടിവന്നു. നിയമ പ്രശ്നങ്ങളുടെ തീരുമാനം ദൈവത്തിലും ഉയിർത്തെഴുന്നേൽപിലും മുഹമ്മദിന്റെ പ്രവാചകത്വത്തിലുമുള്ള വിശ്വാസങ്ങൾ പോലെത്തന്നെ ഓരോരുത്തരുടെയും മതകാര്യമായിരുന്നു. അതുകൊണ്ടാണ് ഈ ഖണ്ഡികക്ക് ശേഷം മറ്റൊരു ഭാഗത്ത് ഓരോ സമുദായവും പൂർണമായും വ്യത്യസ്തമായ അവസ്ഥകളിലാണെന്നതിനാൽ യഥാർഥ വിശ്വാസികൾ മുമ്പുണ്ടായിരുന്ന ജൂതന്മാരെയോ ക്രിസ്ത്യാനികളെയോ തങ്ങളുടെ രക്ഷാധികാരികളാക്കരുതെന്ന് പറയുന്നത്. ഇതുവരെ നിഷ്പക്ഷമായിരുന്ന നിയമത്തിന്റെ വിവിധ വശങ്ങളടക്കം ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളെയും ഉൾക്കൊള്ളുന്ന ഏകശാസകമായ ഒന്നായിത്തീർന്നു മതം. മുഹമ്മദ് ഇക്കാര്യത്തിൽ ദുഃഖിക്കുന്നു. "ദൈവം ആഗ്രഹിച്ചിരുന്നുവെങ്കിൽ അവൻ മനുഷ്യരാശിയെ ഒരു സമുദായമാക്കുമായിരുന്നു" (ഖുർആൻ 5 :48). പക്ഷേ, തൽക്കാലം ദൈവത്തിന്റെ ഇച്ഛ ഇതാണ്. മനുഷ്യരാശി അതനുസരിക്കുകയേ നിവൃത്തിയുള്ളൂ.

ഈ അഭിപ്രായത്തിന്റെ ഗുണപാഠം, ഈ വെളിപാട് പ്രവാചകന് ലഭിക്കുന്നതുവരെ ഇസ്‌ലാമിൽ നിയമത്തിന് മതപരമായ പ്രസക്തിയില്ലായിരുന്നു എന്നാണ്. സൂറത്തുൽ മാഇദ നബിക്ക് അവതരിച്ച അവസാനത്തെ സൂക്തങ്ങളാണെന്നാണ് സാമാന്യ വിശ്വാസം. നിശ്ചയമായും ഈ അധ്യായത്തിലെ മൂന്നാം സൂക്തത്തിൽ, "ഈ ദിനം നിങ്ങളുടെ മതത്തെ ഞാൻ

നിങ്ങൾക്ക് പൂർണമാക്കിത്തരികയും എന്റെ അനുഗ്രഹത്തെ നിങ്ങളിൽ ഞാൻ പൂർത്തിയാക്കുകയും ഇസ്‌ലാം നിങ്ങൾക്ക് മതമായി ഞാൻ തിരഞ്ഞെടുക്കുകയും ചെയ്തിരിക്കുന്നു" എന്ന് പറയുന്നതിൽനിന്ന്, അവതരിക്കപ്പെട്ട അവസാനത്തെ സൂക്തമാണിതെന്ന് കരുതാം. ഖുർആൻ ഒരിക്കലും ക്രൈസ്തവ-ജൂതമത ദർശനങ്ങളിലെ നന്മകളെ നിഷേധിച്ചിട്ടില്ല. അവയുടെ തെറ്റുകളെ അംഗീകരിച്ചിട്ടുമില്ല. ഈ വസ്തുത പരിഗണിച്ചാൽ, അവരുമായുള്ള രാഷ്ട്രീയ ബന്ധങ്ങൾ നിരോധിക്കപ്പെട്ടിരുന്ന ഒരു കാലഘട്ടത്തിന്റെ പശ്ചാത്തലത്തിൽ ജൂതന്മാരെയും ക്രിസ്ത്യാനികളെയും കുറ്റപ്പെടുത്തിക്കൊണ്ടിറങ്ങിയ സൂക്തങ്ങളെ അടിസ്ഥാനപ്പെടുത്തി, ക്രിസ്ത്യാനികളും ജൂതന്മാരും ദിവ്യസൂക്തങ്ങളിൽ വിശ്വസിക്കാത്തവരും, ഖുർആനെ വിലയിരുത്തുന്ന രീതി ഒരിക്കലും ഒരു നല്ല സമ്പ്രദായമല്ല. ഉദാഹരണത്തിന്, ഒരാദ്യകാല മക്കീ വെളിപാടിൽ യേശുവിന്റെ പുത്രത്വത്തെക്കുറിച്ചുള്ള ക്രിസ്തീയ സിദ്ധാന്തത്തെ കടുത്തഭാഷയിൽ വിമർശിക്കുന്നത് നമുക്ക് കാണാം. (അധ്യായം 19, സൂക്തങ്ങൾ 88 മുതൽ 92 വരെ). എന്നാൽ പിൽക്കാലത്ത് മദീനയിൽ അവതരിപ്പിക്കപ്പെട്ട സൂറത്തുൽ മാഇദയിൽ ക്രിസ്ത്യാനികളെ അവരുടെ സൗമ്യശീലം കാരണം പ്രശംസിക്കുന്നതും കാണുന്നു. തങ്ങളുടെ പ്രശ്നങ്ങളിൽ തീർപ്പുകല്പിക്കാനുള്ള അധികാരം തനിക്ക് നല്കിക്കൊണ്ട് ആദ്യമായി താനുമായി ഒരുടമ്പടിയിലെത്തിച്ചേർന്ന (അത് മദീനയുടെ ഭരണഘടന എന്നുമറിയപ്പെടുന്നു) വിവിധ മതവിഭാഗങ്ങൾക്കിടയിൽ ഒരു വിലയിരുത്തൽ നടത്തേണ്ടിയിരുന്നു മുഹമ്മദിന് എന്ന വസ്തുത നമുക്ക് പരിഗണിക്കാതിരിക്കാൻ വയ്യ. ഈ രേഖ വിശ്വാസികളും യഥ്‌രിബിലെ ഖുറൈശി മുസ്‌ലിംകളും അവരെ പിന്തുടരുന്നവരും അവരുമായി ബന്ധപ്പെട്ടവരും അവരോടൊപ്പം കുരിശുയുദ്ധം നടത്തുന്നവരും തമ്മിലായിരുന്നു. കുടിയേറിപ്പാർത്തവരും അൻസാറുകളും തമ്മിലുള്ള ഒരുടമ്പടിയായിരുന്നു അത്. ജൂതൻമാരെ, അവരുടെ മതത്തിൽതന്നെ ഉറപ്പിച്ചുനിർത്തിക്കൊണ്ടും അവരുടെ ചില പ്രത്യേകാവകാശങ്ങളും ചുമതലകളും അംഗീകരിച്ചുകൊണ്ടുമുള്ള ഒരു സന്ധി പ്രവാചകൻ ഇതിലുൾപ്പെടുത്തി. ഉടമ്പടിയുടെ നാല്പത്തിരണ്ടാം ഖണ്ഡിക, ഈ രേഖയുമായി ബന്ധപ്പെട്ട കക്ഷികൾക്കിടയിൽ ദുരന്തങ്ങൾക്ക് കാരണമായേക്കാവുന്ന എന്തെങ്കിലും സംഭവങ്ങളുണ്ടായാൽ (തർക്കങ്ങളോ വഴക്കുകളോ) അവ ദൈവത്തിനും ദൈവത്തിന്റെ സന്ദേശവാഹകനായ മുഹമ്മദിനും സമർപ്പിക്കേണ്ടതാണ് എന്ന് വ്യക്തമായും അനുശാസിക്കുന്നുണ്ട്. ദൈവമാണ് ഈ രേഖയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളെ ഏറ്റവുമധികം തത്ത്വദീക്ഷയോടെയും സത്യസന്ധതയോടെയും പൂർത്തീകരിക്കുന്നത്-ഈ രേഖ ആധികാരികമാണ്; മാറ്റത്തിരുത്തലുകളൊന്നും കൂടാതെത്തന്നെ നമുക്ക് വേണ്ടി സൂക്ഷിക്കപ്പെട്ടതാണ്. ഏതാണ്ട് എല്ലാ പാശ്ചാത്യ പണ്ഡിതരും ഇത് സ്വീകരിച്ചിട്ടുമുണ്ട്. ഈ രേഖക്ക് എപ്പോൾ, ഏതു ഘട്ടത്തിൽ അഭിപ്രായപരമായ ഏകതയുണ്ടായി എന്നു ചോദിച്ചാൽ അത് ബദ്ർയുദ്ധത്തിനു

മുമ്പാണ് എന്നു പറയാം. അതുപോലെത്തന്നെ അതേ ഉടമ്പടിയുടെ ഇരുപത്തിമൂന്നാം ഖണ്ഡികയിൽ നിങ്ങൾക്കിടയിൽ അഭിപ്രായവ്യത്യാസമുണ്ടായാൽ അത് ദൈവത്തിനും മുഹമ്മദിനും വിടേണ്ടതാണ് എന്ന് പറഞ്ഞിരിക്കുന്നു. അതിനാൽ, ഈ സാഹചര്യങ്ങളിൽ നിശ്ചയമായും പ്രശ്നങ്ങൾ ഈ സംവിധാനമനുസരിച്ച് ദൈവത്തിനും പ്രവാചകന്നും വിടേണ്ടവയാണ്. ദൈവത്തിനും പ്രവാചകന്നും എന്ന പ്രയോഗം ഈ ഖണ്ഡികയിൽ ബോധപൂർവം ഉപയോഗിച്ചത് തന്നെ ഒരു ദിവ്യവെളിപാട് ഈ സംവിധാന ക്രമങ്ങളെ അസാധുവാക്കും എന്ന് സൂചിപ്പിക്കാനാണ് എന്നതിൽ സംശയമില്ല. ചുരുക്കത്തിൽ 42 മുതൽ 50 വരെയുള്ള സൂക്തങ്ങൾ അവതരിപ്പിച്ചപ്പോൾ ഇത് തന്നെയാണ് സംഭവിച്ചത്. അപ്പോൾ ജൂതൻമാർ തനിക്ക് മുമ്പാകെ ഉന്നയിച്ച പ്രശ്നങ്ങളിൽ നബിക്ക് തീർപ്പ് കല്പിക്കാമായിരുന്നു. അതിന് മുമ്പുപോലും എപ്പോഴെല്ലാം തൗറാത്തിലെ നിയമങ്ങൾ ബാധകമാവുന്നുവോ അപ്പോഴെല്ലാം ജൂതൻമാരുടെ പ്രശ്നങ്ങളിൽ നബി തീരുമാനങ്ങളെടുത്തിരുന്നു. "ഓരോ ജനതക്കും ഒരു സന്ദേശവാഹകനുണ്ട്" (10:47) എന്ന ഒരു മക്കീസൂക്തം ഖുർആനിലുണ്ട്. അതിനാൽ, അവരുടെ പ്രവാചകൻ വരുമ്പോൾ അവർക്കിടയിൽ നീതിപൂർവം വിധിനിർണയം നടത്തുന്നു; അവരോട് തെറ്റുകൾ ചെയ്യാതിരിക്കുകയും ചെയ്യുന്നു. 42-ാം അധ്യായം പത്താം സൂക്തത്തിൽ പറയുന്നു: "നിങ്ങൾ അന്യോന്യം വിയോജിക്കുന്ന കാര്യത്തിൽപ്പെട്ട യാതൊന്ന് (ആകട്ടെ)- അല്ലാഹുവിങ്കലാണ് അതിന്റെ വിധിതീർപ്പ്. അവനാണ് അവന്റെ രക്ഷിതാവായ അല്ലാഹു. ഞാൻ അവനെ ഭരമേൽപിക്കുന്നു; അവങ്കലേക്ക് തിരിയുകയും ചെയ്യുന്നു." നാലാം അധ്യായം അമ്പത്തൊമ്പതാം സൂക്തത്തിൽ ഇങ്ങനെ പറയുന്നു: "അല്ലയോ വിശ്വാസികളേ! അല്ലാഹുവിനെ അനുസരിക്കുകയും റസൂലിനെയും നിങ്ങളിൽപ്പെട്ട അധികാരസ്ഥന്മാരെയും അനുസരിക്കുകയും ചെയ്യുവിൻ. എന്നാൽ (ഏതെങ്കിലും) ഒരു കാര്യത്തിൽ നിങ്ങൾ അന്യോന്യം ഭിന്നിച്ചാൽ അപ്പോൾ അത് അല്ലാഹുവിലേക്കും റസൂലിലേക്കും തിരിച്ച് ആരായുക. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുണ്ടെങ്കിൽ! അതാണ് ഏറ്റവും നല്ലത്; അന്ത്യഫലത്തിൽ അത്യുത്തമവും." അതേ അധ്യായത്തിലെ അറുപതാം സൂക്തം നോക്കുക: "നിനക്ക് ഇറക്കപ്പെട്ട ഖുർആനിലും നിനക്ക് മുമ്പ് ഇറക്കപ്പെട്ട ഗ്രന്ഥങ്ങളിലും തങ്ങൾ വിശ്വസിക്കുന്നുവെന്ന് ഉറപ്പ് പറയുന്നവരെ നീ കണ്ടില്ലേ? (തങ്ങളുടെ തർക്കങ്ങളിൽ) പിശാചിനോട് വിധിതീർപ്പാരായാൻ അവർ ആഗ്രഹിക്കുന്നു. എന്നാൽ അവനെ നിഷേധിക്കുവാൻ അവരോട് കൽപിക്കപ്പെട്ടിരിക്കുകയുമാണ്! വിദൂരമായ വഴിപിഴപ്പിൽ അവരെ പിഴപ്പിക്കുന്നതിന് പിശാച് ഉദ്ദേശിക്കുകയും ചെയ്യുന്നു." അറുപത്തൊന്നാം സൂക്തത്തിൽ ഇങ്ങനെ പറയുന്നു: "അല്ലാഹു ഇറക്കിത്തന്നതിലേക്കും റസൂലിലേക്കും വരുവിൻ എന്ന് അവരോട് പറയപ്പെടുമ്പോൾ നിന്നെ വിട്ട് പറ്റെ തിരിഞ്ഞുമാറുന്നതായി കപടവിശ്വാസികളെ നീ കാണുന്നു." 24:47-ൽ

ഇങ്ങനെ പറയുന്നു: "അവർ പറയുന്നു: 'ഞങ്ങൾ അല്ലാഹുവിലും റസൂലിലും വിശ്വസിച്ചു. (ഇരുവരെയും) ഞങ്ങൾ അനുസരിക്കുന്നുമുണ്ട്.' എന്നിട്ട് അവരിൽപ്പെട്ട ഒരു കക്ഷി, അതിനുശേഷം പിന്തിരിഞ്ഞു കളയുന്നു. അവർ സത്യവിശ്വാസികൾ അല്ലതന്നെ." അതേ അധ്യായത്തിൽ തുടർന്നു വരുന്ന നാൽപ്പത്തെട്ടാം സൂക്തത്തിൽ ഇങ്ങനെ കാണാം: "അവർക്കിടയിൽ വിധി കൽപ്പിക്കുന്നതിനുവേണ്ടി, അല്ലാഹുവിലേക്കും അവന്റെ റസൂലിലേക്കും അവർ വിളിക്കപ്പെടുമ്പോൾ, നോക്കുക! അവരിൽനിന്നും ഒരു കക്ഷി തിരിഞ്ഞുമാറുന്നു."

ഡോ. ഗോയിറ്റിൻ പരാമർശിക്കുന്ന ദിവ്യവെളിപാടുമായി ഇസ്‌ലാമിക നിയമത്തിന് കാലപ്പൊരുത്തമൊന്നുമില്ലെന്നും ഗ്രന്ഥത്തിലുടനീളം പുലർന്നുകാണുന്ന ഒരു ചട്ടവട്ടമാണ് അതെന്നുമാണ് ഇതെല്ലാം കാണിക്കുന്നത്. നിയമം എന്നത് മതത്തിന്റെ അർഥത്തിലും, ഇസ്‌ലാമിന്റെ എക്കാലത്തും സർവവ്യാപിയായ മൂലതത്ത്വമാണെന്ന് ഇത് കാണിക്കുന്നു. പരിശുദ്ധ ഖുർആൻ അവതീർണഗ്രന്ഥമാണ്. വല്ലപ്പോഴും ഒരു വിശ്വാസിയോട് ഒരു കാര്യം ചെയ്യണമെന്നോ ചെയ്യരുതെന്നോ ആജ്ഞാപിക്കപ്പെടുമ്പോൾ അത് അയാളെ സംബന്ധിച്ചിടത്തോളം നിയമമായിത്തീരുന്നു. തർക്കങ്ങളുണ്ടാവുമ്പോൾ ഒരാൾ ഒരു തീരുമാനത്തിനുവേണ്ടി നിയമകോടതികളെ സമീപിക്കുന്നു എന്നത് ശരിയാണ്. പക്ഷേ, അതൊന്നുമാത്രമല്ല നിയമം നിൽക്കുന്നതിന്റെ ഉദ്ദേശ്യം. പരിശുദ്ധിയുടെ ഒരു സ്വഭാവരീതിയാണ് നിയമം. ഈ അർഥത്തിൽ ഇസ്‌ലാം തന്നെയാണ് നിയമം. പ്രവാചകന്റെ ജീവിതത്തിലെ അവസാനഘട്ടത്തിലൊരിക്കൽ ക്രിസ്ത്യാനികളും ജൂതന്മാരും ഒരു വശത്തും മുസ്‌ലിംകൾ മറുവശത്തും നിന്നപ്പോൾ ഉണ്ടായ സംഘർഷാവസ്ഥക്ക് വിമർശനാത്മകമായ പ്രസക്തി ലഭിച്ചപ്പോഴാണ് അത് നിയമമായുരുത്തിരിഞ്ഞത് എന്ന് പറഞ്ഞ് ഡോ. ഗോയിറ്റിനെപ്പോലെ തർക്കിക്കുക എന്നത്, ചുരുക്കിപ്പറഞ്ഞാൽ മുസ്‌ലിം നിയമത്തിന്റെ ജന്മസമയം നിർണയിക്കുന്നതിനുള്ള ഒരസാധാരണ സമ്പ്രദായമായിരിക്കും.

നേരത്തെ സൂചിപ്പിച്ചതുപോലെ ഖുർആൻ നിയമത്തെക്കാളേറെ മറ്റു കാര്യങ്ങളെക്കുറിച്ച് കുറേക്കൂടി വിശദമായി പ്രതിപാദിക്കുന്നുണ്ട് എന്നത് നേരാണ്. കുടുംബ നിയമം, വിവാഹം, ഏതൊക്കെ ഭക്ഷണങ്ങളാണ് കഴിക്കേണ്ടതെന്നും ഒഴിവാക്കേണ്ടതെന്നുമുള്ള കാര്യങ്ങൾ, അന്തർദേശീയ നിയമത്തിന്റെ ചില വശങ്ങൾ എന്നിവ ഒഴിച്ചുനിർത്തിയാൽ, ഖുർആന്റെ ഇതരഭാഗങ്ങൾ മറ്റു കാര്യങ്ങളെയാണ് പ്രതിപാദിക്കുന്നത്. ഈ സന്ദർഭത്തിൽ അതെക്കുറിച്ച് വിസ്തരിച്ചു പറയേണ്ടതില്ല. ഖുർആൻ പ്രതിപാദിക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് മനസ്സിലാക്കാൻ താഴെപ്പറയുന്ന തരംതിരിക്കൽ മതിയാവും.

(എ) ഭൗതികാതീതവും അമൂർത്തവും.

(ബി) മതപരം.

(സി) നൈതികവും ആധ്യാത്മികവും.

(ഡി) അനുഷ്ഠാനപരവും നിയമപരവും.

ആദ്യത്തേത് തത്വചിന്തകന്മാർ ഏറ്റെടുത്തു. രണ്ടാമത്തേത് 'കലാമി'നെക്കുറിച്ചുള്ള പണ്ഡിതന്മാരാണ് ഏറ്റെടുത്തത്. മൂന്നാമത്തേത് സൂഫികളാലും നാലാമത്തേത് മതപണ്ഡിതന്മാരാലും നിയമശാസ്ത്രജ്ഞന്മാരാലുമാണ് കൈകാര്യം ചെയ്യപ്പെട്ടത്.

ഭരണഘടനാനിയമങ്ങളെക്കുറിച്ചോ പ്രവാചകന്റെ മരണശേഷം ഇസ്ലാമിലെ ഒരു നിർണായക സ്ഥാനമായിത്തീരുകയും ഇസ്ലാമിക ചരിത്രത്തിൽത്തന്നെ ദൂരവ്യാപകമായ പ്രത്യാഘാതങ്ങളുളവാക്കുകയും ചെയ്ത 'ഖിലാഫത്ത്' സമ്പ്രദായത്തെക്കുറിച്ച് പോലുമോ ഖുർആനിൽ യാതൊരു പരാമർശവുമില്ലെന്ന് ഖുർആന്റെ മൂലപഠനം നടത്തുമ്പോൾ മനസ്സിലാകുന്നു. ഇസ്ലാമിന്റെ ഭരണഘടനാ നിയമത്തെക്കുറിച്ച് ഖുർആന്റെ പരാമർശങ്ങളായി എഴുത്തുകാർ ഉദ്ധരിക്കുന്ന താഴെപ്പറയുന്ന സൂചനകൾ ഇസ്ലാമിക ഭരണ സംവിധാനത്തിനോ ഭരണപരമായ ഘടനക്കോ വ്യക്തമായ നിർദേശങ്ങൾ നൽകാത്തത്ര സാമാന്യമാണ്.

(i) "തങ്ങളുടെ കാര്യങ്ങൾ കൂടിയാലോചനയാൽ (അന്യോന്യം) നിവർത്തിക്കുന്നവർ." (42: 38)

(ii) "അമാനത്തുകൾ അവയുടെ അവകാശികൾക്ക് തിരിച്ചേല്പിക്കണമെന്നും നിങ്ങൾ ജനങ്ങളുടെ ഇടയിൽ വിധികല്പിക്കുമ്പോൾ നീതിപൂർവം വിധികല്പിക്കണമെന്നും തീർച്ചയായും അല്ലാഹു നിങ്ങളോട് കല്പിക്കുന്നു." (4: 58).

(iii) "അല്ലയോ ദാവൂദ്, തീർച്ചയായും നിന്നെ നാം ഭൂമിയിൽ ഭരണകർത്താവാക്കി. അതുകൊണ്ട് മനുഷ്യരുടെ ഇടയിൽ സത്യത്തോടെ വിധികല്പിക്കുക. സ്വേച്ഛയെ നീ പിന്തുടരുകയും അരുത്."(38: 26)

(iv) "അല്ലാഹുവിനെ അനുസരിക്കുകയും റസൂലിനെയും നിങ്ങളിൽപ്പെട്ട അധികാരസ്ഥൻമാരെയും അനുസരിക്കുകയും ചെയ്യുവിൻ! എന്നാൽ ഏതെങ്കിലും ഒരു കാര്യത്തിൽ നിങ്ങൾ അന്യോന്യം ഭിന്നിച്ചാൽ അപ്പോൾ അത് അല്ലാഹുവിലേക്കും റസൂലിലേക്കും തിരിച്ച് ആരായുക." (4: 59)

(v) "ഭൂമിയിൽ അവർക്കു നാം അധികാരം കൊടുക്കുമെങ്കിൽ നമസ്കാരം നിഷ്ഠയോടെ നിലനിറുത്തുകയും സകാത്ത് കൊടുക്കുകയും നല്ലത് കല്പിക്കുകയും നിഷിദ്ധകാര്യം വിരോധിക്കുകയും ചെയ്യുന്നവരായിരിക്കും (അവർ). കാര്യങ്ങളുടെ (എല്ലാം) അന്ത്യം അല്ലാഹുവിനുള്ളതത്രെ." (22: 41)

രാഷ്ട്രീയമായ ഭരണവ്യവസ്ഥയെക്കുറിച്ച് ഖുർആൻ നേരിട്ട് പ്രത്യേകമായി ഒന്നും പറയുന്നില്ല. ഖിലാഫത്ത്, നിർബന്ധമായ ഒരിസ്ലാമിക വ്യവസ്ഥയാണെന്ന് അതിൽ നിർദേശിച്ചിട്ടുമില്ല. സ്റ്റേറ്റിന്റെയോ ഭരണ സമ്പ്രദായത്തിന്റെയോ യാതൊരു രൂപവും ഖുർആനിൽ ചൂണ്ടിക്കാണിച്ചിട്ടുമില്ല. ഇതിന് വളരെ നല്ലൊരു കാരണമുണ്ട്. ഭരണകൂടങ്ങളുടെ സമ്പ്രദായങ്ങൾ, അവയുടെ ആന്തരിക വ്യവസ്ഥകൾ, പരമാധികാരം നിലനിർത്തുന്ന വിവിധ

അവയവങ്ങളുടെ ഘടന, പരസ്പരബന്ധം മുതലായവയെല്ലാം കാലഘട്ടത്തിന്റെ മാറിക്കൊണ്ടിരിക്കുന്ന സാഹചര്യങ്ങൾക്കനുസരിച്ച് പരിവർത്തന വിധേയമാണ്. എല്ലാ ജനവിഭാഗങ്ങൾക്കും, എല്ലാ കാലത്തേക്കും പ്രസക്തമായ, ഇസ്‌ലാമിനെപ്പോലുള്ള ഒരു സാർവലൗകിക മതം, ഒരു ഭരണകൂടത്തിന്റെ അവസാനരൂപം നിർണയിക്കുക എന്നതും അതിന്റെ സാമ്പത്തിക-രാഷ്ട്രീയ ക്രമങ്ങളുടെ രൂപരേഖകൾ രചിക്കുക എന്നതും അതിനെ പ്രത്യേകവൽക്കരിക്കുകയാവും. സാമ്പത്തിക-രാഷ്ട്രീയ ഘടനകളുടെ സവിശേഷമായ വിശദാംശങ്ങൾ ലഭിക്കുമെന്ന് ഒരാൾ പ്രതീക്ഷിക്കുന്ന അതേ സമയം തന്നെ മറ്റൊരാൾ സാർവലൗകിക മതത്തിന്റെ സ്വഭാവത്തെ തെറ്റിദ്ധരിക്കുകയും ചെയ്യും. ചരിത്രത്തിൽനിന്ന് ഉൾക്കൊള്ളേണ്ട ഒരുകൂട്ടം മൂല്യങ്ങളാണ് ഒരു സാർവലൗകിക മതം നിർദേശിച്ചുതരേണ്ടത്. ആ മതത്തിന്, ഏറിവന്നാൽ തത്ത്വങ്ങൾ നിർദേശിക്കാം. ആ തത്ത്വങ്ങളുടെ അടിസ്ഥാനത്തിൽ പ്രവർത്തന പദ്ധതികൾ നിർണയിക്കാവുന്നതാണ്. ഈ രീതിയിലാണ് ഖുർആനും വഴികാണിച്ചുതരുന്നത്. ഖുർആൻ കാണിച്ചുതരുന്ന മാർഗങ്ങളിൽ നിന്ന് പ്രവർത്തന പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്. പ്രൊഫ. മൻസൂറുദ്ദീൻ അഹ്മദ് പൗരാണിക മുസ്‌ലിം രാഷ്ട്രത്തെക്കുറിച്ചുള്ള തന്റെ ഉപന്യാസത്തിൽ (Islamic Studies for the year 1962, 3rd Volume pages 83 to 204) 'ഖിലാഫത്ത്' ഖുർആനിലെ ഏതെങ്കിലും അനുശാസനമനുസരിച്ചോ നബിയുടെ തിരുവായ് മൊഴിയിലൂടെയുള്ള നിർദേശപ്രകാരമോ ഉണ്ടായതല്ലെന്ന നിഗമനമാണ് പുലർത്തുന്നത്. താൻ മരണത്തിനു വിധേയനാണെന്നും ഒരു ദിവസം മരിക്കുമെന്നും ഖുർആൻ തന്നെ തന്നോട് പറഞ്ഞറിഞ്ഞിട്ടുപോലും പ്രവാചകൻ തനിക്കൊരു പിൻഗാമിയെ നാമനിർദേശം ചെയ്തില്ല എന്നത് താൻ വ്യക്തിപരമായി എന്താഗ്രഹിച്ചിരുന്നു എന്ന പരിഗണനയാൽ സ്വാധീനിക്കപ്പെടാതെത്തന്നെ തന്റെ ഉമ്മത്തിനെ തങ്ങളുടെ നേതാവിനെ തിരഞ്ഞെടുക്കാൻ പ്രവാചകനനുവദിച്ചു എന്നത് തെളിയിക്കുന്നു. ഖുർആൻ ഇസ്‌ലാമിന്റെ ആഗമനത്തെ മനുഷ്യന്റെ ധാർമികവും ആത്മീയവുമായ അഭ്യുന്നതിക്കുവേണ്ടിയുള്ള ഒരാഗോള സംരംഭമായി കണക്കാക്കുന്നു. ഈ അവസ്ഥ പ്രവാചകന്റെ ജീവിതകാലത്തും അതിനുശേഷം അവസാന വിചാരണയുടെ ദിവസം വരെയും നിലനിന്നുപോരേണ്ടതുണ്ട്. ഒരു ലോകവ്യാപകമായ പ്രസ്ഥാനമായി മുന്നോട്ടുപോകണമെങ്കിൽ പടത്തലവന്റെ സ്ഥാനമേറ്റെടുക്കാനും ഗതി നിർണയിക്കാനും കഴിവുള്ള ഒരു നേതാവ് നിങ്ങൾക്കുണ്ടായിരിക്കേണ്ടതുണ്ട്. പ്രവാചകന്റെ അഭാവത്തിൽ കാലഘട്ടത്തിന്റെ വെല്ലുവിളികൾ നേരിടുന്നതിന്, നേതാവിനെ തിരഞ്ഞെടുക്കാനുള്ള അവകാശം ഉമ്മത്തിന് വിട്ടുകൊടുത്തതിൽ അദ്ഭുതമൊന്നുമില്ല. അതിനാൽ സമുദായമായിരുന്നു നേതാവിനെ തിരഞ്ഞെടുക്കേണ്ടിയിരുന്നത്. പ്രസക്തമായ ഏതെങ്കിലുമൊരു മാർഗത്തിൽ ആ തിരഞ്ഞെടുപ്പ് നടത്തേണ്ടിയുമിരുന്നു. അങ്ങനെയാണ് ഹദ്റത്ത് അബൂബക്കർ, നബിയുടെ ഒരു വിഭാഗം അനുചരന്മാരാൽ തിരഞ്ഞെടുക്കപ്പെട്ടത്. ഹദ്റത്ത് ഉമറിനെ അബൂബക്കർ

നാമനിർദേശം ചെയ്യുകയാണുണ്ടായത്. ഹദ്റത്ത് ഉമർ നിയമിച്ച ഒരു കാര്യാലോചനാസമിതിയാൽ ഹദ്റത്ത് ഉസ്മാൻ തിരഞ്ഞെടുക്കപ്പെട്ടു. ഹദ്റത്ത് അലി ഇമാമോ ഖലീഫയോ ആയി കരഘോഷത്താൽ സ്വീകരിക്കപ്പെടുകയും ചെയ്തു.

ഒരു പ്രത്യേക ഖലീഫയെ തെരഞ്ഞെടുത്തതിലെ തെറ്റിനെക്കുറിച്ചും ശരിയെക്കുറിച്ചും പിൽക്കാലത്തുണ്ടായ അവസാനമില്ലാത്ത വാദകോലാഹലങ്ങൾ എന്റെ അഭിപ്രായത്തിൽ അർഥരഹിതമാണ്. നേതാവിനെ തെരഞ്ഞെടുക്കാനുള്ള അർഹത അക്കാലത്തെ ഉമ്മത്തിന്റെ പ്രത്യേകമായ അവകാശമായിരുന്നുവെങ്കിൽ തീർച്ചയായും ഒരു തിരഞ്ഞെടുപ്പ് നടത്തേണ്ടിയിരുന്നു. തങ്ങൾക്കിഷ്ടമുള്ള ഏതെങ്കിലുമൊരു മാർഗത്തിൽ ആ തിരഞ്ഞെടുപ്പ് നടത്തി നേതാവിനെ നിശ്ചയിക്കേണ്ടത് ആ സമൂഹമാണ്. അതുപോലെത്തന്നെ നമ്മുടെ കാലഘട്ടത്തിൽ ഭരണഘടനകൾ ഇസ്‌ലാമികമായി സാധുവാണോ എന്ന വാദകോലാഹലവും കഴമ്പില്ലാത്തതാണ്. ഖുർആനും പ്രവാചകന്റെ സുന്നത്തും അതെക്കുറിച്ച് ഒന്നും പറയുന്നില്ല എന്ന വസ്തുത പരിഗണിക്കുമ്പോൾ, തങ്ങളുടെ രാഷ്ട്രീയ-സാമ്പത്തിക-സാമൂഹികകാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ രൂപീകരിക്കുവാൻ വിശ്വാസികളുടെ സംഘം അഥവാ സ്വാലിഹീൻ (നന്മകൾ ചെയ്യുന്നവർ) ഒരുമിച്ചുകൂടുമ്പോൾ തങ്ങളുടെ കാര്യങ്ങൾ തീരുമാനിക്കുന്നതിൽ അവർ കൈക്കൊള്ളുന്ന രീതികൾ ഇസ്‌ലാമികമായേ മതിയാവൂ. ഈ വിശ്വാസികൾക്ക് തങ്ങളുടെ മാർഗദർശനത്തിന് ഖുർആനിൽ പറഞ്ഞ തത്ത്വങ്ങളുണ്ട്. വ്യക്തിയുടെയും സമൂഹത്തിന്റെയും വളർച്ച നേടിയെടുക്കുന്നതിന് അതുയർത്തിപ്പിടിച്ച മൂല്യങ്ങളും ഈ തത്ത്വങ്ങളോടൊട്ടി നിൽക്കുകയും അവ നിർണയിച്ച അതിർ വരമ്പുകൾക്കുള്ളിലൊതുങ്ങി നിന്നുകൊണ്ട് സമൂഹത്തിന്റെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുകയും ചെയ്യുന്ന കാലത്തോളം അവർക്ക് തങ്ങളുടെ കാര്യങ്ങൾ ഇസ്‌ലാമിക ഭരണഘടനയാൽ നിയന്ത്രിക്കപ്പെടുന്നു എന്നവകാശപ്പെടാൻ കഴിയും. പക്ഷേ, ഖുർആൻ പ്രത്യക്ഷമായോ പരോക്ഷമായോ ഇസ്‌ലാമിക സ്റ്റേറ്റിന്റെ രൂപത്തെയോ ഘടനയെയോ കുറിച്ച് ഒന്നും പറയുന്നില്ല. അതിനാൽ ഭരണകൂടത്തിന്റെ രൂപം നിർണയിക്കുന്ന ശ്രമത്തിലേക്ക് ഖുർആനെ വലിച്ചിഴക്കേണ്ടതുമില്ല. ഇസ്‌ലാമിൽ പറഞ്ഞിരിക്കുന്ന തത്ത്വങ്ങൾ വിശ്വാസികളുടെ സമൂഹത്തിന്റെ കാര്യങ്ങൾ കൈകാര്യം ചെയ്യാനുള്ള ഉത്തരവാദിത്വമേറ്റെടുത്തവരുടെ പെരുമാറ്റങ്ങൾക്കുള്ള മാർഗരേഖകളാവുന്നേടത്തോളം കാലം ഭരണകൂടങ്ങളുടെ എല്ലാ അറിയപ്പെട്ട രൂപങ്ങളും ഇസ്‌ലാമിന് അനുയോജ്യമാണ്. ആദ്യത്തെ നാല് ഖലീഫമാരുടെ ഭരണം അവരുടെ പാദമുദ്രകൾ പിന്തുടരാനാഗ്രഹിക്കുന്നവർക്ക് അത്യുജ്ജ്വലങ്ങളായ മാതൃകകളത്രെ. ഈ അർഥത്തിലാണ് ഇസ്‌ലാമിക നിയമങ്ങൾ നിരന്തരമായി വളർന്നുകൊണ്ടിരിക്കുന്ന ഒരു ഘടനയായിത്തീരുന്നത്. അത് ഒരിക്കലും നിശ്ചലമല്ല. ഇഖ്ബാൽ പരാമർശിച്ച ചലനത്തിന്റെ തത്ത്വവും ഇസ്‌ലാ

മിന്റെ രാഷ്ട്രീയ ശരീരത്തിന്റെ വളർച്ചയും അതുൾക്കൊള്ളുന്നു.

മുൻകാലങ്ങളിലുള്ള ജൂതസംസ്കാരത്തോട് ഇസ്‌ലാമിനുള്ള കടപ്പാടിനെക്കുറിച്ചുള്ള ഡോ. ഗോയിറ്റിന്റെ തീസിസിന്മേലുള്ള ഈ അവലോകനം അവസാനിപ്പിക്കുന്നതിനുമുമ്പ്, ജൂതായിസത്തോട് ഇസ്‌ലാമിനുള്ള കടപ്പാടിനെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ മതിപ്പിനെക്കുറിച്ച് പരാമർശിക്കേണ്ടിയിരിക്കുന്നു. അദ്ദേഹം എഴുതിയ 'ഇസ്‌ലാമിന്റെ നാലു മുഖങ്ങളി'ൽ നിന്നുള്ള (പേജ് 22) താഴെ പറയുന്ന ഭാഗങ്ങൾ പരസ്പരവിരുദ്ധമായി ത്തോന്നുന്നു. പ്രത്യേകിച്ചും ഞാൻ അടിവരയിട്ട അവസാനത്തെ വരികളിലെ 'ദൈവത്തിന്റെ രഹസ്യങ്ങളിൽ ഒരു രഹസ്യം' എന്ന ഭാഗം നോക്കുക. അദ്ദേഹത്തിന്റെ സാമൂഹ്യശാസ്ത്രപരമായ വിശദീകരണങ്ങൾപോലും നിഗൂഢതകളുമായി ഏറ്റുമുട്ടുന്നവയാണ്. ഇസ്‌ലാമും ജൂതമതവും രണ്ടും ദൈവത്തിൽനിന്നവതരിച്ചവയാണെന്ന ലളിതമായ സിദ്ധാന്തം നിഗൂഢതകളെ വേണ്ടത്ര കണക്കിലെടുക്കുന്നുണ്ടെങ്കിലും ജീവിതത്തിലെ നല്ലതും മഹത്തുമായ എന്തെങ്കിലുമൊന്നിന്റെമേൽ ദൈവത്തിനോടുള്ള കർതൃത്വപരമായ തന്റെ പ്രതിജ്ഞാപരതയെ സമ്മതിക്കാതിരിക്കാൻമാത്രം ആധുനികനായ ഒരു പണ്ഡിതനാണ് ഈ ഗ്രന്ഥകാരൻ. ഇതാ അദ്ദേഹത്തിന്റെ വാക്കുകൾ:

"ഇസ്‌ലാമും ജൂതമതവും തമ്മിലുള്ള ഈ അമ്പരപ്പിക്കുന്ന രൂപസാദൃശ്യം എങ്ങനെയാണ് വിവരിക്കുക. ഖുർആന്റെ മതതത്ത്വങ്ങൾക്കും മതഭാഷക്കും വിജ്ഞാനീയത്തിനും നിയമങ്ങൾക്കുമൊക്കെ അവസാനരൂപം നല്കപ്പെട്ട പ്രദേശമായ മദീന, വമ്പിച്ച ജൂതസമൂഹത്തിന്റെ ആവാസകേന്ദ്രമായിരുന്നു എന്ന് ഇനിയും പറയേണ്ട ആവശ്യമില്ല. മദീനയിലവതരിച്ച സൂറകളുടെ ഓരോ ഭാഗവും ജൂതന്മാരുടെ കാര്യങ്ങളുമായുള്ള സാദൃശ്യത്തെ സാക്ഷ്യപ്പെടുത്തുന്നു. തന്റെ മക്കാജീവിതത്തിന്റെ ആദ്യഘട്ടങ്ങളിൽ മുഹമ്മദ് സൂചിപ്പിച്ച 'ഇസ്രായേൽ മക്കളിലെ ജ്ഞാനികളി'ൽ ചിലർ, അല്ലെങ്കിൽ ഒരാളെങ്കിലും ജൂതനായിരിക്കണമെന്നും നാം സൂചിപ്പിച്ചിട്ടുണ്ട്. എങ്ങനെയായാലും ഒരു മതത്തിന്റെ സത്ത, സ്വഭാവം എന്നിവ പോലുള്ള ചരിത്രപരമായ വലിയൊരു പ്രതിഭാസം സ്വാധീനങ്ങളാൽ മാത്രം വിശദീകരിക്കപ്പെടരുത്. കാരണം, ഒരുദാഹരണത്തിന്റെ നിലനിൽപുകൊണ്ട് മാത്രം അത് പിന്തുടരണമെന്ന് വരുന്നില്ല. ഏതൊരു സ്വാധീനവും പ്രയോജനപ്രദമാവണമെങ്കിൽ സ്വീകാര്യതലത്തിൽ മുൻകൂട്ടിയുള്ള ഒരു മാനസിക ചായ്‌വും സന്നദ്ധതയും ആവശ്യമാണ്. അതിനാൽ ഇസ്‌ലാമിനെയും ജൂതമതത്തെയും മനസ്സിലാക്കുന്നതിന് അവ തമ്മിലുള്ള സമ്പർക്കത്തെക്കുറിച്ച് പഠിക്കുന്നത് പ്രേരകവും പ്രയോജനകരവുമായിരിക്കുമ്പോൾ അവയുടെ പൂർവികമായ അടുപ്പത്തെക്കുറിച്ചുള്ള വലിയ ചോദ്യം ഉത്തരം പറയാതെ വിടുന്നതായിരിക്കും നമുക്ക് ഉത്തമം. അത് മഹാനായ ഒരു മുസ്‌ലിം ചരിത്രകാരൻ പറഞ്ഞപോലെ 'ദൈവത്തിന്റെ രഹസ്യങ്ങളിൽ ഒരു രഹസ്യമായിരിക്കുകയും ചെയ്യും.'

# ഇസ്‌ലാമിന്റെ നീതിദർശനം

മനുഷ്യാവകാശ സങ്കല്പങ്ങളെക്കുറിച്ചുള്ള ഇസ്‌ലാമിക നിയമസംഹിത യുടെ സത്തയെക്കുറിച്ച് ഞാനെന്തു കരുതുന്നു എന്നത് ഈ പ്രഭാഷണ ത്തിന്റെ അവസാനത്തിലേക്ക് വരുമ്പോൾ വ്യക്തമാക്കാൻ ഞാനാഗ്രഹി ക്കുന്നു. ഇസ്‌ലാമിക നിയമത്തിന്റെ സ്വഭാവത്തെക്കുറിച്ചും ആധുനികലോ കത്ത് അവയുടെ പ്രസക്തിയെക്കുറിച്ചും പഠിക്കാൻ ഞാൻ ചെലവഴിച്ച മുപ്പതോളം വർഷങ്ങളിലൂടെ വ്യാപിച്ചുനിൽക്കുന്ന പരിഗണനാർഹമായ ചിന്തകളുടെ ഫലമാണിത്. മനുഷ്യന്റെ സ്വാസ്ഥ്യത്തിനും മോചനത്തിനും നമ്മുടെ നിയമസംഹിത നൽകിയ തുല്യതയില്ലാത്ത സംഭാവനകളെ ഇസ്‌ലാമിക വീക്ഷണകോണിലൂടെ അവതരിപ്പിക്കാൻ അതുകൊണ്ടുതന്നെ എനിക്ക് കഴിയേണ്ടതാണ്. എന്നാൽ ഈ ചുമതല ഫലപ്രദമായി നിറവേ റ്റണമെങ്കിൽ നിയമശാസ്ത്രത്തിന്റെ ഏറ്റവും പ്രധാന സങ്കല്പമായ നീതി യെ ഇസ്‌ലാം എങ്ങനെ മനസ്സിലാക്കുന്നു എന്ന് വ്യക്തമാക്കേണ്ടതുണ്ട്.

"ഭൂമിയിൽ എപ്പോഴാണ് നീതി പുലർന്നുകാണുക?" നബിയോട് ഒരി ക്കൽ ഇങ്ങനെ ചോദിക്കപ്പെട്ടു. "ഒരാളോട് മറ്റൊരാൾ അനീതി ചെയ്യു ന്നത് കാണാനിടയാവുന്ന ഒരു വ്യക്തി, അനീതിക്കിരയായ വ്യക്തിക്കു ണ്ടാവുന്ന അത്രതന്നെ വേദന അനുഭവിക്കാതിരിക്കുന്ന കാലത്തോളം നീതി പുലർന്നു എന്ന് പറയുക വയ്യ"– ഇതായിരുന്നു പ്രവാചകന്റെ മറു പടി. 'കുഫ്ർ' (അവിശ്വാസം) കുറച്ചുകാലത്തേക്ക് ഒരു നാട്ടിൽ ഭരണം നടത്തി എന്ന് വരാം, എന്നാൽ അനീതിക്ക് അധികകാലം അങ്ങനെ ചെയ്യാൻ സാധ്യമല്ല എന്ന് ഇസ്‌ലാമിന്റെ നാലാം ഖലീഫയായിരുന്ന ഹദ്റത്ത് അലി അഭിപ്രായപ്പെട്ടിട്ടുണ്ട്.

നീതിപൂർവകമായ ജീവിത സമ്പ്രദായത്തിന്റെ സംസ്ഥാപനത്തിനുള്ള ഇസ്‌ലാമിന്റെ ഉപാധി അനീതിയെ തുറന്നുകാട്ടുകയും അതിനെതിരായി വിട്ടുവീഴ്ചയില്ലാത്ത സമരം നടത്തുകയും അതിനിരയായവർക്ക് നഷ്ടപ രിഹാരം നൽകുകയും ചെയ്യുക എന്നുള്ളതാണ്. തന്റേതായ തലത്തിൽ തിന്മ യഥാർഥമാണ് എന്ന് ഇസ്‌ലാം കരുതുന്നു. തിന്മ ചെയ്യുന്നതിനെ

ക്കുറിച്ച് ഇസ്‌ലാം ഗൗരവപൂർവമായ വീക്ഷണം വെച്ചുപുലർത്തുന്നുണ്ട്. അതിനാൽ നന്മ ഉയർത്തിപ്പിടിക്കുകയും തിന്മ തടയുകയും ചെയ്യുന്നത് തങ്ങളുടെ ചുമതലയാണെന്നു കരുതുന്ന ഒരു വിഭാഗം ആളുകൾ സമൂഹത്തിൽ നിലനില്ക്കണമെന്ന് ഇസ്‌ലാം ഊന്നിപ്പറയുന്നു.

അന്തിമമായി മഹത്തായ എല്ലാ മതങ്ങളുടെയും സംഭാവന, അവ പഠിപ്പിക്കുന്ന ഉദാത്തമായ ധാർമിക ബോധവും ആ ധാർമികബോധം നടപ്പിൽ വരുത്താൻ അവ നൽകുന്ന അനുവാദങ്ങളുമാണ്. "ധാർമികതയെക്കുറിച്ച് പറയാനെളുപ്പമാണ് എന്നതിൽ സംശയമില്ല. പക്ഷേ, മതം കൂടാതെ നിങ്ങൾക്കതിനെ ഫലപ്രദമാക്കാൻ കഴിയുകയില്ല" എന്ന് ഷോപ്പനോവർ പറയാറുണ്ടായിരുന്നു. അവസാനക്കൈക്ക് ധാർമിക- സദാചാരത്തിന്റെ യഥാർഥ അംഗീകാരം മതത്തിൽ മാത്രമാണ്; ധാർമിക മൂല്യങ്ങൾ പരമോന്നതമാണ് എന്നും അവ മറ്റു യാതൊരുവിധ മൂല്യങ്ങൾക്കും അധീനമല്ല എന്നുമുള്ള അർഥത്തിൽ, ധാർമികാടിസ്ഥാനത്തിൽ മാത്രമേ ഏത് ശക്തിയും ഈടുനിൽക്കുന്നുള്ളൂ. അധാർമിക മാർഗങ്ങളെ ആശ്രയിച്ചു നേടിയ ഒന്നിനെയും ദീർഘകാലം നിലനിർത്തുവാൻ കഴിയുകയില്ല. അതിനാൽ ധാർമിക നിയമസംഹിതക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന ഒരാൾ മനുഷ്യപരിണാമത്തിന്റെ നിയമങ്ങൾക്കെതിരായാണ് പ്രവർത്തിക്കുന്നത്. ഇത് തന്നെയാണ് സമഗ്രമായി പറയുകയാണെങ്കിൽ, ആശയങ്ങളുടെ ശ്രേണിയിൽ നന്മ എന്ന ആശയത്തിന് ഏറ്റവുമുയർന്ന സ്ഥാനം നൽകുമ്പോൾ പ്ലാറ്റോ ഉദ്ദേശിച്ചതും. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം അതായിരുന്നു ഏറ്റവും ഉന്നതമായ മൂല്യം. എന്താണ് ശരി എന്നും എന്ത് ചെയ്യുന്നതാണ് ഉചിതം എന്നും നമ്മോട് പറയുക എന്നതാണ് ധാർമികതയുടെ ചുമതല. നിയമസംഹിതയുടെ ചുമതലയാകട്ടെ, മനുഷ്യജീവിതത്തെ സഹജീവികളുമായുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിക്കുന്നതിൽ നേരിട്ടു പങ്കുവഹിക്കാൻ പ്രാപ്തമായ തരത്തിൽ അത്തരം സദാചാര കാര്യങ്ങൾ നടപ്പിൽ വരുത്തുകയാണ്. നിയമങ്ങൾ മത നിരപേക്ഷമാണെങ്കിൽ തീർച്ചയായും അവ മതനിരപേക്ഷമായ തലത്തിൽ മാത്രമേ നടപ്പിലാക്കാൻ കഴിയുകയുള്ളൂ. എന്നാൽ അവ മതപരമാണെങ്കിൽ ഈ ജീവിതത്തിൽ മാത്രമല്ല, വരാനിരിക്കുന്ന ജീവിതത്തിലും നമ്മുടെ ചെയ്തികൾക്കുണ്ടായേക്കാവുന്ന വിനാശകരമായ പ്രത്യാഘാതങ്ങൾകൂടി അവ നടപ്പിലാക്കുമ്പോൾ കണക്കിലെടുക്കപ്പെടുന്നു.

എല്ലാ ഘട്ടങ്ങളിലും, മനുഷ്യന്റെ ധാർമിക പുരോഗതി യുക്തിചിന്തയുടെ വളർച്ചയിൽ അടങ്ങിയിരിക്കുന്നു. നൈതികമായ വളർച്ചയുടെ മുൻഗാമിയാണ് യുക്തിപരമായ വളർച്ച. ബുദ്ധിപരമായ വളർച്ചയും സദാചാരപരമായ വളർച്ചയും ഒത്തൊരുമിച്ചുപോകുന്നു. ലോകത്ത് നല്ലവനായിരിക്കുന്നതിലുള്ളനന്മ എന്താണ് എന്ന ചോദ്യം ടോൾസ്റ്റോയി മുതൽ നമ്മുടെ കാലഘട്ടത്തിലെ ചിന്തകർ വരെയുള്ള ഒരു വലിയ വിഭാഗം ആളുകളോട് ചോദിച്ചുപോന്ന ഒരു ചോദ്യമാണ്. ഒരു അധാർമിക സമൂഹത്തിൽ സ്വയം രക്ഷപ്രാപിക്കാൻ സദാചാര നിരതനായ ഒരു മനുഷ്യന് എന്ത്

ചെയ്യാൻ കഴിയും എന്നത് പലപ്പോഴും ചോദിക്കപ്പെട്ടിട്ടുള്ള മറ്റൊരു ചോദ്യമാണ്. ധാർമികമായ ഒരു പശ്ചാത്തലത്തിൽ വെറും വ്യക്തിയുടെ അവകാശവാദങ്ങളെക്കാൾ മനുഷ്യരാശിയുടെ അവകാശവാദങ്ങൾക്ക് ഉയർന്ന വിലയുണ്ട് എന്ന് നാം കരുതുന്നുവെങ്കിൽ മാത്രമേ ഈ ചോദ്യങ്ങൾക്ക് ഉത്തരം പറയുവാൻ കഴിയുകയുള്ളൂ. സദാചാരത്തിന്റെ കാര്യത്തിൽ യൂണിറ്റ് വെറും സ്ത്രീയോ പുരുഷനോ അല്ല. മനുഷ്യരാശി ഒന്നടങ്കമാണ്. ബുദ്ധിപരമായ വളർച്ചയുടെ കാര്യത്തിൽ വ്യക്തി മാത്രമാണ് മൂല്യവാഹകൻ. അയാളിലൂടെയാണ് മനുഷ്യരാശി ഒന്നടങ്കം ഗുണമനുഭവിക്കുന്നത്, ഈ വസ്തുത ഒരാൾ മനസ്സിലാക്കിയേ മതിയാവൂ. സദാചാര ചിന്ത പൂർണമായ മനുഷ്യാവസ്ഥയുമായി ബന്ധപ്പെട്ടുകിടക്കുന്നു. അനിവാര്യമായതെങ്കിലും, നാം ഈ അവസ്ഥയുടെ ഒരു ഭാഗം മാത്രമാണ്. ഒരിക്കൽ ശ്രദ്ധയുടെ കേന്ദ്ര ബിന്ദു മനുഷ്യന്റെ ജൈവഘടനയിൽനിന്നു കോശത്തിലേക്ക് മാറ്റപ്പെട്ടു കഴിഞ്ഞാൽ, അതായത് മനുഷ്യരാശിയിൽനിന്ന് വ്യക്തിയിലേക്ക് അല്ലെങ്കിൽ സാമൂഹിക പ്രശ്നങ്ങളുൾക്കൊള്ളുന്ന സാമാന്യമായ വ്യക്തിബന്ധങ്ങളിൽനിന്ന് തികച്ചും വ്യക്തിപരമായ സ്വഭാവത്തിന്റെ മൂല്യങ്ങളുടെ മാത്രം പരിഗണനകളിലേക്ക് മാറ്റപ്പെട്ടുകഴിഞ്ഞാൽ ധാർമികത അതിന്റെ ചുമതലകളോടുള്ള സത്യസന്ധത അവസാനിപ്പിക്കുക തന്നെ ചെയ്യുന്നു. അങ്ങനെ അത് വന്ധ്യവും പ്രയോജനരഹിതവുമായിത്തീരുന്നു.

യുക്തിചിന്തയുടെ അത്യുന്നത സോപാനങ്ങളിലെത്തിച്ചേർന്ന ഗ്രീക്ക് ചിന്തകർ, തങ്ങൾക്ക് എന്തൊക്കെ സാധ്യമാണോ അവയോടൊക്കെ ആകാവുന്നത്ര കൂറ് പുലർത്തുന്നവരായിരിക്കെത്തന്നെ, ശരിയായ പെരുമാറ്റം എന്ന പ്രശ്നത്തെ നീതിയുടെ അടിസ്ഥാനത്തിലാണ് പരിഗണിച്ചത്. അവരുടെ ലക്ഷ്യം നീതിമാനായ മനുഷ്യൻ ആയിരുന്നു. നീതിമാനായ മനുഷ്യൻ എന്നത് ഒരമൂർത്ത സങ്കല്പമായി കാണാൻ നിങ്ങൾക്ക് കഴിയുകയില്ല. കാരണം, നീതി എന്നത് അതിന്റെ ഏറ്റവും ചെറിയ രൂപത്തിൽപോലും മനുഷ്യനും മനുഷ്യനും തമ്മിലുള്ള പരസ്പരബന്ധമാണ്. നീതിമാനായ ഒരു മനുഷ്യന് നീതിയുടെ ഈ ലക്ഷ്യത്തെ കൂടുതൽ വ്യാപ്തമാക്കാൻ പാകത്തിൽ മനുഷ്യബന്ധങ്ങൾക്ക് വിശാലമായ പ്രസക്തിയുണ്ടാവേണ്ടതുണ്ട്. തീർച്ചയായും ഈ ദിശയിൽ ഖുർആൻ കുറേക്കൂടി മുൻപോട്ടു പോകുന്നു. മറ്റുള്ളവരോട് അനീതി പ്രവർത്തിക്കുന്ന മനുഷ്യനെ, തന്നോടുതന്നെ അനീതി ചെയ്യുന്നവനായാണ് ഖുർആൻ ഗണിക്കുന്നത്. നാം ജീവിക്കുകയും ചലിക്കുകയും നിലനിൽക്കുകയും ചെയ്യുന്ന വിശാലമായ ഒരു സമന്വയത്തിൽ, അനീതിപൂർവം പ്രവർത്തിക്കുന്ന ഒരാൾ യഥാർഥത്തിൽ തനിക്ക് തന്നെ അപകടം വരുത്തിവെക്കുകയാണ് ചെയ്യുന്നത് എന്നതാണ് ഇതിന് കാരണം. അയാൾ സ്വയംതന്നെ ഈ വ്യവസ്ഥയുടെ ഒരവിഭാജ്യഘടകമാണല്ലോ. മനുഷ്യരാശി ഒന്നടങ്കം, ഖുർആൻ അനുസരിച്ച് ഒറ്റ വ്യക്തിയെപ്പോലെ-നഫ്സുൻവാഹിദ-യാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. ഒരു മനുഷ്യനെ വധിക്കുമ്പോൾ നിങ്ങൾ മനുഷ്യരാശിയെ മുഴുവനുമാണ് മൃതപ്പെടുത്തുന്നത്.

പിൽക്കാലത്ത് മെഡിറ്ററേനിയൻ ലോകത്ത് ഗ്രീക്ക് ചിന്തയുടെ സാന്ധ്യ വേളകളിൽ ഗ്രീക്ക് യുക്തിവിചാരം ഒരു തിരിച്ചടിയെ നേരിടുകയും വൈദേശിക സ്വാധീനങ്ങളാൽ വികൃതമാക്കപ്പെടുകയും ചെയ്തു. തദ്ഫലമായി നീതിമാനായ മനുഷ്യനെന്ന ആശയം സ്റ്റോയിക്കുകളുടെയും എപ്പിക്യൂറിയൻമാരുടെയും (ആത്മസംയമികളുടെയും സുഖാസക്തരുടെയും) കീഴിൽ ജ്ഞാനിയായ മനുഷ്യൻ എന്ന ആശയത്തിന് വഴിമാറിക്കൊടുത്തു. ജീവിതത്തിൽ അനുഭവിക്കേണ്ടിവരുന്ന വേദനകളിൽനിന്നും കഷ്ടപ്പാടുകളിൽനിന്നും, എല്ലാ സ്വാധീനങ്ങളുമുപയോഗിച്ച് സ്വയം രക്ഷപ്പെടാനുള്ള ഉപായങ്ങൾ മുഴുവൻ അറിയുന്ന ഒരാൾ എന്നതാണ് ഈ സങ്കല്പത്തിന്റെ അർഥം. ഗ്രീക്ക്-റോമൻ ലോകങ്ങളുടെ രണ്ട് മതങ്ങൾ സ്റ്റോയിസിസവും എപിക്യൂറിയനിസവുമാണ് എന്ന് ഒരു പ്രമുഖ നരവംശശാസ്ത്രജ്ഞൻ പറയുന്നു. ജീവിതത്തിന്റെ ഭാഗ്യവിപര്യയങ്ങളുടെയും പരീക്ഷണങ്ങളുടെയും ഫലങ്ങളിൽനിന്ന് താരതമ്യതലത്തിലുള്ള വിമുക്തിയെങ്കിലും വ്യക്തിക്കുണ്ടായിരിക്കുന്ന തരത്തിൽ വ്യക്തിസ്വഭാവത്തെ രൂപപ്പെടുത്തുമാറ് മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധത്തിന്റെ ക്രമീകരണമാണ് തങ്ങളുടെ ലക്ഷ്യം എന്ന നിലക്കല്ല ഈ രണ്ടു മതങ്ങളും ചിന്തിച്ചത്. അങ്ങനെ ധാർമികത അതിന്റെ ശ്രദ്ധ മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധങ്ങളുടെ ക്രമീകരണത്തിൽ കേന്ദ്രീകരിക്കാതായി. പകരം മനുഷ്യനെ സ്വയം സൃഷ്ടിച്ച ഒരു ലോകത്തിന്റെ ഉടമയായിക്കാണാനും അവനെ ആശ്വസിപ്പിക്കാനും സുഖപ്പെടുത്താനും തുടങ്ങി. ഈ പ്രക്രിയ പിന്നീട് ഒരുപടികൂടി മുമ്പോട്ട് പോയി, നിലവിലുണ്ടായിരുന്ന തത്ത്വചിന്താധിഷ്ഠിത മതങ്ങളുടെ ലക്ഷ്യം ജ്ഞാനിയായ മനുഷ്യൻ എന്നതായിരുന്നു. അത് പുണ്യവാളൻ എന്നതിലേക്ക് എത്തിച്ചേർന്നു. അതായത്, ഏതെങ്കിലും ദുരിതങ്ങൾ അന്യരെയോ തന്നെതന്നെയോ വിഷമിപ്പിക്കുമ്പോൾ, അതിൽ സുഖം കണ്ടെത്തുകയും അന്തരംഗങ്ങളിൽ ശാന്തി അനുഭവിക്കുകയും ചെയ്യുന്ന ഒരു മനുഷ്യൻ ദുരിതങ്ങളുടെ കാരണങ്ങളെ ഇല്ലാതാക്കുന്നതായിരുന്നില്ല ഈ സമ്പ്രദായം, മറിച്ച് നിത്യശാന്തിയുടെ ലോകത്തേക്ക് പ്രവേശിക്കണമെങ്കിൽ ഈ ലോകത്ത് ദുരിതങ്ങളനുഭവിക്കുക തന്നെ വേണമെന്ന മിഥ്യാദർശനത്താൽ മനുഷ്യൻ നയിക്കപ്പെടുകയായിരുന്നു. അങ്ങനെ മനുഷ്യദുരിതങ്ങൾ, എന്തിന് മർദനങ്ങളും ഭീകരവാഴ്ചകളുംപോലും, വേണ്ടത്ര എതിർക്കപ്പെടാത്ത ഒരവസ്ഥ വന്നു. മനുഷ്യൻ അവയുടെ പിടിത്തത്തിൽ നിന്ന് മോചിപ്പിക്കപ്പെട്ടിട്ടില്ല. പകരം അവയുമായി യോജിച്ചുപോവാനാണ്, ഒറ്റവാക്കിൽ പറഞ്ഞാൽ അവയിൽ സുഖം കണ്ടെത്താനാണ് നിർദേശിക്കപ്പെട്ടത്. അയാൾക്ക് മതത്തിന്റെ ധാരാളം ആശ്വാസ വചനങ്ങൾ നല്കപ്പെട്ടു. എന്ത് സംഭവിച്ചാലും അതൊക്കെ നല്ല ബുദ്ധിയോടെ സ്വീകരിക്കാൻ നിർദേശിക്കപ്പെട്ടു. കാരണം, അതാണല്ലോ വിധി. വിനയാന്വിതനും അനുസരണശീലനുമാണല്ലോ അവസാനം സ്വർഗസാമ്രാജ്യത്തിൽ പ്രവേശിക്കുക. അങ്ങനെ, മനുഷ്യർ തമ്മിലുള്ള ബന്ധങ്ങളുടെ ചട്ടവട്ടങ്ങൾ, തിന്മയുടെ ഉച്ചാടനം, നന്മയുടെ സംസ്ഥാപനം തുടങ്ങിയ ധാർമികതയുടെ

ലക്ഷ്യങ്ങൾ കാണാമറയത്ത് നഷ്ടപ്പെടുകയും മറക്കപ്പെടുകയുമാണുണ്ടായത്. നീതിമാനായ മനുഷ്യൻ എന്ന സങ്കല്പം ജ്ഞാനിയായ മനുഷ്യൻ എന്ന സങ്കല്പത്തിനും പിന്നീട് പുണ്യവാളൻ എന്ന സങ്കല്പത്തിനും വഴി മാറിക്കൊടുത്തതിനാൽ തിന്മ കുറ്റകൃത്യത്തിന് തുല്യമാണെന്നും അതിനാൽ നീതിക്കുവേണ്ടിയുള്ള ദാഹം ധാർമികമായ നന്മയും സദാചാരപരമായ ശ്രേഷ്ഠതയുമാണെന്ന് അതുവരെ നിലനിന്നിരുന്ന ധാരണ ചില ശ്രേഷ്ഠ സാഹചര്യങ്ങളുടെയും തോന്നലുകളുടെയും വികാരങ്ങളുടെയും ധാരണകളുമായി കൂട്ടിക്കുഴയാൻ തുടങ്ങി. ആ ധാരണകളുടെ ഉടമസ്ഥാവകാശമാകട്ടെ, ജീവിതത്തിന്റെ ലക്ഷ്യമായി കരുതപ്പെടുകയും ചെയ്തു.

ആശയങ്ങളുടെ ഈ വ്യതിയാനത്തിന്റെ ഫലമായി സദാചാരം, ശരിയായ പെരുമാറ്റ രീതി, മനുഷ്യർക്കിടയിലുള്ള നീതി എന്നിവ മനുഷ്യരാശിയുടെ യഥാർഥ നന്മയെ വളർത്തിയെടുക്കുന്ന അവസ്ഥ ഇല്ലാതായി. വ്യക്തിയുടെ മാത്രം നന്മയുമായി താദാത്മ്യം പ്രാപിക്കുന്നതല്ല, മറിച്ച് നിലനിൽപിന്റെ മറ്റൊരു തലത്തിൽ സംഭവിക്കേണ്ട, വ്യക്തിയുടെ മോക്ഷവുമായി താദാത്മ്യം പ്രാപിക്കുന്ന അതിന്റെ യഥാർഥ ചുമതലയെ അത് വർജിക്കേണ്ടതായും വന്നു.

മനുഷ്യൻ ഏതൊരു വിപുലമായ മാനുഷിക ഘടനയുടെ അവിഭാജ്യ ഘടകമായിരിക്കുന്നുവോ ആ ജൈവഘടനയുമായി ശരിയായി ബന്ധം പുലർത്തുക എന്നതാണ് സദാചാരത്തിന്റെ ചുമതല. ഈ ധാർമിക ചുമതലയുടെ അത്യന്താപേക്ഷിതമായ അടിത്തറയാകട്ടെ, നീതിയാണ്. ഞാൻ മുകളിലുദ്ധരിച്ച നരവംശ ശാസ്ത്രജ്ഞൻ ഇങ്ങനെ കൂട്ടിച്ചേർക്കുന്നു: നീതി എന്നത് ഒരു സ്വർഗീയ ലക്ഷ്യമല്ല, അതൊരു നിർമാണാത്മക സങ്കല്പവുമല്ല. ചില ഉദാത്ത വീക്ഷണങ്ങൾ നിർമിച്ച ഒരുൽപന്നവുമല്ല അത്. അത് തിന്മയുടെ, അനീതിയുടെ നിഷേധം മാത്രമാണ്. യാതൊരു വിധത്തിലുള്ള സ്വേച്ഛാപരമായ മർദനവുമുണ്ടായിരിക്കരുതെന്നും മനുഷ്യൻ മനുഷ്യനോട് ചെയ്യുന്ന സ്വേഛാപരമായ ഹിംസകളുണ്ടാവരുതെന്നും അകാരണമായ അധിക്ഷേപങ്ങളും ക്രൂരതകളും ഉണ്ടായിരിക്കരുതെന്നും അതാവശ്യപ്പെടുന്നു. അതിനാൽ, അധികാരത്തിന്റെയോ അവകാശത്തിന്റെയോ കൃത്രിമവും വ്യാജവുമായ ആധിപത്യത്തിന്റെ പേരിൽ ജീവിതത്തിലും ചിന്തയിലും കർമങ്ങളിലുമൊന്നും മനുഷ്യൻ മനുഷ്യനാൽ മർദിക്കപ്പെടരുത്. തെറ്റ് എന്ന വാക്കിന് നാം എന്തെങ്കിലുമൊരർഥം നൽകുന്ന കാലത്തോളം, നാം ഏത് രീതിയിൽ നോക്കിക്കണ്ടാലും അത്തരം കാര്യങ്ങൾ തെറ്റുകൾ തന്നെയായിരിക്കും. അത്തരം തിന്മകളിൽനിന്നു മുക്തി ആവശ്യപ്പെടുക വഴി, മനുഷ്യൻ അവന്റെ അവകാശമുറപ്പിക്കുക മാത്രമാണ് ചെയ്യുന്നത്. ഈ അവകാശം യാതൊരു വിധ ഉടമ്പടിയുടെയും വ്യവസ്ഥയായി ഉറപ്പിക്കപ്പെട്ടതല്ല, ഒരു നിയമസൂത്രത്തിലും വ്യക്തമായി എടുത്തുകാണിക്കാവുന്നതുമല്ല. എന്നാലും അത് അടിസ്ഥാനപരമായ ഒരാവശ്യം ഉൾക്കൊള്ളുന്നു. സദാചാരത്തിന്റെ പ്രസക്തിയുടെ അടിവേരും സത്തയുമാണത്. തെറ്റിൽനിന്ന് തിരിച്ചറിഞ്ഞു കാണാവുന്ന ശരിയാണത്. തെറ്റിനെ ഇല്ലാ

താക്കുക എന്നതാണ് ധാർമികതയുടെ കുറക്കാനാവാത്ത മിനിമം. ആ കുറക്കാനാവാത്ത മിനിമത്തിന്മേൽ ഏത് മാതൃകാപരമായ ധാർമിക വികാരത്തിന്റെ ഉത്തുംഗസൗധം കെട്ടിപ്പൊക്കിയാലും ശരിയുടെ പ്രാഥമികമായ മൂലതത്ത്വങ്ങൾ സുഭദ്രമാവാത്ത കാലത്തോളം, തിന്മ തലയുയർത്തി നിൽക്കുന്ന കാലത്തോളം, അതിന് യാതൊരു ഫലവുമുണ്ടാവുകയില്ല, അത്തരമൊരെടുപ്പ് ധാർമികമേ ആയിരിക്കുകയില്ല. ഒരു മനുഷ്യന്, അല്ലെങ്കിൽ സമൂഹത്തിന്, സ്വയം സദാചാരനിരതമായി കണക്കാക്കപ്പെടണമെന്ന ഏതെങ്കിലുമൊരവകാശമുന്നയിക്കണമെങ്കിൽ അവർ തിന്മ ചെയ്യുന്നത് നിർത്തിയേ തീരൂ. തെറ്റു ചെയ്യുന്നത് ഒഴിവാക്കുന്ന, അനീതി അവസാനിപ്പിക്കുന്ന അടിസ്ഥാനപരമായ സാഹചര്യം സൃഷ്ടിക്കാനവർക്ക് കഴിയുന്നില്ലെങ്കിൽ അവർ എത്ര ഉദാത്തമായ വികാരങ്ങൾ പുലർത്തിയിട്ടും, ഉന്നത വിചാരങ്ങളുടെ അഭംഗുരമായ ആനന്ദ നിർവൃതിയിൽ എത്രമാത്രം ആറാടിയിട്ടും അതുകൊണ്ട് യാതൊരു ഫലവുമുണ്ടാകാൻ പോകുന്നില്ല.

തിന്മയുമായി ഏറ്റുമുട്ടുക എന്നത് ധാർമികതയിൽ നിക്ഷിപ്തമല്ല, പകരം അനീതിക്കിരയായ ഹൃദയത്തിലും ആത്മാവിലും ചില ഉദാത്ത ഭാവനകൾ അരക്കിട്ടുറപ്പിക്കുക എന്നതാണെന്ന വാദം അമ്പരപ്പിക്കുന്ന ഫലങ്ങൾക്ക് കാരണമായി. അതനുസരിച്ച് മനുഷ്യരാശി ഒരു യുഗത്തിന്റെ ആരംഭത്തിന് സാക്ഷ്യം വഹിച്ചു. ഈ യുഗത്തിൽ സദാചാരത്തിന്റെ ഉദ്ദേശ്യം തിന്മയെ ചെറുത്തുനില്ക്കുകയല്ല. പകരം അതിന് കീഴൊതുങ്ങുകയായിരുന്നു. നീതി വ്യാപകമാക്കുകയല്ല, അനീതിക്ക് മുൻപിൽ തലകുനിക്കുകയും അതിനെ അവഗണിക്കുകയുമായിരുന്നു ധാർമികതയുടെ ലക്ഷ്യം. ഈ ജാതി വാദങ്ങളെയാണ് ഞാൻ നേരത്തെ ഉദ്ധരിച്ച നരവംശ ശാസ്ത്രജ്ഞൻ പുച്ഛിച്ചുതള്ളിയത്. ഇവിടെ സദാചാരത്തിന്റെ എല്ലാ ചുമതലകളും കീഴ്മേൽ മറിക്കപ്പെട്ടിരിക്കുന്നു. വാസ്തവത്തിൽ അത് തിന്മയെ ചെറുത്തുനില്ക്കാതിരിക്കുക എന്ന ആശയത്തെയാണ് പിന്തുണക്കുന്നത്. വർഗവികാസത്തെ പ്രോത്സാഹിപ്പിക്കുന്നതിന് പകരം അത്തരമൊരു നൈതിക വികാരത്തിന്റെ വ്യതിചലിത ഫലങ്ങളിലൂടെ അത് നേരെ എതിരു ചെയ്യുന്നു. അതിന് മനുഷ്യന്റെ ഭാവിയെക്കുറിച്ചുണ്ടായിരുന്ന എല്ലാ ഉത്കണ്ഠകളും നഷ്ടപ്പെടുന്നു. സംഘടിതമായി കളവ് പറഞ്ഞുകൊണ്ടു പോലും ചവിട്ടിത്താഴ്ത്തപ്പെട്ടവനെ ആശ്വസിപ്പിക്കാനുദ്യമിക്കുന്ന ഒരുതരം തലതിരിഞ്ഞ ചിന്താഗതിയാണത്. തലതിരിഞ്ഞതാണെന്ന് സ്വയം തോന്നിപ്പിക്കുന്ന തരത്തിൽ കാര്യങ്ങൾ നോക്കിക്കാണുന്ന ഈ രീതിയെ പുച്ഛിക്കാൻ ഡോ. ഫാൾട്ടാ ഡി ഗ്രാഷ്യായെ പ്രേരിപ്പിച്ചത് ഈ ചിന്താഗതിയായിരിക്കണം. അദ്ദേഹം പറയുന്നു: "നീതിയുടെ സങ്കല്പം ക്രൈസ്തവതക്ക് തീർത്തും അപരിചിതമാണ്, ബുദ്ധിപരമായ സത്യസന്ധതയെപ്പോലെത്തന്നെ. ക്രൈസ്തവതയുടെ നൈതിക കാഴ്ചപ്പാടിന്റെ മണ്ഡലത്തിന് പുറത്താണ് അത് സ്ഥിതിചെയ്യുന്നത്. ക്രൈസ്തവത –വൈകൃതങ്ങളോ ചാപല്യത്തിന്റെയും തെറ്റുകളുടെയും ഫലമായുണ്ടായ പ്രയോഗങ്ങളോ ആയി തള്ളിക്കളഞ്ഞ വ്യാഖ്യാനങ്ങളല്ല ഞാൻ സൂചിപ്പിക്കുന്നത്, മറിച്ച്

അതതിന്റെ സത്തയിൽ ഏറ്റവും ആദർശാത്മകങ്ങളായ സങ്കൽപങ്ങളും ചൈതന്യത്തിന്റെ ഏറ്റവും ഉദാത്തമായ പ്രാദുർഭാവങ്ങളുമാണ്–അനീതിക്ക് വിധേയരായ മനുഷ്യർക്ക് സമാശ്വാസവും സുഖവും വാഗ്ദാനം ചെയ്തത്. എന്നാൽ, അനീതിയെ തിരിച്ചറിയാൻ പോലും പറ്റാത്ത വിധത്തിൽ അത് നിലനിൽക്കുകയും ചെയ്തു. അത് ഭാരം വഹിച്ചു തളർന്നവർക്കും ദുഃഖിതർക്കും പീഡിതർക്കും സ്നേഹത്തിന്റെ നിയമങ്ങൾ പ്രഖ്യാപിച്ചു. മാപ്പു നല്കലിന്റെയും അനുകമ്പയുടെയും ചുമതലകൾ പ്രഖ്യാപിച്ചു. ദൈവത്തിന്റെ പിതൃത്വം വാഗ്ദാനം ചെയ്തു. എന്നാൽ ഉദാത്തതയുടെ ഉച്ചകോടി എന്ന നിലക്ക് മനുഷ്യനെ സ്വാധീനിക്കുകയും മറ്റെല്ലാ നൈതികാശയങ്ങളെയും പ്രസരിപ്പിക്കുകയും ചെയ്ത മതപരവും നൈതികവുമായ വികാരങ്ങളുടെ കുത്തിയൊഴുക്കിൽ സാമാന്യനീതി, സാമാന്യമായ സത്യസന്ധത എന്നിവക്ക് സ്ഥാനമില്ലായിരുന്നു. മനുഷ്യന്റെ ദുഃഖങ്ങൾക്കിടയിലേക്ക്, തത്ത്വദീക്ഷയില്ലാത്ത മർദനത്തിന്റെയും അനീതിയുടെയും ഇടയിലേക്ക് ദുഃഖത്തിന്റെ മതത്തിന്റെ അനുയായികൾക്ക് സുഖവും സഹാനുഭൂതിയും നൽകിക്കൊണ്ട് മാതൃകാക്രിസ്ത്യാനി, അഥവാ പുണ്യവാളൻ, ഒരു മാലാഖയെപ്പോലെ ആകാശങ്ങളിൽനിന്ന് ഇറങ്ങിവരുന്നത് നാം കാണുന്നു. പക്ഷേ, ഈ ദുഃഖത്തിന്റെ കാരണം സ്ഥിതിചെയ്യുന്നത് തികച്ചും, അയാളുടെ ബോധത്തിന്റെ പരിധിക്ക് പുറത്താണ്. ശരിയെയും തെറ്റിനെയും കുറിച്ചുള്ള ഏതെങ്കിലും ധാരണകളുടെ മങ്ങിയ പ്രകാശം പോലും ഇതിനെക്കുറിച്ചുള്ള അയാളുടെ കാഴ്ചപ്പാടിലേക്ക് പ്രവേശിക്കുന്നേ ഇല്ല. അത് വസ്തുതകളുടെ വ്യവസ്ഥാപിതമായ ഒരു ക്രമമാണ്; ലോകത്ത് ദൈവത്താൽ നിയുക്തമായ ഒരു ഭരണസമ്പ്രദായമാണ്; ദൈവിക ശാസനം പാപികളുടെമേൽ ചുമത്തിയ വിചാരണയാണ്."

ഇസ്‌ലാമിൽ അനുകമ്പ ദൈവിക ഗുണമാണെങ്കിലും നീതി പ്രവർത്തിക്കുവാനുള്ള ആവശ്യകതയിലുള്ള ഊന്നൽ, 'ആകാശം ഇടിഞ്ഞുവീണാലും' എന്ന പ്രയോഗം സൂചിപ്പിക്കുന്നതുപോലെ പരമപ്രധാനമാണ്. ഇസ്‌ലാമിക നൈതിക വ്യവസ്ഥയുടെ സൗധം ശക്തമായുറപ്പിച്ചിട്ടുള്ള പ്രലംബകമായി കണക്കാക്കുന്ന സങ്കല്പം നീതിയാണ്. ഖുർആനിൽ സൂചിപ്പിച്ചിട്ടുള്ള അക്രമങ്ങളുടെ കാര്യത്തിൽ നീതി ചെയ്യേണ്ട ആവശ്യകതയിലുള്ള ഖുർആനികമായ ഊന്നൽ പരക്കെ അറിയപ്പെട്ടതാണ്. ഞാന വയിലേക്ക് കടക്കുന്നില്ല. നാലാം അധ്യായം 105–ാം സൂക്തത്തിൽ നബിയോട്, ജനങ്ങൾക്കിടയിൽ, തനിക്ക് ലഭിച്ച ദിവ്യപ്രബോധനത്തിന്റെ അടിസ്ഥാനത്തിൽ വിധി കൽപിക്കാനാവശ്യപ്പെട്ടിരിക്കുന്നു. വഞ്ചകൻമാർക്ക് വേണ്ടി വാദിക്കുന്നവരിൽപ്പെടരുതെന്ന് അദ്ദേഹം താക്കീത് ചെയ്യപ്പെടുകയും ചെയ്തിരിക്കുന്നു. അതേ അധ്യായത്തിലെ 135–ാം സൂക്തത്തിൽ നമുക്ക് ഇങ്ങനെ കാണാം: "അല്ലയോ വിശ്വാസികളേ! അല്ലാഹുവിന് വേണ്ടി സാക്ഷ്യംവഹിക്കുന്നവരായി നിങ്ങൾ നീതിയുടെ പരിപാലകൻമാർ ആയിരിക്കുവിൻ. അത് നിങ്ങൾക്ക് തന്നെയോ മാതാപിതാക്കൾക്കോ അടുത്ത ബന്ധുക്കൾക്കോ എതിരായിട്ടാണെങ്കിലും ശരി, അയാൾ ധനി

കനോ ദരിദ്രനോ ആവട്ടെ (നിങ്ങളെക്കാൾ) അല്ലാഹു ഇരുവരോടും ഏറെ അടുത്തത്രെ." ആറാം അധ്യായത്തിന്റെ 152-ാം വാക്യത്തിൽ നീതിയെ ക്കുറിച്ചുള്ള ഉത്കണ്ഠ അതിന്റെ ഏറ്റവും ഉയർന്ന തലത്തിലെത്തുന്നു: "അനാഥക്കുട്ടിയുടെ മുതലിനെ ഏറ്റവും ഉത്തമമായ വിധത്തിലല്ലാതെ അവൻ പ്രായപൂർത്തി എത്തിച്ചേരുന്നത് വരേക്ക് നിങ്ങൾ സമീപിക്കരുത്. അളവും തൂക്കവും നീതിയോട് കൂടി നിറവേറ്റുക. നിങ്ങൾ സംസാരിക്കു മ്പോൾ അത് ബന്ധുക്കൾക്ക് എതിരെ ആണെങ്കിൽതന്നെയും നീതിപുലർ ത്തുക. അല്ലാഹുവിന്റെ പ്രതിജ്ഞയും നിറവേറ്റുക.." ദൈവശാസിതമായ ശിക്ഷകൾ ചുമത്തേണ്ടതുള്ളതിനാൽ ഹദ്ദുകൾ ചുമത്താൻ വിധികർത്താ വിന് വളരെക്കുറഞ്ഞ വിവേചനാധികാരമേ ഉള്ളൂ. പ്രസ്തുത ഹദ്ദ് ശിക്ഷ ചുമത്തുന്നതിന് വിസമ്മതിക്കുന്ന തരത്തിൽ അതിലംഘിക്കപ്പെട്ടിട്ടുണ്ടെന്ന വസ്തുതകളും സാഹചര്യങ്ങളും സ്ഥാപിക്കപ്പെടുകയാണെങ്കിൽ മനുഷ്യാ വകാശങ്ങളും ചുമതലകളും കർശനമായി നിർവഹിക്കപ്പെട്ടിട്ടുണ്ട്. അവ യുടെ ക്രമാനുഗതമായ സംസ്ഥാപനം സംഘടിത സമുദായത്തിന്റെ മുഴു വൻ ചുമതലയാണ്. ഈ ചുമതല സ്റ്റേറ്റിന്റെ നിയമം നടപ്പിൽ വരുത്തുന്ന ഘടകങ്ങളിൽ അർപ്പിക്കപ്പെട്ടിരിക്കുന്നു. സാമൂഹിക ഘടനയുടെ ജീവൻ രക്ഷിക്കപ്പെടാൻ അത്യാവശ്യമാണെങ്കിൽ വ്യക്തി ബലിയർപ്പിക്കപ്പെട്ടേ മതി യാവൂ. ഇസ്‌ലാമിൽ കൂട്ടായ പ്രവർത്തനത്തിന് പ്രത്യേകമായ പവിത്രത യുണ്ട്. എല്ലാ ഖുർആനിക പ്രാർഥനകളും ബഹുവചനത്തിലാണ്. തന്റെ സഹോദരന്മാർ സമൂഹപ്രാർഥനയിൽ ഏർപ്പെട്ടിരിക്കുമ്പോൾ അതിൽ പങ്കെടുക്കാൻവേണ്ടി ഒരാൾ പോവുകയാണെങ്കിൽ അയാളെ സംബന്ധി ച്ചിടത്തോളം ആ പ്രാർഥനയുടെ മൂല്യം ഇസ്‌ലാമിൽ വലുതാണ്.

സഹജീവികൾക്ക് എല്ലാതരത്തിലുമുള്ള ദുഷ്കീർത്തികളും അപമാ നങ്ങളും ഏല്പിക്കുന്ന ധാരാളം ആളുകളുണ്ട്. എന്നാൽ, ജീവിച്ചിരിക്കുന്ന കാലത്ത് അവരുടെ തിന്മകൾക്കൊന്നിനും യാതൊരു വിധത്തിലുമുള്ള പ്രത്യാഘാതങ്ങളും അനുഭവപ്പെടാതിരിക്കുന്നത് നമുക്ക് കാണാൻ കഴിയും. ഇങ്ങനെയൊക്കെയാണെങ്കിലും തിന്മ പ്രവർത്തിക്കുന്ന ആൾ സഹജീവികളുടെ മേൽ പരിക്കുകളേല്പിച്ചശേഷം ജീവിച്ചുപോരുന്നു വെങ്കിലും അയാൾ ഒരു ഭാഗമായിട്ടുള്ള സമൂഹം, അയാൾ ഒരു കോശമാ യിട്ടുള്ള ജൈവഘടന, അനിവാര്യമായും ക്ഷയോന്മുഖമായിത്തീരുന്നു. അതിന്റെ വളർച്ചയ്ക്ക് വിഘാതങ്ങൾ നേരിടുന്നു. അനിവാര്യമായും അത് ഇല്ലാതായിത്തീരുന്നു. പാപത്തിന്റെ ശമ്പളം എപ്പോഴും മരണമാണ്. മത നിയമങ്ങൾ തെറ്റിനെക്കുറിച്ച് ഗുണദോഷിക്കുന്നവയാണ്. അതിനാൽ, നമ്മൾ ആരോടെങ്കിലും തെറ്റ് ചെയ്തിട്ടുണ്ടെങ്കിൽ ദയാരഹിതമായിത്തന്നെ അതിന്റെ കണക്കുകൾ എവിടെയെങ്കിലും വെച്ച് പറയിപ്പിക്കപ്പെടും.

ഇസ്‌ലാമിക സംസ്കാരത്തിന്റെ ധാർമികവും ബുദ്ധിപരവുമായ വളർച്ച സാധിതമാക്കുന്ന തന്ത്രപരമായ തത്ത്വങ്ങൾ ഏത് മുസ്‌ലിം ചരിത്രത്തിന്റെ ഗതിയുടെ അടിസ്ഥാനത്തിലാണോ വിശദമാക്കുന്നത്, ആ ചരിത്രഗതിയെ ഇതുപോലെയുള്ള ഒരു പ്രഭാഷണത്തിൽ വിലയിരുത്താൻ ഞാൻ തുനി

ഞ്ഞാൽ അത് വളരെ നീണ്ടുപോയേക്കും. എന്നാൽ, ഇസ്‌ലാമിക സംസ്കാരത്തിന്റെ സൃഷ്ടിപരമായ ഊർജസ്വലതയെക്കുറിച്ചും ബുദ്ധിപരമായ മൗലികതയെക്കുറിച്ചും ധാർമികമായ മഹത്വത്തെക്കുറിച്ചുമുള്ള തന്റെ വീക്ഷണത്തെക്കുറിച്ച് നിങ്ങളോട് പറയാൻ ഞാൻ ധാരാളം ഉദ്ധരിച്ചിട്ടുള്ള എന്റെ നരവംശ ശാസ്ത്രജ്ഞനായ സുഹൃത്ത് ഡോ. റോബർട്ട് ബ്രിഫോയെ അനുവദിക്കുക. "അത്തരമൊരു നിമിഷത്തിന്റെ പ്രത്യാഘാതങ്ങൾ ഉൾക്കൊണ്ടിട്ടുള്ള ഇസ്‌ലാമിന്റെ ബുദ്ധിപരമായ സംസ്കാരം അത് ചെലുത്തിയ സ്വാധീനത്തിൽ പ്രകടമാവുന്ന ഒരുതരം നൈതിക വളർച്ചയോട് അനുഗുണമായി ഭവിച്ചു. ക്രിസ്ത്യാനികൾക്കും ജൂതൻമാർക്കും ഒരുപോലെ ബഹുമാനവും സ്ഥാനവും നൽകുകയും ജാതിപരിഗണനകൾ പുലർത്താതിരിക്കുകയും ചെയ്ത വിശാലമായ മതസഹിഷ്ണുതയാൽ ക്രൈസ്തവ യൂറോപ്പ് അപമാനിക്കപ്പെടുകയല്ല, കോപാകുലമായിത്തീരുകയാണുണ്ടായത്. എങ്ങനെയൊക്കെയായിരുന്നാലും മൂറിഷ് സംസ്കാരവുമായി സമ്പർക്കം പുലർത്താനിടയായ ചിന്തിക്കുന്ന മനസ്സുകളുടെ ദൂരവ്യാപക സ്വാധീനം കൂടാതെയായിരുന്നില്ല അത്. കിരാതമായ യൂറോപ്പ് ഒരുകാര്യം സമ്മതിച്ചു: സ്പെയിനിലെ പ്രഭുക്കൻമാരും രണശൂരനായ, പടയാളിയായ അൽ മൻസൂറിനെപ്പോലുള്ള മാന്യൻമാരും തങ്ങൾക്ക് നൽകിയ ധീരോചിതമായ ബഹുമാനത്താലും ഉന്നതമായ മഹാമനസ്കതയാലും തങ്ങളതിശയിച്ചുപോയെന്നും സ്വാധീനിക്കപ്പെട്ടുപോയെന്നുമുള്ള കാര്യം. യുദ്ധത്തിൽ താനൊരുപാട് ശത്രുക്കളെ കൊന്നിട്ടുണ്ടെന്നും എന്നാൽ ഒരാളോട്പോലും അപമര്യാദയായി പെരുമാറിയിട്ടില്ലെന്നും മൻസൂർ അവകാശപ്പെട്ടിരുന്നു. ഇരുപതാം നൂറ്റാണ്ടിലെ ഇംഗ്ലണ്ട് പോലും ആദരപൂർവം സ്മരിക്കുന്ന, അന്തസ്സ് തുളുമ്പുന്ന രാജോചിതമായ പെരുമാറ്റമാണിത്. പ്രാകൃതന്മാരായ കുരിശ് യുദ്ധക്കാർ സലാഹുദ്ദീന്റെ ഉദാരമനസ്കതയും സ്വഭാവമഹിമയും ധീരതയും കണ്ടു നാണിച്ചു. രാജകീയ നന്മ എന്ന ആശയം സ്വീകരിക്കപ്പെട്ടു. Nobless Oblige ന്റെ പാരമ്പര്യം സംസ്ഥാപിക്കപ്പെടുകയും ചെയ്തു. അറബി ആശയങ്ങളുമായി അഗാധമായി ബന്ധപ്പെട്ട കവിതയും പ്രേമ കഥകളും ജനകീയ ഭാവനകൾ മാത്രം രൂപപ്പെടുത്തി. മനുഷ്യന്റെ സന്തോഷങ്ങളിലും ബുദ്ധിപരമായ താൽപര്യങ്ങളിലും സ്ത്രീക്ക് കൂടി പങ്ക് വഹിക്കാൻ കഴിയുന്ന മൂറിഷ് ലോകത്തിന്റെ രാജവീഥികളിലൂടെ വനിതകളുടെ സ്ഥാനത്തെക്കുറിച്ചും അന്തസ്സിനെക്കുറിച്ചുമുള്ള പുതിയൊരു സങ്കല്പം യൂറോപ്പിലേക്കും കടന്നുവരികയായി." (അദ്ദേഹത്തിന്റെ മാനവതയുടെ നിർമിതി [Making of Humanity] എന്ന കൃതി നോക്കുക.)

ധാർമികതയുടെയും നീതിയുടെയും സ്വഭാവത്തെക്കുറിച്ച് ഇവിടെപ്പറഞ്ഞ ആശയങ്ങളിൽനിന്ന് വ്യക്തമാവുന്നത് പ്രസ്തുത നന്മകൾ വളർന്നു വരുന്നതിനുള്ള മണ്ണ് ബുദ്ധിപരമായ സത്യസന്ധത ആണെന്നാണ്. ഈ ആശയങ്ങൾ ഒരു കാര്യം കൂടി വ്യക്തമാക്കിത്തരുന്നു: മനുഷ്യവളർച്ചയെ സ്വാധീനിക്കുന്നതിൽ ദൈവിക സാന്നിധ്യത്തിനും തത്ത്വങ്ങൾക്കും ഉദ്ദേ

ശ്യങ്ങൾക്കും യാതൊരു പങ്കും വഹിക്കാനുണ്ടായിരുന്നില്ല എന്ന മനുഷ്യന്റെ ചരിത്രത്തെക്കുറിച്ചുള്ള വീക്ഷണം അവതരിപ്പിക്കുന്നതിലും ജീവിതത്തിലെ പവിത്ര കാര്യങ്ങളെയെല്ലാം പുച്ഛിച്ചുതള്ളുന്നതിലും തങ്ങളുടെ ബുദ്ധിപരമായ അഹന്തയും കുതന്ത്രങ്ങളും കാരണം പാണ്ഡിത്യത്തിന്റെയും വിജ്ഞാനത്തിന്റെയും പേരിൽ യൂറോപ്യൻ ബുദ്ധിജീവികൾ വിശിഷ്യാ, ഓറിയന്റലിസ്റ്റുകളും അറബിസ്റ്റുകളും, എത്രമാത്രം ബന്ധപ്പെട്ടിരുന്നു എന്ന കാര്യം. ഒരു ദൈവികമതം എന്ന നിലക്കുള്ള ഇസ്‌ലാമിന്റെ അവകാശവാദത്തിന് വലിയൊരു വിമർശനമൊന്നുമല്ല ഇത്. മനുഷ്യനെ സംബന്ധിച്ചിടത്തോളം അമേയമായ ഒരു കേന്ദ്രത്തിൽനിന്ന് പ്രകാശവും അനുഗ്രഹവുമെല്ലാം അവസാനം മനുഷ്യരൂപത്തിലേക്ക് ഒഴുകിവരുന്നു. ഇസ്‌ലാമിന്റെ അധ്യാപനം ഇതാണ്. ദൈവിക സ്പർശമാണ് മണ്ണുകൊണ്ടുള്ള ഒരു രൂപത്തെ മനുഷ്യനാക്കിയത്. മനുഷ്യന്റെ സൃഷ്ടികൾക്കും നിയമങ്ങൾക്കും സംസ്കാരത്തിനുമെല്ലാം ഒരു സ്വർഗീയ മാനം നൽകിയത് ഈ ദൈവിക സ്പർശമാണ്. മണ്ണിലേക്ക് ഈ ചൈതന്യം ഊതുമ്പോൾ മാത്രം മനുഷ്യൻ പിറവിയെടുക്കുന്നു. സിസ്റ്റൈൻ ചാപ്പലിൽ മൈക്കലാഞ്ചലോവിന്റെ The Creation of man എന്ന ഒരു ചുവർചിത്രമുണ്ട്. ഈ ചുവർചിത്രത്തിൽ മണ്ണിൽനിന്നു മനുഷ്യനെ നിർമിക്കുന്ന ദൈവിക സ്പർശത്തിന്റെ അദ്ഭുതം പ്രതിഫലിച്ചുകാണുന്നു. ഈ അദ്ഭുതം കുറച്ചുകാലത്തേക്ക് യൂറോപ്പ് അംഗീകരിച്ചതാണ്. ഒരു ദൈവികപ്രയോഗമായി മാറുന്ന തരത്തിൽ മനുഷ്യനൊരു പരിണാമം കൈവരുത്തുന്നത് ദൈവത്തിന്റെ സ്പർശമാണ്. മനുഷ്യനിലുള്ള ദൈവികാംശത്തിന്റെ സാന്നിധ്യത്തോട് എത്രയും കാലം അനുസരണയും വിശ്വസ്തതയും പുലർത്തിയോ അത്രയും കാലത്തോളം യൂറോപ്പുകാരൻ മനുഷ്യനേട്ടങ്ങളുടെ ഉന്നതമേഖലകളിൽ വർത്തിച്ചു. എന്നാൽ, പതിനെട്ടാം നൂറ്റാണ്ടിൽ ഡീയിസ്റ്റ് തത്ത്വചിന്തകന്മാർ യുക്തിവിചാരമെന്ന പേരിൽ പ്രചരിപ്പിച്ച ദർശനത്തോടെ യൂറോപ്പ് ആദ്യമായി മനുഷ്യന്റെ തലക്കുമുകളിൽ അവനെ കാത്തുസൂക്ഷിച്ചിരുന്ന ദൈവികസാന്നിധ്യത്തെ നിഷേധിച്ചു. പിന്നീട് പത്തൊമ്പതാം നൂറ്റാണ്ടിൽ മാനസികാപഗ്രഥനവുമായി ഫ്രോയിഡും അനുയായികളും വന്നു. അബോധമനസ്സിന്റെ കാര്യം പറഞ്ഞുകൊണ്ട് അദ്ദേഹം നരകത്തിന്റെ വാതിലുകൾ തുറന്നുവെച്ചു. അതുവരെ ദൈവികനിയന്ത്രണത്താൽ തളച്ചിടപ്പെട്ടിരുന്ന അപകടകാരികളായ ഇരുണ്ട ശക്തികളെ സ്വതന്ത്രമാക്കുകയാണ് ഇതുവഴി അദ്ദേഹം ചെയ്തത്. തദ്ഫലമായി യൂറോപ്യൻ ചരിത്രത്തിലെ മാർക്സിസ്റ്റാനന്തരകാലഘട്ടം ശൂന്യവും വന്ധ്യവുമായിത്തീർന്നു. മനുഷ്യരാശി ഇപ്പോൾ പമ്പരവിഡ്ഢിത്തത്തിന്റെ ചളിക്കുണ്ടിലേക്ക് പതിച്ചുകൊണ്ടിരിക്കുകയാണ് എന്നതിൽ അദ്ഭുതമൊന്നുമില്ല. മനുഷ്യനെ സ്വയം തനിക്ക് മുകളിലേക്ക്, കൂടുതൽ ഔന്നത്യങ്ങളിലേക്ക് ഉയർത്തുവാൻ പര്യാപ്തമായ മൗലികമായ അഭിലാഷമുണ്ടല്ലോ, അത് ഇന്നത്തെ കപടശാസ്ത്രജ്ഞൻമാരാൽ അപഹസിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. മനുഷ്യപുത്രന് ഇനി പിടിച്ചുനിൽക്കാനൊന്നുമില്ലാത്ത ഒരുകാലം വന്നിരിക്കുന്നു എന്നതിൽ അദ്ഭുതമൊന്നുമില്ല. അവൻ ചുക്കാനില്ലാത്ത ഒരു ചങ്ങാടമാണ്.

ഈ മഹാപ്രപഞ്ചത്തിൽ തുണയില്ലാത്ത ഒരനാഥ ബാലനാണ്.

മാനവികതയെത്തന്നെ ഒന്നടങ്കം വിലകുറച്ചു കാണിക്കുന്നത്ര ഇസ്‌ലാമിനെ വില കുറച്ചുകാണിക്കാൻ യൂറോപ്യൻ പാണ്ഡിത്യം ആഗ്രഹിക്കുന്നില്ല. എന്നാൽ, ഈ പൈശാചികയുഗത്തിൽ ധാരാളം പ്രതികൂലശക്തികൾ തലപൊക്കുന്നുണ്ട്. തിന്മയുടെ ഈ ശക്തികളോട് അടരാടാനുള്ള ശ്രമങ്ങൾ പോലും മനുഷ്യജീവിതത്തിന്റെ സമാധാനാന്തരീക്ഷത്തിന് ദോഷം ചെയ്യുന്നതായിട്ടാണ് നാം കാണുന്നത്. അത് ഇത്തരം ശ്രമങ്ങളോട് വിമർശനാത്മകമായ നിലപാടുകൾ ഉണ്ടാവാൻ കാരണമാവുന്നു. ദൈവനിഷേധം, മതനിരപേക്ഷത, നിഹിലിസം തുടങ്ങിയവയുടെ സംഘടിതശക്തികൾ വളർന്നുവരുന്നു. ഈ പശ്ചാത്തലത്തിലാണ്, മനുഷ്യൻ മനുഷ്യനെ വിലകുറച്ചുകാണാൻ അനുവദിക്കാത്ത ഒരു ദൈവികാംശത്തെ വിളിച്ചോതുന്ന തരത്തിൽ ആയിരത്തിനാനൂറ് കൊല്ലങ്ങൾക്കുമുമ്പ് ഇസ്‌ലാം നൽകിയ സംഭാവനകളെ നാം നോക്കിക്കാണേണ്ടത്.

ഒട്ടുമുക്കാലും പടിഞ്ഞാറൻ പ്രചാരണക്കാരുടെയെല്ലാം രചനകളിൽ ഒരാൾ കാണുന്ന നിഗൂഢാത്മകവും ശൂന്യവും സ്വപ്നസദൃശവുമായ ദർശനങ്ങളിൽനിന്ന് വിഭിന്നമായി നീതിസങ്കൽപത്തിന്റെ പരമമായ പ്രാധാന്യത്തിനും യഥാർഥ രൂപത്തിൽ അതിന്റെ അർഥത്തിനും ഊന്നൽനൽകിയ ശേഷം താഴെപ്പറയുന്ന നിരീക്ഷണത്തിൽ ഉൾക്കൊണ്ടിട്ടുള്ള ഒരർഥത്തിൽ നീതി നടപ്പാക്കുന്നതിനു വളരെയേറെ പ്രാധാന്യമുണ്ട്. ഈ സന്ദർഭത്തിൽ നാം പരാമർശിക്കുന്ന ബൃഹത്തും വിശാലവുമായ നീതിസങ്കൽപത്തിന്റെ ഒരു വശം മാത്രമാണ് മനുഷ്യാവകാശങ്ങൾ. മനുഷ്യാവകാശങ്ങളെക്കുറിച്ച് സഗൗരവം ചർച്ച ചെയ്യുമ്പോൾ ഒരുപാട് കാര്യങ്ങൾ കണക്കിലെടുക്കേണ്ടതുണ്ട്. മനുഷ്യാവകാശങ്ങളോളം അമൂർത്തമായി മറ്റൊന്നുമില്ല. പ്രാഥമികമായി മനുഷ്യനെ ഒരു നിശ്ചിത സാമൂഹികപ്രപഞ്ചത്തിൽ നാം കണ്ടെത്തണം. അവന്റെ അവകാശങ്ങളെക്കുറിച്ച് പറയുന്നതിനുമുമ്പ് അവനെ ഒരു പ്രത്യേക സാമ്പത്തിക-രാഷ്ട്രീയ- സാമൂഹിക- സാംസ്കാരിക പശ്ചാത്തലത്തിൽ നിർത്തി നാം നോക്കിക്കാണണം.

ഇസ്‌ലാമിൽ എല്ലാ അവകാശങ്ങളും ദൈവിക നിയമങ്ങളാൽ അനുവദിക്കപ്പെട്ടതാണ്. നമ്മുടെ സഹജീവികളുടെ അവകാശങ്ങൾ നേരിട്ടല്ലെങ്കിലും ദൈവത്തിന്റെ നിയമസംഹിതയിലൂടെ ഉദ്ഭവിച്ചതാണ്. ഈ പ്രഭാഷണത്തിന്റെ മറ്റൊരു ഖണ്ഡത്തിൽ നാം പ്രസ്താവിച്ച ഹുഖൂഖുല്ലാഹി, ഹുഖൂഖുന്നാസി എന്നീ ആശയങ്ങൾ മുസ്‌ലിം സമൂഹത്തിലെ അംഗമായ മറ്റേതൊരു വിശ്വാസിക്കുമെന്നപോലെ ഖലീഫമാർക്കും ബാധകമാണ്. ഖലീഫ ദൈവത്തോട് നേരിട്ട് കണക്കുപറയേണ്ട ആളാണ്. അയാൾക്ക് പ്രത്യേകാവകാശങ്ങളോ പ്രത്യേക പദവിയോ ഇല്ല. കോടതികളിൽ അദ്ദേഹം കണക്കുപറയേണ്ടതുണ്ട്. ഏതൊരു സാധാരണക്കാരനെയുമെന്നപോലെ അദ്ദേഹത്തെയും അവിടെ വിളിക്കപ്പെടാം. ദൈവത്തിന്റെ ഗ്രന്ഥത്തിനും പ്രവാചകചര്യക്കും അനുസൃതമായിരിക്കുമ്പോൾ മാത്രമേ അദ്ദേഹത്തിന്റെ അധികാരം മറ്റുള്ളവർ അംഗീകരിക്കേണ്ടതുള്ളൂ. എല്ലാ അധി

കാരങ്ങളുടേയും ഉറവിടമായ സ്രഷ്ടാവിനോടാണ് അദ്ദേഹത്തിന് ഉത്തരവാദിത്തമുള്ളത്. ഓരോ വിശ്വാസിക്കുമറിയാം, ഖലീഫയുടെ ആജ്ഞ ധിക്കരിക്കുകയും അത്തരം അനുസരണക്കേടുകൾക്കുള്ള ഭൂമിയിലെ ശിക്ഷകളിൽനിന്ന് രക്ഷപ്പെടുകയും ചെയ്താലും വിധിദിനത്തിൽ തന്റെ കണക്കുകൾ പരിശോധിക്കപ്പെടുമ്പോൾ ആ ധിക്കാരങ്ങൾക്ക്, വിശിഷ്യാ, അന്യരുടെ അവകാശങ്ങളെ അപകടപ്പെടുത്തുമാറുള്ള സ്വഭാവത്തിന്റെ വിവിധ വശങ്ങൾക്ക്, ദയാരഹിതമായ കാഠിന്യത്തോടെ ശിക്ഷകളനുഭവിക്കേണ്ടിവരുമെന്ന്. ഈ പറഞ്ഞതിനർഥം മതത്തിൽ കേന്ദ്രീകൃതമായിട്ടുള്ള ഒരു കാഴ്ചപ്പാടിൽ മനുഷ്യന് സ്വന്തമായ യാതൊരവകാശങ്ങളുമില്ലെന്നാണ്. ഏക യാഥാർഥ്യമായ ദൈവമാണ് അവിടെ കേന്ദ്രബിന്ദു. അവന് തന്റെ സ്രഷ്ടാവിനോട് ചുമതലകൾ മാത്രമേയുള്ളൂ. ഈ ചുമതലകൾ അവയുടെ വഴിക്ക് എല്ലാ അവകാശങ്ങൾക്കും അവസരം നൽകുന്നു; അവകാശങ്ങൾ എന്നതുകൊണ്ട് ആധുനികലോകം എന്തൊക്കെ അവകാശങ്ങൾ അർഥമാക്കുന്നുവോ അത്തരം എല്ലാ മനുഷ്യാവകാശങ്ങൾക്കും. വിശ്വാസിക്ക് സ്വീകരിക്കാനുള്ള ഒട്ടേറെ മാർഗനിർദേശങ്ങളാൽ നിർഭരമാണ് ഖുർആൻ. ഖുർആന്റെ ഉദാത്തമായ ധാർമികബോധവും നിയമപരമായ കാഴ്ചപ്പാടുകളും വ്യക്തമാക്കാനുള്ള ഉദാഹരണങ്ങളെന്ന നിലക്ക് ബനീഇസ്രാഈൽ സൂറയിൽനിന്നുള്ള താഴെപ്പറയുന്ന സൂക്തങ്ങൾ ഉദ്ധരിച്ചിരിക്കുന്നു.

സൂക്തം 23: "അവനെ മാത്രമല്ലാതെ (മറ്റാരെയും) നിങ്ങൾ വണങ്ങരുതെന്നും മാതാപിതാക്കളോട് നന്മ ചെയ്യണമെന്നും നിന്റെ നാഥൻ കല്പിച്ചു. അവരിൽ ഒരാൾ അല്ലെങ്കിൽ അവരിരുവരും നിന്റെ ജീവിതകാലത്ത് വാർധക്യം പ്രാപിക്കുന്നുവെങ്കിൽ അവരോട് (പുച്ഛമായി) 'ഛെ' എന്നു (പോലും) നീ പറയരുത്. അവരെ നീ ശകാരിച്ചുവിടുകയും അരുത്. ഇരുവരോടും മാന്യമായ വർത്തമാനം നീ പറയുക."

സൂക്തം 24: "കാരുണ്യത്തിന്റെ ചിറക് ഇരുവർക്കും നീ താഴ്ത്തിക്കൊടുക്കുക. പറയുക: 'എന്റെ രക്ഷിതാവേ! ചെറുപ്പത്തിൽ എന്നെ അവരിരുവരും പോറ്റി വളർത്തിയതുപോലെ ഇരുവർക്കും നീ കരുണ ചെയ്യേണമേ!"

സൂക്തം 25: "നിങ്ങളുടെ അന്തരംഗങ്ങളിലുള്ളതിനെക്കുറിച്ച് നിങ്ങളുടെ രക്ഷിതാവ് ഏറ്റവും നന്നായി അറിയുന്നവനാണ്. നിങ്ങൾ സദ്‌വൃത്തന്മാർ ആയിരുന്നാൽ-തീർച്ചയായും അവങ്കലേക്ക് (പശ്ചാത്തപിച്ചു മടങ്ങുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നവനാണ്."

സൂക്തം 26: "അടുത്ത ബന്ധുവിന് അവന്റെ അവകാശം നല്കുക; ദരിദ്രന്നും വഴി (യാത്ര)ക്കാരന്നും (നല്കുക). ധൂർത്തടിച്ച് (ധനം) ദുർവ്യയം ചെയ്യരുത്."

സൂക്തം 27: "തീർച്ചയായും ദുർവ്യയക്കാർ പിശാചുക്കളുടെ സഹോദരൻമാരാണ്. പിശാച് അവന്റെ രക്ഷിതാവിനോട് നന്ദിയില്ലാത്തവനുമത്രെ."

സൂക്തം 28: "നിന്റെ നാഥനിൽനിന്നും നീ പ്രതീക്ഷിക്കുന്ന കാരുണ്യത്തെത്തേടി നീ അവരെ വിട്ടുപിരിഞ്ഞ് പോകുന്നെങ്കിൽ (തന്നെ)

അവരോട് നീ സൗമ്യമായ (ആശ്വാസ)വാക്കു പറയുക."

സൂക്തം 29: "(ഒരു പിശുക്കനെപ്പോലെ) നിന്റെ കൈ നിന്റെ കഴുത്തോട് തളക്കപ്പെട്ടതാക്കരുത്. മുഴുവൻ നീട്ടിക്കൊണ്ട് (ദുർവ്യയത്തിൽ) അതിനെ തുറന്നിടുകയും അരുത്. അപ്പോൾ അവഹേളിക്കപ്പെട്ട് (പൊട്ടി) തളർന്നു നീ ഇരുന്നുപോകും."

സൂക്തം 30: "തീർച്ചയായും നിന്റെ നാഥൻ ഇഛിക്കുന്നവർക്ക് (ജീവിത) വിഭവത്തെ വിപുലമാക്കിക്കൊടുക്കുകയും, അവന് (അത്) നിയന്ത്രിച്ചു കളയുകയും ചെയ്യുന്നു. തന്റെ ദാസൻമാരെക്കുറിച്ച് തീർച്ചയായും നോട്ടമുള്ളവനും ബോധവാനുമാണ് അവൻ."

സൂക്തം 31 : "ദാരിദ്ര്യഭയത്താൽ നിങ്ങളുടെ സന്താനങ്ങളെ നിങ്ങൾ കൊല്ല രുത്. നാം അവർക്ക് ആഹാരം നൽകുന്നുണ്ട്; (അതുപോലെ) നിങ്ങൾക്കും. തീർച്ചയായും അവരെ കൊലചെയ്യുന്നത് ഒരു മഹാ പാപം ആണ്."

സൂക്തം 32: "വ്യഭിചാരത്തോട് നിങ്ങൾ (അടുക്കുക) പോലും അരുത്. തീർച്ചയായും അത് ഒരു നീച പ്രവൃത്തിയും ചീത്തവഴിയുമത്രെ."

സൂക്തം 33: "നീതി (നടത്തുവാൻ) ആയിട്ടല്ലാതെ അല്ലാഹു വിലക്കിയി ട്ടുള്ള ഒരു ജീവനെ നിങ്ങൾ കൊലചെയ്യരുത്. അക്രമ വിധേയനായി ആര് കൊല്ലപ്പെട്ടുവോ, അപ്പോൾ അവകാശിക്ക് (നഷ്ടപരിഹാരത്തിന്) തീർച്ചയായും അധികാരം നാം നല്കിയിട്ടുണ്ട്. എന്നാൽ, കൊലയിൽ (കൂടി പരിഹാരം തേടുമ്പോഴും) അവൻ അതിരുകവിയാതിരിക്കട്ടെ! തീർച്ചയായും അവൻ (നിയമേന) സഹായിക്കപ്പെടുന്നവനത്രെ."

സൂക്തം 34: "ഏറ്റവും ഉത്തമമായ വിധത്തിലല്ലാതെ അനാഥക്കുട്ടിയുടെ മുതലിനെ നിങ്ങൾ സമീപിക്കരുത്-അവന്റെ പ്രായപൂർത്തി എത്തി ച്ചേരുന്നത് വരെ നിങ്ങൾ കരാറ് പാലിക്കുകയും ചെയ്യുവിൻ. തീർച്ച യായും കരാറു(കളെക്കുറിച്ചു വിധിദിനത്തിൽ) ചോദിക്കപ്പെടുന്ന താണ്."

സൂക്തം 35: "നിങ്ങൾ അളക്കുമ്പോൾ അളവ് നിറച്ചുകൊടുക്കുകയും നേരെ യുള്ള ത്രാസുകൊണ്ട് തൂക്കുകയും ചെയ്യുവിൻ! അത് ഏറ്റവും ഉത്ത മവും അന്ത്യഫലത്തിൽ ഏറ്റവും നല്ലതുമത്രെ."

സൂക്തം 36: "യാതൊന്നിനെക്കുറിച്ച് നിനക്ക് അറിവില്ലയോ, അതിനെ നീ പിന്തുടർന്നുപോകരുത്. തീർച്ചയായും കേൾവി, കാഴ്ച, ഹൃദയം ഇവ യെല്ലാറ്റിനെക്കുറിച്ചും ചോദ്യം ചെയ്യപ്പെടുന്നതാണ്."

സൂക്തം 37: "പൊങ്ങച്ചം (കാട്ടി)ക്കൊണ്ട് നീ ഭൂമിയിൽ നടക്കരുത്. എന്തെ ന്നാൽ, നിന്റെ നടത്തം കൊണ്ട് ഭൂമിയെ നീ പിളർക്കുകയില്ല. ഉയര ത്തിൽ പർവതങ്ങളോട് (ഒപ്പം) നീ എത്തുകയുമില്ല."

സൂക്തം 38: "ഈ സംഗതികളിലോരോന്നിന്റെയും ദൂഷ്യം നിന്റെ രക്ഷി താവിങ്കൽ വെറുക്കപ്പെട്ടതത്രെ."

സൂക്തം 39: "വിജ്ഞാന (തത്ത്വങ്ങ)ളിൽ നിന്നു നിനക്ക് നിന്റെ നാഥൻ പ്രചോദനമരുളിയതിൽപെട്ടതാണ് ഇത്. അല്ലാഹുവിന്റെ കൂടെ മറ്റൊരു

ദൈവത്തെ നീ (കല്പിച്ചു)വയ്ക്കുകയും അരുത്. എങ്കിൽ നീ അവമ തിക്കപ്പെട്ട്, പരിത്യജിക്കപ്പെട്ട്, നരകത്തിലേക്ക് എറിയപ്പെടും."

സൂക്തം 40: "എന്നാൽ (ഹേ! ബഹുദൈവ വിശ്വാസികളേ), നിങ്ങളുടെ നാഥൻ നിങ്ങൾക്ക് ആൺമക്കളെ തിരഞ്ഞെടുത്തുതരികയും, മലക്കു കളിൽനിന്നു പെൺമക്കളെ അവൻ സ്വീകരിച്ചുകൊള്ളുകയുമാണോ? തീർച്ചയായും നിങ്ങൾ ഗുരുതരമായ വാക്കുതന്നെയാണ് പറയുന്നത്!"

നബിയുടെ അവസാനത്തെ പ്രസംഗമായി വിശേഷിപ്പിക്കപ്പെടുന്ന, വിടപറയുന്ന ഹജ്ജിന്റെ അവസരത്തിൽ അദ്ദേഹം നടത്തിയ പ്രസംഗ ത്തിൽ മനുഷ്യാവകാശങ്ങളെക്കുറിച്ചുള്ള ഏറ്റവും നല്ല പരാമർശങ്ങൾ കൂടി കാണാവുന്നതാണ്. പ്രൊഫ. എ. ഗില്ലാം തന്റെ Life of Mohamed എന്ന കൃതിയിൽ മനുഷ്യാവകാശങ്ങളെ പരാമർശിക്കുന്ന പ്രസക്ത ഭാഗം തർജമ ചെയ്തുകൊടുത്തതാണ് താഴെ ചേർത്തിട്ടുള്ളത്.

"തദനന്തരം ദൈവദൂതൻ തന്റെ തീർഥാടനം തുടരുകയും ജനങ്ങൾക്ക് അനുഷ്ഠാനങ്ങൾ കാണിച്ചുകൊടുക്കുകയും അവരെ ഹജ്ജിന്റെ സമ്പ്ര ദായങ്ങൾ പഠിപ്പിക്കുകയും ചെയ്തു. പിന്നീടദ്ദേഹം ചെയ്ത പ്രസംഗത്തിൽ ഏതാനും കാര്യങ്ങൾ വ്യക്തമാക്കി. അദ്ദേഹം ദൈവത്തെ പുകഴ്ത്തുകയും വാഴ്ത്തുകയും ചെയ്തശേഷം പറഞ്ഞു: 'മനുഷ്യരേ, എന്റെ വാക്കുകൾ ശ്രദ്ധിക്കുക. ഈ കൊല്ലത്തിനുശേഷം വീണ്ടും ഈ സ്ഥലത്ത് വെച്ച് ഞാൻ നിങ്ങളെ എപ്പോഴെങ്കിലും കണ്ടുമുട്ടുമോ എന്നെനിക്ക് നിശ്ചയമില്ല. നിങ്ങൾ നിങ്ങളുടെ രക്ഷിതാവുമായി സന്ധിക്കുന്നതുവരെ നിങ്ങളുടെ രക്തവും സമ്പത്തും പവിത്രമാണ്. ഈ ദിവസവും ഈ മാസവും പുണ്യമാക്കപ്പെ ട്ടിരിക്കുന്നു. നിങ്ങൾ തീർച്ചയായും നിങ്ങളുടെ നാഥനുമായി കണ്ടുമുട്ടു കയും അപ്പോൾ അവൻ നിങ്ങളോട് നിങ്ങളുടെ കർമങ്ങളെക്കുറിച്ച് ആരാ യുകയും ചെയ്യും. ആരുടെയെങ്കിലും പക്കൽ ഒരു സൂക്ഷിപ്പ് ധനമുണ്ടെ ങ്കിൽ, അത് തന്നെ ഏല്പിച്ച ആൾക്കുതന്നെ അയാൾ തിരിച്ചുകൊടുക്കട്ടെ. എല്ലാ പലിശകളും റദ്ദാക്കപ്പെട്ടിരിക്കുന്നു. എന്നാലും നിങ്ങളുടെ മുതൽ നിങ്ങളോടു കൂടെയുണ്ട്. അക്രമം ചെയ്യാതിരിക്കുക, എന്നാൽ നിങ്ങൾ അക്രമിക്കപ്പെടുകയില്ല. പലിശ പാടില്ല എന്ന് ദൈവം വിധിച്ചിരിക്കുന്നു. അബ്ബാസുബ്നു അബ്ദിൽ മുത്തലിബിന്റെ പലിശ റദ്ദാക്കിയിരിക്കുന്നു. പ്രാകൃത കാലഘട്ടത്തിലെ രക്തച്ചൊരിച്ചിലുകളെല്ലാം തന്നെ പ്രതികാര മില്ലാതെ വിടേണ്ടിയിരിക്കുന്നു. ഞാൻ റദ്ദാക്കുന്ന ചോരയുടെ മേലുള്ള ആദ്യത്തെ അവകാശം ആമിറുബ്നു റബീഅതബ്നിഹാരിസിബ്നി അബ്ദിൽ മുത്തലിബിന്റെ അവകാശമാണ്. (ബിലേയത്തുകളോട് കൂടെ പോറ്റി വളർത്തപ്പെട്ട അയാളെ ഹുദായി കൊല്ലുകയാണുണ്ടായത്). പ്രാകൃത കാലഘട്ടത്തിലെ ആദ്യത്തെ രക്തച്ചൊരിച്ചിലാണത്. ഞാനാദ്യ മായി കൈകാര്യം ചെയ്യുന്നതും അതു തന്നെയത്രെ.

'നിങ്ങൾക്ക് നിങ്ങളുടെ ഭാര്യമാരുടെ പേരിലും അവർക്ക് നിങ്ങളുടെ പേരിലും ചില അവകാശങ്ങളുണ്ട്. അവർ നിങ്ങളുടെ കിടപ്പറകൾ അവി ശുദ്ധമാക്കാതിരിക്കുകയും തുറന്ന അവലക്ഷണത്തോടെ പെരുമാറാതി

രിക്കുകയും ചെയ്യട്ടെ. അങ്ങനെ ചെയ്താൽ, അവരെ പ്രത്യേക മുറികളിൽ പാർപ്പിക്കാനും കാഠിന്യത്തോടുകൂടിയല്ലാതെ അവരെ അടിക്കാനും ദൈവം നിങ്ങളെ അനുവദിക്കുന്നു. അവർ അക്കാര്യങ്ങളിൽനിന്ന് ഒഴിഞ്ഞു നിന്നാൽ അവർക്ക് അവരുടെ സാധനങ്ങളുടെയും വസ്ത്രങ്ങളുടെയും മേൽ അനുഭാവപൂർവമായ അവകാശങ്ങളുണ്ട്. സ്ത്രീകളുടെ മേൽ വിധിവിലക്കുകളേർപ്പെടുത്തുന്നത് അനുതാപത്തോടെയാവണം. കാരണം, സ്വന്തം ആളുകളുടെമേൽ യാതൊരു നിയന്ത്രണവുമില്ലാത്ത, നിങ്ങളുടെ ആശ്രിതരാണവർ. ദൈവത്തിങ്കൽനിന്നുള്ള ഒരു സൂക്ഷിപ്പായാണ് നിങ്ങളവരെ ഏറ്റെടുത്തത്. ദൈവിക വചനമനുസരിച്ചു തന്നെയാണ് അവരുടെ ശരീരങ്ങളിൽനിന്ന് നിങ്ങൾ ആനന്ദം കണ്ടെത്തേണ്ടതും. അതിനാൽ ജനങ്ങളേ, നിങ്ങൾക്ക് വേണ്ടി ഞാനിപ്പറഞ്ഞ കാര്യങ്ങൾ മനസ്സിലാക്കുക. ഞാനിവിടെ നിങ്ങൾക്ക് വേണ്ടി ചിലതെല്ലാം വിട്ടേച്ചുപോകുന്നു. ദൈവത്തിന്റെ ഗ്രന്ഥവും പ്രവാചകന്റെ ചര്യയും ഒരു തുറന്ന സൂചനയായി നിങ്ങളുടെ മുമ്പിൽ വെച്ചിരിക്കുന്നു. നിങ്ങൾ അവ രണ്ടും മുറുകെപിടിക്കുകയാണെങ്കിൽ ഒരിക്കലും നിങ്ങൾ തെറ്റിലേക്ക് വഴുതിവീഴുകയില്ല. അതിനാൽ, ഞാൻ പറയുന്നത് നന്നായി ശ്രദ്ധിക്കുക.

ഓരോ മുസ്‌ലിമും മറ്റൊരു മുസ്‌ലിമിന്റെ സഹോദരനാണ്. അതിനാൽ, മുസ്‌ലിംകൾ മുഴുവൻ സഹോദരന്മാരാണ്. ഒരു സഹോദരൻ നിങ്ങൾക്ക് സമ്മതത്തോടെ തരുന്നതിൽനിന്ന് എടുത്താൽ മാത്രമേ അത് നിയമവിധേയമാവുകയുള്ളൂ. അതിനാൽ, നിങ്ങൾ തമ്മിൽ അക്രമം ചെയ്യാതിരിക്കുക."

1948-ലെ മനുഷ്യാവകാശങ്ങളെക്കുറിച്ചുള്ള അന്താരാഷ്ട്ര പ്രഖ്യാപനത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള മനുഷ്യാവകാശങ്ങളുടെയും മൗലിക സ്വാതന്ത്ര്യങ്ങളുടെയും സാരാംശത്തെക്കുറിച്ച് പറയുന്നതിനിടയിൽ സയ്യിദ് അബ്ദുൽ ലത്തീഫ് സ്ഥിതിഗതികൾ ഇങ്ങനെ സമാഹരിച്ചിട്ടുണ്ട്:

"ഈ പ്രഖ്യാപനത്തിന് രണ്ട് ലക്ഷ്യങ്ങളാണുള്ളത്. ഒരു വശത്ത് അത് വ്യക്തിയെ ഭൗതിക ഘടന, ധാർമിക വ്യക്തിത്വം, തൊഴിലാളി, ബുദ്ധിയുള്ള ഒരസ്തിത്വം, സമൂഹത്തിലെയും രാഷ്ട്രീയ വ്യവസ്ഥിതിയിലെയും അംഗം എന്നീ നിലകളിൽ വിജയകരമാവുമെന്ന് പറയാവുന്ന സ്വതന്ത്രമായ ജീവിതം നയിക്കാൻ സജ്ജമാക്കുന്നു. മറുവശത്ത് അന്തർദേശീയ സൗഹൃദത്തിനും ലോകസമാധാനത്തിനും തന്റെ സംഭാവനകൾ അർപ്പിക്കാൻ പാകത്തിൽ വ്യക്തിയെ ഒരുക്കിയെടുക്കുന്നതിൽ സഹായിക്കുകയും ചെയ്യുന്നു."

പിന്നീടദ്ദേഹം ഇങ്ങനെ അഭിപ്രായപ്പെടുന്നു: "ഖുർആൻ പഠിക്കുന്ന ഒരാൾക്ക് ഈ പ്രഖ്യാപനത്തിന്റെ മുഖവുരയിലോ ആദർശ ലക്ഷ്യങ്ങളിലോ ഉള്ള ഒരു വാക്കുപോലുമോ പ്രഖ്യാപനത്തിലെ ഒരൊറ്റ ഖണ്ഡിക പോലുമോ പുതിയതായി തോന്നുകയില്ല. മനുഷ്യനെ ദൈവത്തിന്റെ തൊട്ടു താഴെയായി പ്രതിഷ്ഠിക്കുകയും വർഗത്തിന്റെയും വർണത്തിന്റെയും ജനനത്തിന്റെയും എല്ലാ വേർതിരിക്കലുകളെയും ഉന്മൂലനം ചെയ്യുകയും മനുഷ്യസമുദായത്തോട് ദൈവത്തിന്റെ ഒരേ കുടുംബമെന്ന നിലക്ക്, അല്ലെ

ങ്കിൽ ഓരോ അംഗവും മറ്റുള്ള ഓരോരുത്തനെ സംബന്ധിച്ചും ഇടയനെപ്പോലെയായും സമുദായത്തിന്റെ ക്ഷേമത്തിന്റെ കാര്യത്തിൽ ഓരോരുത്തനും കണക്കുപറയേണ്ട വിധത്തിലും, ജീവിക്കുന്ന ഒരു സമൂഹത്തെപ്പോലെ ഒന്നിച്ചുജീവിക്കാനാഹ്വാനം ചെയ്യുകയും ചെയ്ത ഒരു സമൂഹത്തിൽ മനുഷ്യാവകാശങ്ങളെക്കുറിച്ചുള്ള അന്താരാഷ്ട്ര പ്രഖ്യാപനം അടിസ്ഥാനപരമായ ഒരനുസിദ്ധാന്തമോ ഖുർആനിക പദ്ധതികളുടെ വ്യാപ്തവൽക്കരണമോ ആവാനേ തരമുള്ളൂ. ഒരു പ്രഖ്യാപനം കൊണ്ട് മാത്രം മനുഷ്യരാശിയെ വളരെ ദൂരത്തേക്കൊന്നും നയിക്കാൻ കഴിയുകയില്ല. ഖുർആനിക വീക്ഷണത്തിൽ നോക്കുമ്പോൾ തദ്സംബന്ധമായി ധാരാളം ചോദ്യങ്ങൾ നമ്മുടെ ശ്രദ്ധക്ക് വിഷയീഭവിക്കേണ്ടതായുണ്ട്." തുടർന്നദ്ദേഹം താഴെപ്പറയുന്ന ചോദ്യങ്ങൾ ഉന്നയിക്കുന്നു:

ആദ്യമായി ഐക്യരാഷ്ട്രക്കരാറിന്റെയും അതനുസരിച്ച് അംഗീകരിച്ച മനുഷ്യാവകാശ പ്രഖ്യാപനങ്ങളെക്കുറിച്ചുള്ള അന്താരാഷ്ട്ര പ്രഖ്യാപനത്തിന്റെയും പിന്നിലുള്ള ചോദനം എന്താണ്? മറ്റൊരു തരത്തിൽ പറഞ്ഞാൽ മനുഷ്യരാശിയുടെ ആകെയുള്ള നന്മക്കോ താൽപര്യത്തിനോ വേണ്ടിയുള്ള ഒരു പദ്ധതിയാണോ അത്? അതോ ഏതെങ്കിലും രാജ്യത്തിന്റെയോ, അല്ലെങ്കിൽ ഒരു പ്രത്യേക വിഭാഗത്തിൽപ്പെട്ട രാജ്യങ്ങളുടെയോ താൽപര്യങ്ങൾ രക്ഷിക്കാനുള്ള ഒരേർപ്പാടോ?

രണ്ടാമതായി അന്താരാഷ്ട്ര പ്രഖ്യാപനത്തിന്റെ പരിധിയിൽ വരുന്ന അവകാശങ്ങളെ സംബന്ധിച്ചിടത്തോളം ഇന്ന് സംസ്കൃതമെന്നവകാശപ്പെടുന്ന ഏതെങ്കിലുമൊരു രാഷ്ട്രത്തിന് എല്ലാ അവകാശങ്ങളും പരിരക്ഷിക്കപ്പെട്ടിട്ടുണ്ട് എന്നോ ബാക്കിയുള്ളവർക്കുവേണ്ടി എന്തെങ്കിലുമൊരു സംവിധാനം ഉണ്ടാക്കിയിട്ടുണ്ട് എന്നോ ആത്മവിശ്വാസത്തോടുകൂടി ഉറപ്പിച്ചുപറയാൻ കഴിയുമോ? അവ നടപ്പിലാക്കാനുള്ള പ്രാരംഭ നടപടികൾ ഓരോ രാജ്യത്തിന്റെയും ഭരണകൂടത്തിൽനിന്നോ നിയമനിർമാണ സഭകളിൽനിന്നോ വരേണ്ടതാണ് എന്ന് വ്യക്തം. ഈ പ്രഖ്യാപനത്തെ ആദരിക്കുകയും ഇതിലെ വ്യവസ്ഥകളെ നടപ്പിൽ വരുത്തുകയും ചെയ്യാനുള്ള താൽപര്യവും ഉദാത്തമനസ്സുമുള്ള ആളുകളെ ഉന്നത സ്ഥാനങ്ങളിലേറ്റുന്ന ഒന്നാണോ ഓരോ രാജ്യത്തിലേയും രാഷ്ട്രീയ രംഗം?

അവസാനമായി ഈ രണ്ടു രേഖകളും ലക്ഷ്യമാക്കുന്ന ലോകക്രമം ലോകത്തിലെ എല്ലാ രാഷ്ട്രങ്ങൾക്കും സ്വീകാര്യമായ, പൊതുവായ ഉദ്ദേശ്യത്തിനുവേണ്ടി വാദിക്കുന്നു. പക്ഷേ, ഇന്നത്തെ അവസ്ഥയിൽ ലോകം സോവിയറ്റ് റഷ്യയുടേയും അമേരിക്കയുടേയും രണ്ടു ക്യാമ്പുകളിലായി വിഭജിക്കപ്പെട്ടിരിക്കുന്നു എന്നതാണ് പരമാർഥം. ആഗോളാടിസ്ഥാനത്തിലുള്ള ഒരു ക്രമം, അതിന്റെ രൂപമെന്തുമാവട്ടെ, ആദ്യമായി പരസ്പരം സ്പർധ പുലർത്തുന്ന ഈ രണ്ടു ആശയങ്ങളും തമ്മിൽ പൊരുത്തപ്പെടുത്തിക്കൊണ്ടു മാത്രമേ, അല്ലെങ്കിൽ പരസ്പരം സഹകരിക്കാനുള്ള ഒരു സംവിധാനം സൃഷ്ടിച്ചുകൊണ്ട് മാത്രമേ സാധിക്കുകയുള്ളൂ. ഇത്തരമൊരു രാജിയാവൽ സാധ്യമാണോ? (The mind that Al-Quran builds, page- 83

കാണുക).

ഈ വിഷമം പിടിച്ച ചോദ്യങ്ങൾക്ക് സയ്യിദ് അബ്ദുൽലത്തീഫ് ഉത്തരം കണ്ടെത്തുകയും അന്താരാഷ്ട്ര പ്രഖ്യാപനങ്ങളിൽ ഉൾക്കൊള്ളിച്ചിട്ടുള്ള അവകാശങ്ങളുടെ വ്യവസ്ഥകളും ആധുനിക പാശ്ചാത്യ ലോകത്തുള്ള ജനങ്ങളുടെ യഥാർഥ സമ്പ്രദായങ്ങളും തമ്മിൽ ധാരാളം വൈരുധ്യങ്ങളുണ്ടെന്ന തന്റെ അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്യുന്നു. പ്രൊഫ. ഹിറ്റിയുടെ വാക്കുകളിൽ:

"നിർഭാഗ്യവശാൽ ഇക്കഴിഞ്ഞ ഒന്നോ രണ്ടോ ദശാബ്ദങ്ങളിലുണ്ടായിട്ടുള്ള പാശ്ചാത്യ ലോകത്തിന്റെ സ്വാധീനങ്ങൾ മുഴുവനും നല്ലതിനുള്ളതല്ല. പടിഞ്ഞാറൻ മതപ്രചാരകരും അധ്യാപകന്മാരും മിഷനറിമാരും മറ്റും പ്രചരിപ്പിച്ച മാനവികാശയങ്ങളും അമേരിക്കയിലെയും യൂറോപ്പിലെയും രാഷ്ട്രീയക്കാരും യോദ്ധാക്കളും മാനവിക മൂല്യങ്ങളോട് പുലർത്തിയ അനാദരവും തമ്മിൽ ശ്രദ്ധേയമായ വൈരുധ്യമുണ്ട്. വാക്കും പ്രവൃത്തിയും തമ്മിലുള്ള വൈജാത്യമാണത്. സാമ്പത്തികവും ദേശീയവുമായ മൂല്യങ്ങൾക്ക് അമിത പ്രാധാന്യം നല്കലാണത്. ഇക്കഴിഞ്ഞ രണ്ട് യുദ്ധങ്ങളിൽ വികസിതമെന്നു വിളിക്കപ്പെടുന്ന രാഷ്ട്രങ്ങളുടെ പെരുമാറ്റം ചരിത്രത്തിന് ഇന്നോളം അപരിചിതമായ ഒരു മാനദണ്ഡം സൃഷ്ടിച്ചു. തന്റെ ശാസ്ത്രത്തിന്റെയും യന്ത്രവിദ്യയുടെയും ഫലമായുണ്ടാക്കിയതും ലോകത്തിന്റെമേൽ മുഴുവനും സംഹാരഭീഷണിയുയർത്തുന്നതുമായ ഭീകരശക്തികളെ തുറന്നുവിടാനുള്ള പാശ്ചാത്യ മനുഷ്യന്റെ കഴിവ്, അമേരിക്ക, ഇംഗ്ലണ്ട്, ഫ്രാൻസ് തുടങ്ങിയ രാഷ്ട്രങ്ങൾ കൈകാര്യം ചെയ്യുന്ന രീതി- ഇവയെല്ലാം പൗരസ്ത്യ രാഷ്ട്രങ്ങളിലെ ജനങ്ങളിൽ ഒരുതരം മോഹഭംഗം സൃഷ്ടിച്ചിരിക്കുകയാണ്. അവനാണെങ്കിൽ പടിഞ്ഞാറുമായി ഒരുതരം ബുദ്ധിപരമായ വിരോധം സ്ഥാപിച്ചെടുക്കാൻ ശ്രമിക്കുന്നു. പാശ്ചാത്യലോകത്തിന്റെ ഈ നടപടികളാണ് അവരെ പൗരസ്ത്യനിൽനിന്ന് അന്യനാക്കി മാറ്റിനിർത്തുന്നതും പാശ്ചാത്യ മനുഷ്യന്റെ സ്വഭാവത്തിലും സ്വകാര്യജീവിതത്തിലും പൊതുജീവിതത്തിലും സദാചാരത്തിലും പൗരസ്ത്യന്നുള്ള വിശ്വാസത്തെ പിടിച്ചുലക്കുന്നതും."

മനുഷ്യന്റെ ഇന്നത്തെ ചുറ്റുപാടുകളിൽ മനുഷ്യാവകാശങ്ങളെക്കുറിച്ചുള്ള അന്താരാഷ്ട്ര പ്രഖ്യാപനത്തിനുള്ള സ്വാധീനത്തെക്കുറിച്ച് സയ്യിദ് അബ്ദുൽലത്തീഫ് നടത്തിയ വിമർശനാത്മകമായ വിലയിരുത്തലിന്റെ പശ്ചാത്തലത്തിൽ, മനുഷ്യാവകാശങ്ങളെ അംഗീകരിക്കുകയും നടപ്പിൽവരുത്തുകയും ചെയ്യുന്നതിനുള്ള ചുമതലകളെക്കുറിച്ച് ഇസ്‌ലാമിന്റെ അനുയായികളോട് ഇസ്‌ലാം ആജ്ഞാപിച്ച നയങ്ങളുടെ ശ്രേഷ്ഠത പ്രകടമാക്കുന്ന ചില വിശേഷാൽ കാര്യങ്ങൾ കൂടി പ്രസ്താവിക്കേണ്ടത് അത്യാവശ്യമാണ്.

സ്റ്റേറ്റിന്റെയോ അതുപോലെയുള്ള മറ്റേതെങ്കിലും അതോറിറ്റിയുടെയോ നിയമങ്ങളിൽ നിർദേശിച്ചിട്ടുള്ള പെരുമാറ്റ സമ്പ്രദായങ്ങളോടുള്ള യാന്ത്രി

കമായ അനുവൃത്തി മാത്രം മതി ക്രമസമാധാനവും സാർവത്രിക ശാന്തിയും പുലരാൻ എന്ന് പാശ്ചാത്യ ലോകം വിശ്വസിക്കുന്നു. മറ്റൊരു രീതിയിൽ പറഞ്ഞാൽ അവരുടെ സമ്പ്രദായം മനുഷ്യന്റെ ആന്തരിക സാഹചര്യങ്ങളെ ബാഹ്യമായി സ്വാധീനിക്കുകയാണ്. സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവും മറ്റുമായ സ്ഥാപനങ്ങൾക്ക് വ്യക്തിസ്വഭാവത്തെ സ്വാധീനിക്കുന്നതിൽ പങ്കുണ്ട് എന്നവർ വിശ്വസിക്കുന്നു. ഇതൊരു തെറ്റായ സമീപനമാണ്. അടിമകളെ മാത്രമേ അങ്ങനെ കൈകാര്യം ചെയ്യാൻ സാധിക്കുകയുള്ളൂ. സ്വതന്ത്രരായ മനുഷ്യരെ ഒരിക്കലും വയ്യ. മറിച്ച്, ഇസ്‌ലാം ദൈവത്തിന്റെ ശക്തിയുടെ പാരമ്യവും, പ്രപഞ്ചത്തിന്റെ പരമാധികാരിയായ തന്റെ നാഥനോട് തനിക്കുള്ള കടപ്പാടും വിധേയത്വവും അംഗീകരിക്കാൻ മനുഷ്യനോടാവശ്യപ്പെട്ടുകൊണ്ട് ആരംഭിക്കുന്നു; അവസാനമായി തന്റെ ജീവിതത്തെ സ്വയം നിയന്ത്രിക്കാനാവശ്യമായ പെരുമാറ്റ രീതികൾ നിർദേശിക്കുക വഴി അവനെ രക്ഷപ്പെടുത്തുകയും ചെയ്യുന്നു.

പ്രൊഫ. ഡി. ഡെസാന്റിലാനിയുടെ വാക്കുകളിൽ:

“നിയമസംഹിതയുടെ അടിസ്ഥാനതത്ത്വം സമത്വമാണ് എന്ന് പഠിപ്പിക്കുമ്പോൾ മുസ്‌ലിം നീതിശാസ്ത്രജ്ഞരോട് നമുക്ക് യോജിക്കാം. എല്ലാവർക്കും സാധ്യമായ, ന്യായയുക്തമായ സമത്വം സൃഷ്ടിക്കാനുള്ള മനുഷ്യപ്രയത്നത്തിന് ദൈവം ഒരതിർത്തി നിർണയിച്ചിട്ടുണ്ട്. ദൈവത്തിന്റെ ഈ അതിർവരമ്പുകളില്ലാതെ വരുമ്പോൾ സമത്വം വെറും അനുവാദമായി അധഃപതിക്കും. ഈ അനുവാദം ചെയ്യുന്ന ആളിനെയും സാമൂഹ്യവ്യവസ്ഥയെയും ഒരുമിച്ച് നശിപ്പിച്ചേക്കും. മനുഷ്യകർമത്തെ, ചില പ്രവർത്തനങ്ങൾ അനുവദിച്ചുകൊണ്ടും മറ്റു ചിലത് നിരോധിച്ചുകൊണ്ടും അതുവഴി മനുഷ്യന്റെ പ്രാകൃത സ്വാതന്ത്ര്യത്തെ വ്യക്തിക്കോ സമുദായത്തിനോ കഴിയുന്നത്ര ഉപകാരപ്രദമായ രീതിയിൽ രൂപപ്പെടുത്താൻ പാകത്തിൽ, ചില അതിർവരമ്പുകളിലൊതുക്കി നിർത്തുന്ന നിയമങ്ങളെയാണ് ഈ അതിർത്തി എന്ന വാക്കുകൊണ്ട് അർഥമാക്കുന്നത്. രൂപമെന്തായാലും ഈ നിയമങ്ങൾ ഒരേ ലക്ഷ്യത്തിലേക്ക് നീങ്ങുന്നു. പൊതുവായ ശ്രേയസ്സ് (മസ്‌ലഹ) എന്നതാണ് ഈ ലക്ഷ്യം. അതനുസരിച്ച് മൗലികമായി ദൈവികവും വസ്തുതാപരമായി മാനവികവുമായ നിയമങ്ങൾക്ക് മനുഷ്യപുരോഗതിയല്ലാതെ മറ്റൊരു ലക്ഷ്യമില്ല; ഈ ലക്ഷ്യം ഒറ്റ നോട്ടത്തിൽ ഒരുപക്ഷേ വ്യക്തമല്ലെന്നാൽപ്പോലും. കാരണം, താൻ ഏതൊരു ജ്ഞാനത്തിന്റെയും ദയാവായ്പിന്റെയും പരമസ്രോതസ്സായി വർത്തിക്കുന്നുവോ അവയത്രയും പ്രകടമാക്കാത്ത ഒരു കാര്യവും ചെയ്യാനും ദൈവത്തിന് വയ്യ.” (Legacy of Islam എന്ന കൃതിയിൽ ഘമം മിറ ടീരശലേ്യ എന്ന പ്രബന്ധം നോക്കുക.)

ഈ കാഴ്ചപ്പാടിന്റെ സാരാംശം അൽബലദ് സൂറയുടെ അടിസ്ഥാനത്തിൽ നമുക്ക് വ്യക്തമാക്കാം. അതിന്റെ ഇംഗ്ലീഷ് ഭാഷാന്തരമാണ് താഴെ ചേർക്കുന്നത് (അധ്യായം 90).

“പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ തിരുനാമത്തിൽ.

അല്ല! ഈ പട്ടണത്തെക്കൊണ്ട് ഞാൻ സത്യം ചെയ്യുന്നു. നീ ഈ പട്ടണത്തിൽ (നിയന്ത്രണം നടത്താൻ) അനുവദിക്കപ്പെടുന്നതത്രെ. ജനകനും അവൻ ജനിപ്പിച്ച (സന്തതികളും) സത്യം. മനുഷ്യനെ തീർച്ചയായും അധ്വാന ക്ലേശത്തിലേക്ക് നാം സൃഷ്ടിച്ചു. അവന്റെ മേൽ ഒരുവന്നും (നിയന്ത്രണ) ശക്തിയില്ലെന്ന് അവൻ വിചാരിക്കുന്നുണ്ടോ? അവൻ പറയുന്നു: '(മേൽക്കുമേലായി) അധികം ധനം ഞാൻ നശിപ്പിച്ചു'. അവനെ ഒരുവനും കാണുന്നില്ലെന്ന് അവൻ വിചാരിക്കുന്നുണ്ടോ! രണ്ട് കണ്ണുകൾ അവന് നാം ഉണ്ടാക്കിയിട്ടില്ലേ! ഒരു നാവും രണ്ടു ചുണ്ടുകളും. രണ്ടു പെരുവഴികളെയും നാം അവന് കാണിച്ചു കൊടുത്തു. എന്നാൽ (ഉയരത്തിലേക്കുള്ള) മലമ്പാതയിൽ അവൻ സാഹസപ്പെട്ടു കയറുന്നില്ല. (ഉയരത്തിലേക്കുള്ള) മലമ്പാത എന്താണെന്ന് നിനക്ക് മനസ്സിലായിട്ടുണ്ടോ? അടിമയെ മോചിപ്പിക്കുന്നത്, അല്ലെങ്കിൽ വിശപ്പിന്റെ ഒരു ദിനത്തിന് ആഹാരം കൊടുക്കുന്നതാണത്. അടുത്ത ബന്ധമുള്ള അനാഥക്കുട്ടിക്ക്, അല്ലെങ്കിൽ (ദാരിദ്ര്യത്തിന്റെ) പൊടി ഇഴുകിപ്പിടിച്ച പാവപ്പെട്ടവന്, എന്നിട്ട് വിശ്വസിക്കുകയും ക്ഷമയെ അന്യോന്യം അനുശാസിക്കുകയും കരുണയെ അന്യോന്യം ചെയ്യുന്നവരിൽപ്പെട്ട ഒരുവനായിരിക്കുക (എന്നതുമാണ്). ഇവർ വലതു (കൈയുടെ) കൂട്ടരാണ്. നമ്മുടെ സന്ദേശങ്ങളിൽ അവിശ്വസിക്കുന്നവർ- ഇടതു (കൈയുടെ) കൂട്ടരാണ് അവർ. അവർക്കുമീതെ മൂടപ്പെട്ട അഗ്നിയാകുന്നു."

'അൽബലദ്' അഥവാ നഗരം എന്നാണ് ഈ അധ്യായത്തിന്റെ ശീർഷകം. ഈ എഴുത്തുകാരന്റെ അഭിപ്രായത്തിൽ, ഏകദൈവ വിശ്വാസത്തിലധിഷ്ഠിതമായ ഒരു മതത്തിന്റെ വളർച്ചയുടെ പശ്ചാത്തലത്തിൽ പൊതുജനാവകാശങ്ങൾ എന്ന വിഷയത്തിന്മേലുള്ള വിജ്ഞാനത്തിന്റെ അന്തസ്സത്ത മുഴുവനും ഇതുൾക്കൊള്ളുന്നു. അധ്യായം ആരംഭിക്കുന്ന നഗരം എന്ന വാക്കുകൊണ്ടുദ്ദേശിക്കുന്നത് മക്ക എന്നാണ്. ഇസ്‌ലാമിന്റെ പ്രവാചകന്റെ ആഗമനത്തിന് ആയിരം കൊല്ലങ്ങൾക്കുമുമ്പ് ഹദ്റത്ത് ഇബ്റാഹീം (അ) താൻ തന്റെ പിന്തുടർച്ചക്കാരിൽ ഒരു വിഭാഗത്തെ വിട്ടേച്ചുപോയ ആ മരുഭൂമിയിൽ ഒരു നഗരം സൃഷ്ടിക്കപ്പെടണേ എന്നും (അധ്യായം 14, സൂക്തം 37) അവരുടെ ഇടയിലൂടെ ഒരു പ്രവാചകനെ ഉയർത്തണേ എന്നും (അധ്യായം 12, സൂക്തം 129) പ്രാർഥിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ പിൻഗാമികളിലൊരാളായ ഇസ്‌ലാമിന്റെ പ്രവാചകനിലൂടെ ഈ പ്രാർഥനക്ക് ഉത്തരം നല്കപ്പെട്ടശേഷം മനുഷ്യന് നല്കപ്പെട്ട അവകാശ പ്രഖ്യാപനത്തിന്റെ സ്വഭാവമുൾക്കൊള്ളുന്ന ഒന്നാണ് ഈ സൂക്തം. ഇത് നഗരത്തിന്റെ സ്രഷ്ടാവിനുള്ള ഒരു സൂചനയാണ്. അതേ നഗരത്തിൽത്തന്നെയുള്ള ആശങ്കകളിൽനിന്നും നിരാശകളിൽനിന്നും നഗരത്തെ രക്ഷിക്കാൻ ഒരു പ്രവാചകൻ പ്രത്യക്ഷപ്പെടുന്നതുവരെ അദ്ദേഹത്തിന്റെ സന്താനപരമ്പര കഠിനാധ്വാനത്തിന്റെ ഏതൊരു പാതയിലൂടെയാണോ കടന്നുപോരേണ്ടത് ആ പാതയാണിത്. സെമിറ്റിക് സംസ്കാരത്തിന്റെ ജനിപൂർണതകളുടെ പ്രദേശമായ മക്കയിൽ അതിന് ആകപ്പാടെയുള്ള കാലഘട്ടത്തിലേക്ക്, അബ്രഹാമിൽനിന്ന് മുഹമ്മദിലേക്കുള്ള മനുഷ്യന്റെയും

മതത്തിന്റെയും പരിണാമത്തിലേക്ക്, അത് ശ്രദ്ധതിരിക്കുന്നു.

മനുഷ്യൻ ബുദ്ധിമുട്ടുകളെ അഭിമുഖീകരിക്കാൻ വേണ്ടി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. ഈ ബുദ്ധിമുട്ടുകളെ അതിജയിക്കാനും ജീവിതത്തിൽ അഭിമുഖീകരിക്കുന്ന പരീക്ഷണങ്ങളെ സഹനശക്തിയോടുകൂടി നേരിടാനും അവനെ സഹായിക്കാൻ അവന്റെ ചെയ്തികളെ മുകളിൽ നിന്നു നോക്കിക്കാണുന്ന ഏതോ ഒരു ശക്തിയുണ്ട് എന്ന് അവൻ എന്നും ഓർമിപ്പിക്കപ്പെടുന്നു. എല്ലായ്പ്പോഴും അവനെ നിരീക്ഷിച്ചുകൊണ്ടിരിക്കുന്ന അവന്റെ നാഥനും രക്ഷിതാവുമാണ് ഈ ശക്തി. മനുഷ്യന് കാഴ്ചശക്തി നൽകിയിട്ടുണ്ട്. സംസാരശക്തി (നാവ്) നൽകിയിട്ടുണ്ട്. രണ്ടു ചുണ്ടുകളാൽ ആ നാവിനെ നിയന്ത്രിക്കാനുള്ള ശേഷി നൽകിയിട്ടുണ്ട്. നാവിന് ഉച്ചരിക്കാൻ പറ്റാത്ത പല ചിന്താഗതികളുമുണ്ടാകും. ഒരിക്കലതുച്ചരിച്ചു കഴിഞ്ഞാൽ, അതിന്റെ പ്രത്യാഘാതങ്ങളിൽനിന്ന് രക്ഷപ്പെടാൻ യാതൊരു വഴിയുമില്ല. ഇവയിലൂടെയെല്ലാം മനുഷ്യന് നല്കപ്പെട്ടിട്ടുള്ള ദൈവാനുഗ്രഹത്തെപ്പറ്റി ഈ അധ്യായം വീണ്ടും വീണ്ടും എണ്ണിപ്പറയുന്നു. മനുഷ്യന് വ്യക്തമായ രണ്ടു വഴികൾ ചൂണ്ടിക്കാണിച്ചു കൊടുക്കപ്പെട്ടിട്ടുണ്ട്. സത്യത്തിന്റെയോ അസത്യത്തിന്റെയോ മാർഗം തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം അവന്റേതാണ്. അവന് നന്മചെയ്യുന്ന ആളോ തിന്മചെയ്യുന്ന ആളോ ആയിത്തീരാം. സാധ്യമായ ഈ തിരഞ്ഞെടുപ്പിൽ നന്മയുടെ പാത സത്യത്തോട് ചേർന്നുനിൽക്കുകയും സൽക്കർമങ്ങൾ ചെയ്യുകയും ചെയ്യുക എന്ന കാര്യം ഉൾക്കൊള്ളുന്നു. ഇതാണ് ഏറ്റവും ഉദാത്തമായ കർമം. ഒരു വിശ്വാസിക്ക് ചെയ്യാവുന്ന ഏറ്റവും ഉൽകൃഷ്ടമായ കർമം ഒരടിമയെ മോചിപ്പിക്കുക എന്നതാണ്. ശാരീരികമായ സ്വാതന്ത്ര്യം മാത്രമല്ല ഇതുകൊണ്ടർഥമാക്കുന്നത്. മറ്റു മനുഷ്യരിൽ നിന്നു മാത്രമല്ല, സ്വന്തം അധമത്വത്തിൽ നിന്നുപോലുമുള്ള ധാർമികവും മാനസികവും ആത്മീയവുമായ സ്വാതന്ത്ര്യമാണത്. അടിമയെ മോചിപ്പിക്കുക എന്ന ഈ പ്രയോഗം ഉൾക്കൊള്ളുന്നത് അനിവാര്യമായതിൽനിന്നുള്ള ഈ സ്വാതന്ത്ര്യമാണ്. എല്ലാ തരത്തിലുമുള്ള വിധേയത്വങ്ങളിൽ നിന്നും മനുഷ്യന് ഇത് സ്വാതന്ത്ര്യം നേടിക്കൊടുക്കുന്നു. വിശപ്പിൽ നിന്നു മോചിപ്പിച്ചുകൊണ്ട് അവൻ വിശക്കുന്ന അനാഥന് ഭക്ഷണം നൽകണം, മണ്ണിൽ കിടക്കുന്നവനായി വിശേഷിപ്പിക്കപ്പെട്ട ദരിദ്രനെ സഹായിക്കണം. അടിമയെ മോചിപ്പിക്കുക, അനാഥരെയും, ആരാലും ശ്രദ്ധിക്കപ്പെടാത്തവരെയും അരക്ഷിതരെയും സഹായിക്കുക, സാമ്പത്തികമായി നോക്കുമ്പോൾ നിർധനരെന്നു തോന്നുന്നവരെയും ഏറ്റവും താഴ്ന്ന പടിയിൽ നിൽക്കുന്നവരെയും സഹായിക്കുക. ഇതെല്ലാം സാമൂഹ്യ ബാധ്യതകളാണ്. ഇതിനെല്ലാറ്റിനും പുറമേ വിശ്വസിക്കുന്നതും മറ്റുള്ളവരെ ക്ഷമയെക്കുറിച്ചും കാരുണ്യത്തെക്കുറിച്ചും ഉദ്ബോധിപ്പിക്കുന്നതും ബാധ്യതയാണ്. അഗോചരമായതിൽ മനുഷ്യൻ വിശ്വസിക്കേണ്ടതുണ്ട്. എല്ലാ പ്രവാചകന്മാരിലും അവൻ വിശ്വസിക്കണം. എല്ലാ ദൈവദൂതന്മാരിലും വിശ്വസിക്കണം. ഖുർആനിനു മുമ്പുണ്ടായിരുന്നതടക്കം എല്ലാ അവതീർണ ഗ്രന്ഥങ്ങളിലും വിശ്വസിക്കണം. തന്റെ

സ്രഷ്ടാവായ ദൈവത്തിലേക്കാണ് മനുഷ്യന്റെ അവസാനത്തെ മടങ്ങിപ്പോക്ക്. കണക്ക് ബോധിപ്പിക്കാനുള്ള അവന്റെ ബാധ്യത പരമമാണ്. ജീവിതത്തിലെ പരീക്ഷണങ്ങളും വിചാരണകളും അഭിമുഖീകരിക്കുമ്പോൾ ഒരു വിശ്വാസി ക്ഷമാശീലനും അന്യരോട് കാരുണ്യവും അനുതാപവും കാണിക്കാൻ പ്രാർഥിക്കുന്നവനുമായിരിക്കണമെന്ന് അനുശാസിക്കപ്പെട്ടിട്ടുണ്ട്. ഈ ജീവിതരീതി സ്വീകരിക്കുകയും തിരഞ്ഞെടുക്കാനുള്ള തങ്ങളുടെ അധികാരം ദൈവിക നിയമത്തിലെ വ്യവസ്ഥകൾക്കനുസരിച്ച് ഉപയോഗപ്പെടുത്തുകയും ചെയ്യുന്നവരാണ് വലതുകൈയുടെ ആളുകളായി പ്രഖ്യാപിക്കപ്പെട്ടവർ. അവിശ്വാസികൾ ഇടതുകൈയുടെ ആളുകളായി വിശേഷിപ്പിക്കപ്പെട്ടിരിക്കുന്നു. ഈ വേർതിരിക്കൽ മർമപ്രധാനമാണ്.

ഇസ്‌ലാം മനുഷ്യന് മനുഷ്യസ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ഒരവകാശപ്രഖ്യാപനം നല്കുന്നു. അതേസമയംതന്നെ തന്റെ ഉത്തരവാദിത്ത ബോധത്തെക്കുറിച്ചും വിധേയത്വത്തെക്കുറിച്ചും ബോധവാനാകേണ്ട ആവശ്യകതയിൽ ഊന്നൽ നല്കുകയും ചെയ്യുന്നു. മതവിശ്വാസത്തിന്റെയും ആചാരങ്ങളുടെയും ആദിരൂപങ്ങളിൽ മനുഷ്യസ്വഭാവത്തെ ക്രമപ്പെടുത്താനുള്ള അനുശാസനങ്ങൾ പരമമായ കല്പനകളായിരുന്നു. ഉദാ: മോശെയുടെ നിയമത്തിലെ പത്തു കല്പനകൾ. അത്തരം അവസരങ്ങളിൽ, നിയമാനുസൃതമായി ഒരു വിശ്വാസി പെരുമാറുകയാണെങ്കിൽ, വിശ്വാസിയുടെ ആ അനുസരണം പരിപൂർണമായിരുന്നു. നിയമത്തോടുള്ള യാന്ത്രികമായ അനുസരണംപോലും മതിയായിരുന്നു. പക്ഷേ, ഖുർആൻ ഫുർഖാൻ കൂടിയാണ്. അതായത്, മനുഷ്യന് സാധ്യമായ വിവേചനാധികാരവും വകതിരിവും നൽകുന്ന ഒരു ഗ്രന്ഥമാണ്. ആ ഗ്രന്ഥത്തിൽ ഒരു സ്വതന്ത്ര ഏജന്റ് എന്ന നിലയിൽ തനിക്കു മുമ്പിൽ തുറന്നിട്ട സ്വഭാവരീതികളുടെ രൂപരേഖ വരക്കുകയും ഔന്നത്യത്തിലേക്ക് വിഷമംപിടിച്ച പാത തിരഞ്ഞെടുക്കാനാഹ്വാനം ചെയ്യുകയും ചെയ്യുന്നു. സത്യത്തോടു ചേർന്നു നിൽക്കുന്ന ശരിയുടെ പാത അവൻ തെരഞ്ഞെടുക്കേണ്ടതുണ്ട്. എല്ലാ അസമത്വങ്ങൾക്കുമെതിരായി അവൻ ഉറച്ചുനിൽക്കേണ്ടതുണ്ട്. ഇസ്‌ലാം വിശ്വാസിയെ തന്റെ സഹോദരന്റെ സൂക്ഷിപ്പുകാരനാക്കിയിരിക്കുന്നു; വിശേഷിച്ചും ആ സഹോദരൻ നിരാശ്രയനും ആരാലും ശ്രദ്ധിക്കപ്പെടാത്തവനും അരക്ഷിതനുമായിരിക്കുമ്പോൾ. ശരിയായ വിശ്വാസമില്ലാത്തതിനാൽ ശരിയായ സ്വഭാവരീതികളുണ്ടാവുകയില്ല. എന്നതുകൊണ്ട് വിശ്വസിക്കാൻ ചുമതലപ്പെടുത്തുക വഴി അതവന്റെ ഉത്തരവാദിത്വ മണ്ഡലത്തെ വിസ്തൃതമാക്കുന്നു. ഖുർആനിൽ അവതീർണമായ ദൈവിക വചനത്തിലൂടെ അവന് പഠിപ്പിച്ച ശരിയായ വിശ്വാസത്തിൽ തന്റെ സ്വഭാവത്തിന്റെ അടിത്തറ സ്ഥാപിക്കുവാൻ അവനോടാവശ്യപ്പെട്ടിരിക്കുന്നു. ഭൂമിയിൽ തനിക്കുള്ള ജീവിതം അവസാനിക്കുന്നതുവരെ തന്റെ സഹജീവികളെ സഹനശക്തിയും അനുകമ്പയും പുലർത്തിക്കൊണ്ട് ക്ഷമയുടെ മാർഗത്തിലേക്ക് ക്ഷണിക്കുന്ന ഉത്സാഹശാലിയായ ഒരു കുരിശുയുദ്ധക്കാരനാവുക വഴി ഇസ്‌ലാമിന്റെ മാർഗത്തിൽ ഒരു പ്രബോധകനാവാൻ അവനോടാഹ്വാനം

ചെയ്യപ്പെട്ടിരിക്കുന്നു. ഇങ്ങനെയൊക്കെ അയാൾ ചെയ്തുവെങ്കിൽ അയാൾ ശരിയായ രീതിയിൽ മാർഗദർശനം ചെയ്യപ്പെട്ടവനാണ്. ഇതിന് അദ്ദേഹത്തിന് പരലോകജീവിതത്തിൽ മതിയായ പ്രതിഫലം ലഭിക്കുകയും ചെയ്യും. ആ ജീവിതമാണ് ഇഹലോക ജീവിതവുമായി തട്ടിച്ചുനോക്കുമ്പോൾ യഥാർഥം. ഈ ജീവിതം വരാനിരിക്കുന്ന ജീവിതത്തിനു വേണ്ടി വിത്തൊരുക്കുന്ന സ്ഥലം മാത്രമാണ്. വരാനിരിക്കുന്ന ജീവിതമാണ് കൂടുതൽ മെച്ചവും ശാശ്വതവും. ഈ ജീവിതമാകട്ടെ, ആ ജീവിതത്തിൽ പ്രതിഫലം ലഭിക്കുന്നതിനുള്ള ഒരവസരം നമുക്ക് നല്കുക മാത്രമാണ് ചെയ്യുന്നത്. ഭൂമിയിലെ ജീവിതം നൽകുന്ന ഈ അവസരങ്ങളെ ശരിയായി ഉപയോഗപ്പെടുത്തുകയാണെങ്കിൽ ഒരു വിശ്വാസിക്ക് ഈ ജീവിതത്തിൽ വിജയം നേടാനും ഒപ്പംതന്നെ വരാനിരിക്കുന്ന ശാശ്വതമായ ജീവിതത്തിൽ മതിയായ പ്രതിഫലനങ്ങൾ കരസ്ഥമാക്കാനും കഴിയും.

ഖുർആൻ സൂക്ഷ്മമായി പഠിക്കുമ്പോൾ ലഭിക്കുന്ന ആശയാധിഷ്ഠിതമായ ഒരു സംവിധാനത്തിൽ മനുഷ്യനെ കേന്ദ്രീകരിക്കുമ്പോൾ, മനുഷ്യന്റെ സ്ഥാനം നോക്കിക്കാണേണ്ടത് ഒരു പൂർത്തീകരിക്കേണ്ട ഉൽപ്പന്നം എന്ന നിലക്കല്ല. മാറിക്കൊണ്ടിരിക്കുന്ന അസ്തിത്വം എന്ന നിലക്കാണ്. ഒരു പരിവർത്തന ദശയിലാണവൻ എന്നുവേണം കണക്കാക്കാൻ. ഒരു ദിവസം എല്ലാമവസാനിപ്പിച്ചുകൊണ്ട് അവന്റെ മരണം സംഭവിക്കുന്നു. ഈ ഇടക്കാല സമയത്ത്, തന്റെ സത്തയുടെ ഉൽകൃഷ്ട മേഖലകളിലെത്താൻ സഹായകമായ മാർഗങ്ങൾ സ്വയം കണ്ടെത്താൻ അവന് സാധ്യമല്ല തന്നെ. താൻ ഏതൊരു ഉന്നതമായ അവസ്ഥയിൽ എത്തിച്ചേരാൻ വിധിക്കപ്പെട്ടിരിക്കുന്നുവോ ആ പരമമായ അവസ്ഥയെക്കുറിച്ചുള്ള വ്യക്തമായ ഒരാശയം മാറിക്കൊണ്ടിരിക്കുന്ന ഒരു ജൈവഘടനക്കും ഉണ്ടാവാൻ സാധ്യമല്ല. അശുദ്ധമായ വളം വലിച്ചെടുത്തു വളരുന്നതും വളർച്ചയുടെ ഒരു ഘട്ടത്തിൽ ഇലകളും കാണ്ഡവും മുള്ളും മാത്രമായുള്ളതുമായ റോസാച്ചെടിയിൽ ഒരു ദിവസം ഒരു ചുവന്ന റോസാപ്പൂ വിരിയുമെന്ന് ആർക്കും ധാരണാവഹമായി പ്രവചിക്കുക വയ്യ. ഒരവസ്ഥയിലും ചെടിക്ക് ഇതറിയുവാൻ കഴിയുകയില്ല. വിചിത്രമായ വസ്തുത എന്താണെന്നാൽ അശുദ്ധമായ വളം വലിച്ചെടുത്തു വളരുന്ന ഒന്ന് അവസാനം പരിണാമ പ്രക്രിയയിൽ തന്റെ പൂക്കളിലൂടെ പ്രസരിക്കുന്ന സുഗന്ധത്താൽ പരിമളം സൃഷ്ടിക്കുന്നു. ചെടി മണ്ണിൽ വേരുറപ്പിച്ചിട്ടുള്ളതും അനങ്ങാൻ കഴിയാത്തതുമാണെങ്കിലും, ഈ അദ്ഭുതം സംഭവിക്കുമ്പോൾ തന്റെ കേന്ദ്രസ്ഥാനത്തുനിന്ന് ഫർലോങ്ങുകൾ ദൂരത്തെത്തുന്ന സുഗന്ധം സൃഷ്ടിക്കുകയും വളരെ അകലത്ത് നിൽക്കുന്ന മനുഷ്യരെപ്പോലും പൂവിന്റെ അസ്തിത്വം അറിയിക്കുകയും ചെയ്യുന്നു. അനാവശ്യമായി വളരുന്ന ഇലകളും കൊമ്പുകളും മറ്റും വെട്ടിമാറ്റുന്ന തോട്ടക്കാരൻ ഇലകളുടെ എണ്ണം കുറക്കാനും കൂടുതൽ നല്ല പുഷ്പങ്ങൾ വിരിയിക്കാനും ചെടിയിൽ അന്തർലീനമായിട്ടുള്ള ശക്തി വർധിപ്പിക്കാനുമാണ് ശ്രമിക്കുന്നത്. വിശ്വാസിയുടെ ജീവിതത്തിൽ ഈ വെട്ടിമാറ്റൽ പ്രക്രിയയെ തഖ്‌വയോടുപമിക്കാം. തന്നിലുള്ള

ജൈവവാസനകളെ മുഴുവനുമുപേക്ഷിക്കാൻ അവനോടാവശ്യപ്പെടുന്നില്ല. മറിച്ച്, അവനൊരു ആത്മനിയന്ത്രണം സമ്പാദിക്കേണ്ടതായുണ്ട്. അങ്ങനെ വരുമ്പോൾ അവനിലുള്ള ഊർജം ഒരിക്കലും അവന്റെ അസ്തിത്വത്തിന്റെ മൃഗീയതലത്തിൽ ചെലവഴിക്കപ്പെടുകയില്ല. മറിച്ച്, മരണത്തിന്റെ കെടുതികളെ അതിജയിക്കാനും കൂടുതൽ ഉൽകൃഷ്ടവും കൂടുതൽ മെച്ചപ്പെട്ടതുമായ നിതാന്ത ജീവിതത്തിന്റെ പ്രതിഫലങ്ങളെ ആശ്രയിക്കാനും അവന് കഴിവ് നൽകുന്ന അസ്തിത്വത്തിന്റെ ഉന്നത രൂപങ്ങളിലേക്ക് രൂപാന്തരപ്പെടുത്തുകയും ചെയ്യും. മനുഷ്യനെ കേന്ദ്രമാക്കിയിട്ടുള്ള ഒരു പരിപ്രേക്ഷ്യത്തിലൂടെ നോക്കുമ്പോൾ പാശ്ചാത്യചിന്തകർ മനുഷ്യാവകാശങ്ങൾ വ്യക്തിയെ സ്റ്റേറ്റിന്റെ ഭീഷണമായ അധികാരശക്തിയുടെ അതിക്രമങ്ങളിൽ നിന്ന് രക്ഷിക്കുന്നതിനുള്ള അനുയോജ്യമായ മാർഗങ്ങളിൽ കവിഞ്ഞ് മറ്റൊന്നുമല്ലെന്ന് കരുതുന്നു. ഈ അതിക്രമങ്ങൾ മൃഗീയ ഭൂരിപക്ഷത്തിന്റെ നിയമനിർമാണാധികാരങ്ങൾ ഉപയോഗിച്ചുകൊണ്ട് മനുഷ്യന്റെ വ്യക്തിവികാസത്തിനുള്ള സാധ്യതകളെ നിഷേധിക്കുന്ന നീതിയില്ലാത്ത നിയമങ്ങൾ അടിച്ചേൽപിക്കുന്നവയാണ്. മറുവശത്ത് ഇസ്‌ലാം ഈ അവകാശങ്ങൾ ക്രമപ്പെടുത്തുന്നു; നിർവചിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ നിയമങ്ങളും അവസാന പ്രവാചകന്റെ ചര്യകളും അനുസരിക്കാനുള്ള ഒരു മാനസികാവസ്ഥ വിശ്വാസികളിൽ സൃഷ്ടിച്ചുകൊണ്ടും ദൈവനിയമങ്ങളും പ്രവാചക ചര്യയും സ്വയം അനുസരിക്കാൻ നിർബന്ധിതമായ സൃഷ്ടിക്കപ്പെട്ട അധികാരകേന്ദ്രങ്ങളെ അനുസരിച്ചു കാണിച്ചുകൊണ്ടുമാണിത് സാധിക്കുന്നത്. ഇസ്‌ലാം മനുഷ്യന്റെ കാര്യങ്ങൾ ദൈവഗ്രന്ഥവും പ്രവാചകചര്യയുമനുസരിച്ച് നടത്തുന്നു. ഈ അവകാശങ്ങളെ ഉറപ്പിക്കുന്നത് മനുഷ്യന് ഭൂമിയിൽ ജീവിക്കുന്ന ഒരു വ്യക്തി എന്ന നിലക്കുള്ള വളർച്ചക്ക് സാധ്യമായ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിൽ അവനെ സഹായിക്കാൻ വേണ്ടി മാത്രമല്ല. മറിച്ച്, ബാഹ്യമായും ആന്തരികമായും ദൈവിക നിയമങ്ങളെ, അതായത്, സ്രഷ്ടാവിന് മാത്രം മനുഷ്യന്റെ മേൽ ചുമത്താൻ യോഗ്യതയുള്ള നിയമങ്ങളെ അനുസരിക്കാൻ പാകത്തിൽ അവന്റെ സ്വഭാവം രൂപപ്പെടുത്താൻ കൂടി അവനെ സഹായിക്കാനാണ്. ഈ ദൈവികനിയമങ്ങളനുസരിച്ച് ജീവിക്കുമ്പോൾ മനുഷ്യൻ സ്വതന്ത്രനാവാൻ പഠിക്കുന്നു. ഇസ്‌ലാം അവതീർണ മതങ്ങളുടെ കാലഘട്ടം അവസാനിപ്പിക്കുന്നു. ഇനിയൊരു പ്രവാചകൻ വരാനില്ലെന്നും ഇനി മനുഷ്യന് തരണംചെയ്യാനുള്ള പാത നേരെയാണെന്നും ഈ പാത തിരഞ്ഞെടുക്കുന്നതിനുള്ള മതിയായ മാർഗദർശനം വിശുദ്ധഗ്രന്ഥം ഉൾക്കൊള്ളുന്നുവെന്നും പ്രസ്താവിച്ചുകൊണ്ട് ഇസ്‌ലാം മനുഷ്യനെ സ്വതന്ത്രനായി പ്രഖ്യാപിക്കുന്നു. അതിനാൽ, ഇനിയൊരു തിരഞ്ഞെടുപ്പ് നടത്തേണ്ടത് അവനാണ്. തന്റെ തിരഞ്ഞെടുപ്പ് അനുസരിച്ച് ആ പാത ഒന്നുകിൽ അവനെ സ്വർഗത്തിലേക്ക് നയിക്കും; അല്ലെങ്കിൽ നരകത്തിലേക്ക്.........

❑

# മനുഷ്യാവകാശങ്ങൾ ഇസ്‌ലാമിൽ

എ.കെ. ബ്രോഹി

വിശ്വാസ പ്രമാണങ്ങളുടെ കെട്ടുറപ്പിലും നിയമങ്ങളുടെ നീതിനിഷ്ഠയിലും ഊന്നി മനുഷ്യാവകാശങ്ങൾ എങ്ങനെ ഇസ്‌ലാം സംരക്ഷിച്ചുവെന്ന് വിശദമാക്കുന്ന കൃതി. ഇസ്‌ലാമിന്റെ വിശാലമായ നീതിസങ്കൽപങ്ങളെക്കുറിച്ചും, മനുഷ്യാവകാശങ്ങളെക്കുറിച്ചുള്ള നിയമശാസ്ത്ര സിദ്ധാന്തങ്ങൾക്ക് ഇസ്‌ലാം നൽകിയ സംഭാവനകളെക്കുറിച്ചും ഈ കൃതിയിൽ വായിക്കാം. ഓറിയന്റലിസ്റ്റുകളായ ഗോയിറ്റിന്റെയും ഷാഷറ്റിന്റെയും വ്യാഖ്യാനങ്ങളെ സയുക്തികം നിരൂപണം ചെയ്യുന്ന നിബന്ധം. ലോക പ്രശസ്ത അഭിഭാഷകനും നിയമവിദഗ്ധനുമായിരുന്ന എ.കെ. ബ്രോഹി പാകിസ്താൻ ഗവൺമെന്റിൽ മന്ത്രിസ്ഥാനമടക്കം നിരവധി ഔദ്യോഗിക പദവികൾ വഹിച്ച വ്യക്തിയാണ്.

വിവ. എ.പി. കുഞ്ഞാമു

വില: 20.00

ISBN 81-8271-058-8

ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസ്

കോഴിക്കോട് തിരുവനന്തപുരം എറണാകുളം തൃശൂർ

MAI